# നേതൃത്വം
# വഴിയും
# വേതകളും

ടോ. ജോസ്

P93/AN41

# നേതൃത്വം: വഴിയും വേരുകളും

ഗ്രന്ഥകർത്താവ്

ടോം ജോസ് അങ്കമാലി

DHARMARAM COLLEGE
LIBRARY
BANGALORE-29

വിതരണം

പ്രകാശം ബുക്ക് ഹൗസ്
അങ്കമാലി

വില. ക. 10.00

DHARMARAM COLLEGE LIBRARY
Ac. No. 79604
(Malayalam) P93/AN41

**NETHRUTHAM: Vazhiyum Verukalum**

**Tom Jose, Angamaly**

First Published March 1982

Printed at St. Martin Press Angamaly

*Copy right*

**TOM JOSE**

**Price Rs. 10**

Cover design Sr. Ligouri C. S. N.

Publishers

Popular publications,

Angamaly

*Distributors :*

Prakasam Book House

Angamaly P. O.

683572

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | 5 |
| പ്രസംഗകല | 6 |
| നേതൃത്വം — ഒരു കലയും ശാസ്ത്രവും | 28 |
| ആരാണു് നേതാവ്? | 29 |
| എന്താണു് നേതൃത്വം? | 31 |
| അനശ്വരനേതാവാകണമെങ്കിൽ | 32 |
| നേതാക്കളാവുന്നവിധം | 34 |
| സംഘാടകർ | 37 |
| സംഘടനാസംസ്കാരം | 38 |
| നേതാവിന്റെ ഗുണങ്ങൾ | 39 |
| എല്ലാ തുറയിലും നേതാക്കൾ | 49 |
| പരിശീലനവും അവസരങ്ങളും | 50 |
| സിദ്ധിയും സാധനയും | 52 |
| സംഘാതചർച്ച | 57 |
| ക്യാമ്പ് ജീവിതം | 60 |
| ക്യാമ്പ് നിർദ്ദേശങ്ങൾ | 65 |
| പ്രോഗ്രാം എവല്യൂഷൻ ഓർഗനൈസർ | 69 |
| വിജയം എവിടെനിന്നു് വരുന്നു?. | 71 |
| ക്യാമ്പുകൊണ്ടുള്ള നേട്ടങ്ങൾ | 88 |
| ഉപസംഹാരം | 94 |

## ടോം ജോസിൻെറ കൃതികൾ

അറിവാണ് ശക്തി

കലയും ജീവിതവും

കാവ്യത്തിൻെറ ഭിന്നമുഖങ്ങൾ

കാവ്യം: സത്യവും സൗന്ദര്യവും

നേതൃത്വം : ഒരു കലയും ശാസ്ത്രവും

ക്രിസ്തുവിലേക്ക് വളരുക.

സിദ്ധാന്തവും പ്രയോഗവും.

പ്രസംഗകലയും നേതൃത്വപരിശീലനവും

ഗ്രന്ഥശാലകൾ

പ്രസംഗകല

സംഘാടകർക്ക് ഒരു മാർഗ്ഗരേഖ.

കെ. സി. എസ്സ്. എലും ലീഡർഷിപ്പ് ക്യാമ്പും

വിചാരവിപ്ലവം

# അവതാരിക

നമ്മുടെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ ഉളവായിക്കൊണ്ടിരിക്കുന്ന സങ്കീർണ്ണമായ പ്രതിസന്ധികളെക്കുറിച്ചു ചിന്താശീലർ മിഴിച്ചു നില്ക്കുന്ന കാലഘട്ടമാണിതു്. എല്ലാപ്രശ്നത്തിനും പരിഹാരം കാണാൻ നേതാക്കന്മാർ ഉദയം ചെയ്യുന്നു. അവർ വിവിധങ്ങളായ പരിപാടികൾ ആവിഷ്ക്കരിക്കുന്നു. ചുവരെഴുത്തു്, ജാഥ, യോഗം, ധർണ, ഘരാവോ, പന്തംകൊളുത്തി പ്രകടനം, ബോംബുണ്ടാക്കൽ, അതിൻെറ പ്രയോഗം എന്നിവയെല്ലാം പരിപാടിയിൽ പെടുന്നു. ഈ പ്രക്രിയയിൽക്കൂടി കടന്നു പോകുന്ന അനുയായികൾ സ്വയം ചിന്തിയ്ക്കാൻ കഴിയുന്നവരല്ല. കഴിയുന്നവരാണെങ്കിൽ തന്നെ ചിന്തിക്കാൻ സമയമില്ല. അല്ലെങ്കിൽ അവരെ ചിന്തിക്കാൻ നേതൃത്വം അനുവദിക്കാറില്ല. പോത്തുകളെ ആട്ടിക്കൊണ്ടു പോകുന്നതുപോലെ അനുയായികളെ പിന്തുടരുവാൻ പ്രേരിപ്പിക്കുന്ന ഇന്നത്തെ സമൂഹപശ്ചാത്തലത്തിൽ, നേതാക്കന്മാരുടെ ഗുണവൈശിഷ്ട്യമാണു് ജനതയുടെ ശക്തി ദൗർബല്യങ്ങൾക്കു് അടിസ്ഥാനം എന്നു് സുവിദിതമാകുന്നു.

No bad followers, only bad leaders (അനുയായികൾ ഒരിക്കലും ചീത്തയല്ല, അവക്കു നേതൃത്വം നല്കുന്നവരാണു് അവരെ വഴിതെററിക്കുന്നതു് എന്ന അഭിജ്ഞവാക്യം തീരഞ്ഞും വസ്തുതയാണു്.

നമ്മുടെ സാമൂഹിക പരിതസ്ഥിതിയിൽ ജനങ്ങളെ നയിക്കാൻ ലക്ഷ്യബോധമുള്ളവരും സമത്ഥരുമായ നേതാക്കന്മാർ അനിവാര്യമാണു്. നമ്മുടെ കൊച്ചുഗ്രാമപ്രദേശം മുതൽ അന്താരാഷ്ട്രമണ്ഡലംവരെ ഇതു അനിവാര്യ

മാണ്. അതുകൊണ്ടാണ് ലോകത്തിലെ എല്ലാ വികസിത സാഹിത്യത്തിലും നേതൃത്വത്തെക്കുറിച്ചു പ്രാമാണിക ഗ്രന്ഥങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഭാരതീയ ഭാഷകളിൽ ഇത്തരം ഗ്രന്ഥങ്ങൾ അധികം ഉണ്ടെന്നു തോന്നുന്നില്ല.

നേതൃത്വത്തെപ്പററിയുള്ള പഠനങ്ങൾ മലയാള ഭാഷയിൽ വിരലിലെണ്ണാൻ മാത്രമേയുള്ളൂ. അവയിൽ പലതുകൊണ്ടും ശ്രദ്ധേയമാണ് "നേതൃത്വം, വഴിയും വേരുകളും" വെറുതെ കസേരയിലിരുന്നു അടിസ്ഥാനഗ്രന്ഥങ്ങൾ വായിച്ചു തയ്യാറാക്കിയതല്ല പ്രകൃതഗ്രന്ഥം. മറിച്ചു അനവധി ക്യാമ്പുകളും ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ച് അതിൽ നിന്നെല്ലാം ലഭിച്ച അനുഭവസമ്പത്തിൽ നിന്നു പുടപാകം ചെയ്തെടുത്ത ആശയങ്ങളാണ് ഈ ഗ്രന്ഥത്തിലേത്. വെട്ടും തിരുത്തും ഏറെക്കഴിഞ്ഞിട്ടുണ്ടെന്നർത്ഥം.

മററുഭാഷകളിൽ പ്രകാശിതമായ ആശയങ്ങൾ മലയാളത്തിലാക്കുകയാണ് ശാസ്ത്രീയഗ്രന്ഥങ്ങൾ രചിക്കുന്ന നമ്മുടെ ഗ്രന്ഥകാരന്മാർ പലപ്പോഴും ചെയ്യാറ്. അതുകൊണ്ടുതന്നെ ആശയങ്ങൾക്ക് വേണ്ടത്ര മിഴിവുലഭിക്കാറില്ല. ക്ലിഷ്ടത ഏറെ കൂട്ടുകയും ചെയ്യും. വിജ്ഞാനം സ്വന്തം മനസ്സിൻേറയും വ്യക്തിത്വത്തിൻേറയും ഭാഗമായിത്തീരാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

തത്വങ്ങൾ പലതും പകർത്തിവെയ്ക്കാൻ എളുപ്പമാണ്; എന്നാൽ പ്രായോഗികമാക്കുമ്പോഴാണ് അവയിൽ പലതും പരാജയപ്പെടുന്നത്. "ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ."

ജീവിതത്തിൽ പ്രായോഗികമാക്കിയ കാര്യങ്ങൾ വാക്കുകളായി വന്നു വീഴുമ്പോൾ അതിൻേറതായ പ്രത്യേകത ഉണ്ട്. നേതൃത്വം ജീവിതശൈലിയാക്കി മാററിയ ഒരാളാണ് ശ്രീ ടോം ജോസ്. പ്രായോഗികതയിൽനിന്നു ഉയിരെടുത്ത ആ വാക്കുകൾക്ക് സാരള്യവും സുഗന്ധവും ഉണ്ട്. അതുതന്നെയാണ് ഈ ഗ്രന്ഥത്തിൻെറ മുഖമുദ്ര.

നേതാക്കന്മാർ എന്നു പറയുമ്പോൾ വലിയ വലിയ പദവിയിൽ ഇരിക്കുന്നവരേയും മഹാജാഥകൾ നയിക്കുന്ന വരേയുമാണ് നാം പെട്ടെന്നു ഓത്തു പോകുക. ചെറുതും വലുതുമായ അവസരങ്ങളെ നേരിടാൻ നേതാക്കന്മാരെ ആവശ്യമുണ്ട്. അവസരത്തിനൊത്തുയരാൻ കഴിയുന്നവരാണ് നേതാക്കന്മാർ. അവസരങ്ങൾ വളരെ നിസ്സാരങ്ങളും അഗണ്യങ്ങളും ആയിരിക്കാം. അങ്ങനെയുള്ള അവസരങ്ങളെ എത്തിപ്പിടിക്കാൻ സമൂഹത്തിൽ കരുത്തുററ വ്യക്തികൾ ഉണ്ടാകുമ്പോൾ മാത്രമേ സമൂഹം വേണ്ടവിധം ചലിക്കു. ഒരു സമ്മേളനം സംഘടിപ്പിക്കുന്നതുതന്നെ ഉദാഹരണമാക്കാം. അതിനു സ്ഥലം സജ്ജമാക്കണം, പരിപാടി തയ്യാറാക്കണം, പ്രസംഗിക്കാൻ പററിയ ആളുകൾ വേണം, മൈക്ക് കസേര എന്നിവ ഉണ്ടാകണം, ഇവയുടെ എല്ലാം ഉത്തരവാദിത്വം ഓരോരുത്തർ ഏല്ക്കുകയും അതെല്ലാം സമത്ഥമായി ചെയ്തു തീക്കുകയും ചെയ്യുമ്പോൾ സമ്മേളനം ഉജ്ജ്വലത്തായി കലാശിക്കും. ഏററ ആരെങ്കിലും ഒരാൾ പ്രവത്തനത്തിൽ മന്ദത വരുത്തുന്നു എങ്കിൽ ആകെ പരിപാടി ക്ഷീണമായെന്നുവരും. ഇതു സമ്മേളനത്തെക്കുറിച്ചു മാത്രമല്ല മറെറല്ലാക്കാര്യത്തെക്കുറിച്ചും പ്രസക്തമാണ്. ഒരു യന്ത്രത്തിൻെറ ഒരു ചെറിയൊരാണി നഷ്ടപ്പെട്ടാൽ യന്ത്രം പ്രവത്തനരഹിതമാവും. യുദ്ധരംഗത്തു പടപൊരുതിയ ദശരഥരാജാവിനെ വഹിച്ചിരുന്ന രഥത്തിൻെറ ആണിനഷ്ടപ്പെട്ടപ്പോഴാണല്ലോ കൈകേയി സ്വന്തം വിരൽ അച്ചുതണ്ടിൽ കടത്തി രഥം മുന്നോട്ടു നയിച്ചതു്. അത്തരമൊരു സാഹസത്തിനു കൈകേയിമുതിന്നില്ലായിരുന്നുവെങ്കിൽ യുദ്ധത്തിൻെറ ഗതിതന്നെ വേറൊന്ന് ആകുമായിരുന്നു. അങ്ങനെ ആകുമ്പോൾ കൈകേ

യിക്കു് സ്വന്തം മകനു വേണ്ടി വാശിപിടിക്കാൻ അർഹത ഇല്ലാതാകുമായിരുന്നു. ദശരഥരാജാവിനു മാനസികസംഘർഷം ഒഴിവാകുമായിരുന്നു. രാജ്യഭരണത്തിന്റെ ചുക്കാൻ മററാരാളുടെ കയ്യിൽ പതിക്കുമായിരുന്നു. സംഭവങ്ങളും അതിന്റെ കൈകാര്യരീതിയും വ്യത്യസ്തമാകും. അപ്പോഠം അവസരത്തിനൊത്തു വ്യക്തികഠം ഉയരുമ്പോഴാണു് ചരിത്രംതന്നെ ഉരുത്തിരിയുന്നതു്.

ഇതെല്ലാം വ്യക്തമാക്കുന്നതു് ജീവിതത്തിലെ ഓരോ നിമിഷത്തിലും നാം അവസരങ്ങഠം കണ്ടെത്തുകയും അവസരങ്ങഠം ഉപയോഗപ്പെടുത്തുകയും ചെയ്യണം എന്നാണു്. അതിനുള്ള പ്രേരണ ഈ ഗ്രന്ഥത്തിന്റെ അനുവാചകനു ലഭിക്കുന്നതിൽ തക്കമില്ല. ആ വിധത്തിൽ ഈ ഗ്രന്ഥം അത്യന്തം ഉപകാരപ്രദമാണെന്നു സൂചിപ്പിച്ചുകൊള്ളട്ടെ.

നേതാക്കന്മാരെ വാർത്തെടുക്കാൻ ആഗ്രഹിക്കുന്നവക്കു് കരുത്തുററ മാർഗ്ഗദർശി എന്നനിലയിൽ ഏറെ ഉപകാരപ്രദമാണീഗ്രന്ഥം. ക്യാമ്പു്, സെമിനാർ, പഠനക്കളരി, സംഘടന എന്നിവ നടത്തുന്നതിനു ആവശ്യാവശ്യകമായ കാര്യങ്ങഠം ഉഠംക്കൊള്ളുന്ന മാനുവൽ ആണിതു്. നേതൃത്വത്തിലേയ്ക്കു് പറന്നുയരാൻ മോഹിക്കുന്ന ഇളം തലമുറയ്ക്കു ചിറകുകഠം മുളപ്പിക്കാനും സഹായകരമാണു് വഴിയും വേരുകളും ചികഞ്ഞെത്തുന്ന പ്രകൃതഗ്രന്ഥം.

അങ്കമാലി

ജെ. തച്ചിൽ
എഡിററർ അമ്മ

മാർച്ചു്, 1982

# പ്രസംഗകല

വാക്കാണു് ഏററവും വലിയ ആയുധം. വാക്കുകൊണ്ടാണു് ലോകത്തെ കീഴടക്കി ഭരിക്കുവാൻ കഴിയുക. പരിവർത്തനത്തിനു് വാക്കുകളാണു് കളമൊരുക്കൽ നടത്തുന്നതു്. ഉചിതമായ വാക്കുകൾ ശക്തിപൂർവ്വം പ്രയോഗിച്ചാൽ ഏതു സഹൃദയനേയും ഇളക്കാം.

നാക്കുള്ളവനു് നാട്ടിൽ പാതി, നാക്കുള്ളവനെ തൂക്കുകയില്ല – എന്നീ ചൊല്ലുകൾ അത്ഥഗർഭിതങ്ങളാണു്. നല്ല മയക്കുമരുന്നുകളാണു് വീര്യമുള്ള വാക്കുകൾ.

പ്രസംഗനൈപുണ്യമുള്ളവൻ സമുന്നതസ്ഥാനത്തേയ്ക്കു് അതിവേഗം കുതിച്ചുയരും. പ്രസംഗനൈപുണ്യം ഒരുവനെ കരുത്തനാക്കുന്നു. അവൻ കഴിവും കാര്യശേഷിയും ഉള്ളവനാണെന്ന ബോധം ജനങ്ങൾക്കു് ഉണ്ടാകും.

പ്രസംഗകനു് "വ്യക്തിപ്രതിഭ" കൂടിയുണ്ടെങ്കിലോ? അയാൾ ജനങ്ങളുടെ ആരാധ്യപുരുഷനുമാകും.

നല്ല പ്രസംഗകനു് ഏതു സമൂഹത്തിലും പ്രാമാണികമായ ഒരു സ്ഥാനം ലഭിക്കും. അയാളെ എല്ലാവരും ആദരപൂർവ്വം സ്വാഗതം ചെയ്യും. പ്രസംഗകൻെറ സാന്നിദ്ധ്യം ഭദ്രതയുടെ അച്ചാരംതന്നെയായി ഗണിക്കപ്പെടുന്നു.

തനതായ വാഗ്‌വിലാസത്തോടെ സരസമായും തന്മയത്തമായും, ശക്തിയായും യുക്തിപൂർവ്വം പ്രസംഗിച്ചാൽ ഏതു സദസ്സിനേയും ഇളക്കാം.

പ്രസംഗിക്കുക എന്നു പറഞ്ഞാൽ പ്രേരിപ്പിക്കുക എന്നാണത്ഥം. പ്രസഗംത്തെ പ്രേരണയുടെ കലയെന്നാണു്

– The Act of Persuasion – അരിസ്റ്റോട്ടൽ നിർവ്വചിച്ചിട്ടുള്ളത്. അദ്ദേഹത്തിൻെറ "റെട്ടറിക്" (RHETORICA) എന്ന ഗ്രന്ഥത്തിലാണ് പ്രഭാഷണകലയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്.

വാക്കുകൾ ഔചിത്യപൂർവ്വം പ്രയോഗിച്ച് ശ്രോതാക്കളെ രസിപ്പിച്ച്, അവരെ ഉണത്തി, ആവേശഭരിതരാക്കി, അവരെ കർമ്മശൂരന്മാരാക്കും നല്ല പ്രസംഗകൻ. പൊതുജനത്തിൻെറ വീക്ഷണഗതിയിൽ നിമിഷംകൊണ്ട് വലിയ മാററം വരുത്തുവാൻ പ്രഗല്ഭനായ ഒരു പ്രസംഗകന് കഴിയും. പ്രസംഗംവഴി പ്രവൃത്തിയിലേയ്ക്ക് കുതിച്ചുചാടുവാൻ ജനത്തിന് ശക്തി പകരും, നല്ല പ്രസംഗകൻ. ഇലക്ട്രിസിററിയിൽനിന്ന് ലഭിക്കുന്ന ഊർജ്ജംവഴി എൻജിൻ, പ്രവർത്തിക്കുന്നതുപോലെ, മനുഷ്യനാകുന്ന എൻജിൻ പ്രസംഗമാകുന്ന വൈദ്യുതിയാൽ പ്രവർത്തനനിരതമാകും. മനുഷ്യക്ക് ചൂട്ടും വെളിച്ചവും ആവേശവും പകർന്നു കൊടുക്കുവാൻ സമത്ഥനായ ഏതു വാക്ഭടനും കഴിയും.

പ്രസംഗം പ്രേരണാപൂർവ്വമായ നിവേദനമാണെന്നതിനു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാം.

മാർക്കു് ആൻറണിയുടെ പ്രസംഗത്തിൻെറ പ്രത്യാഘാതം എത്ര വലുതായിരുന്നു.

ഡെമോസ്ഥനീസിൻെറ പ്രസംഗങ്ങൾ ഗ്രീക്കു ജനതയെ തട്ടിയുണർത്തി. അവർ കർത്തവ്യബോധമുള്ളവരായി.

രണ്ടാംലോകമഹായുദ്ധകാലത്തു് ഞെട്ടിവിറച്ചുപോയ ബ്രിട്ടീഷ് ജനതയെ വിൻസ്റ്റൻ ചർച്ചിൽ പ്രസംഗംവഴി ശക്തരാക്കി, ജനത ആത്മവിശ്വാസം വീണ്ടെടുത്തു. എന്നിട്ടവർ പൊരുതി. അവർ വിജയക്കൊടി പാറിച്ചു.

ഒന്നാം ലോകമഹായുദ്ധംവഴി തകർന്നടിഞ്ഞ ജമ്മൻ ജനതയ്ക്കു് പുതുജീവൻ നല്കിയത് ഹിററ്ലറിൻെറ പ്രസംഗങ്ങളായിരുന്നു.

അടിമത്തത്തിൽ കിടന്ന ഭാരതീയ ജനതയെ ഗാന്ധിജി പ്രസംഗംവഴി പ്രബുദ്ധരാക്കി. നെഹ്റുവിൻെറ, ഗാന്ധിജിയുടെ, ഗോഖലെയുടെ, ആസാദിൻെറ പ്രസംഗങ്ങൾവഴി ഇൻഡ്യൻ ജനത സ്വാതന്ത്ര്യത്തിലേയ്ക്ക് മാർച്ചു ചെയ്തു.

സമർത്ഥനായ പ്രസംഗകനായിരുന്നു എബ്രാഹം ലിങ്കൺ. അദ്ദേഹത്തിൻെറ ഗിററിസ്ബർഗ് പ്രസംഗം ലോകപ്രസിദ്ധമാണല്ലോ.

## എല്ലാ മണ്ഡലങ്ങളിലും

പ്രസംഗകലയുടെ സ്വാധീനം തിരയടിയ്ക്കാത്ത ജീവിതമണ്ഡലങ്ങൾ ഇന്ന് ഇല്ല. ജീവിതത്തിൻെറ ഏതു തുറയിൽ ജയിയ്ക്കണമെങ്കിലും പ്രഭാഷണസാമർത്ഥ്യം കൂടിയേ കഴിയൂ.

വാക്കുകൾ സമർത്ഥമാം വണ്ണം വിനിയോഗിക്കുവാൻ കഴിയുന്നവനെ ഐശ്വര്യദേവത അനുഗ്രഹിക്കും. കച്ചവടക്കാരൻ മുതൽ മന്ത്രിവരെ ഇന്നു നാക്കുകൊണ്ടാണ് ജീവിക്കുന്നതു്. അദ്ധ്യാപകൻ, വക്കീൽ, എം. എൽ. എ, മന്ത്രി, മെത്രാൻ, നേതാവ്, ഭരണാധികാരി എന്നു വേണ്ട എല്ലാവർക്കും പ്രഭാഷണവൈദഗ്ദ്ധ്യം അനുപേക്ഷണീയമാണ്.

പ്രചരണത്തിൻെറ ഈ യുഗത്തിൽ പ്രസംഗത്തിനുള്ളതുപോലെ സ്വാധീനം മററൊന്നിനുമില്ല. സിനിമ, റേഡിയോ, നാടകം, പത്രം എന്നിവയേക്കാളെല്ലാം പ്രസംഗത്തിനാണ് ശക്തി. ഇന്ത്യയിൽ പ്രത്യേകിച്ചും.– ഇവിടെ മഹാഭൂരിപക്ഷം ആളുകളും ദരിദ്രരാണല്ലോ. (അറുപതു ശതമാനം ഇൻഡ്യാക്കാർ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്). മഹാഭൂരിപക്ഷവും നിരക്ഷരരും (70 ശതമാനം ആളുകൾക്ക് ഇൻഡ്യയിൽ എഴുത്തും വായനയും അറിഞ്ഞുകൂടാ).

## പ്രസംഗ പരിശീലനകളരി

പ്രസംഗകരുടെ ആദ്യത്തെ പരിശീലനക്യാമ്പ് ഗ്രീസിലാണുണ്ടായതു് – അതും ബി. സി. അഞ്ചാം ശതകത്തിൽ. അക്കാലത്തു് പ്രസംഗം പഠിപ്പിക്കുന്ന, പരിശീലനം നൽകുന്ന വിദ്യാലയങ്ങൾ അവിടെ ഉണ്ടായിരുന്നു.

അവിടങ്ങളിൽ ജനാധിപത്യ ഭരണരീതിയായിരുന്നു ഉണ്ടായിരുന്നതും. ജനാധിപത്യഭരണക്രമത്തിൽ വാഗ്മികൾക്കു് മുൻതൂക്കം ലഭിയ്ക്കും. അവർ ജനതയെ നിയന്ത്രിക്കും. ജനകീയ ഭരണസമ്പ്രദായം നിലനിൽക്കുന്ന രാജ്യങ്ങളിൽ വാളിനല്ല, വാക്കിനാവും സ്ഥാനം. പൊതുജനത്തെ പഠിപ്പിക്കുകയും, നയിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നതു് വാഗ്മികളാവും. പ്രസംഗകർ ജനങ്ങളുടെ ആരാധനാപാത്രങ്ങളുമാകും. പൊതുജനം അവരെയാണല്ലോ അറിയുന്നതു്. അറിയാത്ത ദേവനെ ആരും പൂജിക്കുകയില്ല. അവരുടെ കീർത്തി പിന്നീടുള്ള അവരുടെ വിജയത്തിനു് അച്ചാരമായി മാറുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ജനാധിപത്യ യുഗത്തിൽ നേതൃത്വം വേണമെങ്കിൽ പ്രസംഗകല സ്വായത്തമാക്കിയിരിക്കണമെന്നർത്ഥം. പൊതുജീവിതത്തിൽ പ്രസംഗത്തിനു വലിയ സ്ഥാനം ഉണ്ടു്. പ്രസംഗസാമർത്ഥ്യമുള്ളവർ ഉന്നത പദവികൾ അലങ്കരിക്കും. അധികാരവും കീർത്തിയും ജനസ്വാധീനവും അവർ നേടിയെടുക്കും. രാഷ്ട്രത്തെ കർത്തവ്യങ്ങളിലേക്കും ധീരതയിലേക്കും പ്രഭാഷണം വഴി അവർ നയിക്കും. 'പ്രഭാഷണം' മഹാശക്തികളിലൊന്നായിത്തീർന്നിരിക്കുന്നു. പ്രസംഗകൻ ഒരു പൗവ്വർ ഹൗസാണു്.

## പ്രസംഗകല

ഒരു വ്യക്തിയിൽ നിന്നു് മററൊരാളിലേയ്ക്കു് ഭാഷയുടെ മാധ്യമത്തിലൂടെ പ്രഭാഷണം മുഖേന ചിന്തയും വികാരവും കൈമാറുന്ന പ്രക്രിയയ്ക്കാണു പ്രസംഗം എന്നു പറയു

ന്നതു്. ഹൃദയസംവാദമാണിവിടെ നടക്കുന്നതു്. നടക്കേണ്ടതും. ഒരുവൻെറ ഹൃദയത്തിൻെറ വികാരവിചാരങ്ങഠം അപരനിലേക്കു പകരുന്നതിനാണല്ലോ ഹൃദയസംവാദം എന്നു പറയുന്നതു്. പ്രസംഗംവഴി അതുണ്ടാകണം. ഭാഷയുടേയും ഭാവത്തിൻെറയും ആംഗ്യത്തിൻെറയും സഹായത്താൽ ഇതു നടക്കണം.

ഹൃദയസംവാദംവഴി മനുഷ്യമനസ്സിനു് ആനന്ദം ലഭിക്കുന്നു. മനുഷ്യമനസ്സിനു് ആനന്ദം നൽകുന്നതിനെ കലയെന്നു വിശേഷിപ്പിക്കും. ആ നിലയിൽ പ്രസംഗവും ഒരു കലതന്നെ.

മററു് കലാവിദ്യകളിൽവെച്ച ഏററവും കൂടുതൽ പ്രചരണമൂല്യം ഈ കലക്കാണുതാനും.

വാക്യങ്ങളാണു പ്രസംഗത്തിൻെറ ശരീരം; ചിന്തയാണതിൻെറ ആത്മാവ്. പ്രസംഗകൻെറ ഉദ്ദേശ്യം തൻെറ ഉള്ളിലുള്ള ആശയാദർശങ്ങളെ മററുള്ളവരിലേക്കു പകന്നു് അതുവഴി അവരിൽ സ്വാധീനം ചെലുത്തി, തങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങഠംക്കനുസരണമായ വിധത്തിൽ അവരുടെ ഹൃദയങ്ങളെ സംസ്കരിച്ചു്, പരിഷ്കരിച്ചു് അവരെ കർമ്മപ്രബുദ്ധരാക്കും നല്ല പ്രസംഗകൻ. ആശയങ്ങഠംക്കു് ചിറകുകഠം നൽകും, വാഗ്ഭടന്മാർ.

## ഡെമോസ്തനീസ്

പ്രഭാഷണകലയുടെ കലപതി ഡെമോസ്തനീസ് ആണു്. അരിസ്റ്റോട്ടൽ അവതരിപ്പിച്ച പ്രഭാഷണ തത്വങ്ങളെ ഏററവും വിദഗ്ദ്ധമായി അവതരിപ്പിച്ചു, ഡെമോസ്തനീസ്.

ദീർഘദൃഷ്ടിയുള്ള ഒരു നേതാവും, കറയററ ദേശഭക്തനും സമത്ഥനായ സംഘാടകനും ആയ ഡെമോസ്തനീസിനെ നേതൃത്വനിരയിലേക്കു് അതിവേഗം ഉയത്തിയതു് അദ്ദേഹത്തിൻെറ പ്രസംഗചാതുര്യമാണു്. പ്രഭാഷണപാടവം

കൊണ്ടു ആർക്കും നേതൃത്വത്തിലേക്കു് ഉയരാം. മററു് കഴിവുകരം ഉണ്ടെങ്കിൽ സംഘടനയുടെ നായകസ്ഥാനം ലഭിക്കും. ഭരണസാമർത്ഥ്യം ഉണ്ടെങ്കിൽ ഭരണാധികാരിയും ആകാം.

രണ്ടു നൂററാണ്ടുകരംക്കുശേഷം ഡെമോസ്തനീസിനു തുല്യനായ മറെറാരു പ്രഭാഷകൻ ഉണ്ടായി – സിസറോ; പ്രസംഗസാമർത്ഥ്യംകൊണ്ടാണു് ഈ റോമാക്കാരൻ നേതൃത്വത്തിലേക്കു കുതിച്ചുയർന്നതു്. എന്നാലും ഡെമോസ്തനീസിനെത്തന്നെയാണു ചരിത്രകാരന്മാർ പ്രഭാഷണകലയുടെ രാജാവായി വിശേഷിപ്പിക്കുന്നതു്. എന്തുകൊണ്ടു്? അതിനിതാണുത്തരം:-

സിസറോ പ്രസംഗിക്കുമ്പോരം ആളുകരം രസിക്കും; ആവേശംകൊള്ളും; ഇളകിമറിയും; പ്രസംഗം കഴിയുമ്പോരം ശ്രോതാക്കരം അവരവരുടെവീടുകളിലേക്കു മടങ്ങും.

മറിച്ചു് ഡെമോസ്തനീസിൻെറ പ്രസംഗം കേരംക്കുമ്പോരം ആളുകരം ഇളകിമറിയുമെന്നുതന്നെയല്ല, കർമ്മപ്രബുദ്ധരാവുക കൂടി ചെയ്യും. അവർ ഡെമോസ്തനീസ് പറഞ്ഞ പ്രവൃത്തികരം ചെയ്യുവാനായിട്ടുപോകും.

പ്രസംഗിക്കുക എന്നു് പറഞ്ഞാൽ പ്രേരിപ്പിക്കുക എന്നാണർത്ഥമാകുന്നതെങ്കിൽ ഡെമോസ്തനീസ് പ്രഭാഷണകലയുടെ കുലപതിയായതിൻെറ രഹസ്യം ആർക്കാണു് മനസ്സിലാകാതെ പോവുക.

## മൂന്നുഘടകങ്ങൾ

പ്രസംഗകലയ്ക്കു് മൂന്നു് ഘടകങ്ങളാണുള്ളതു് – പ്രസംഗകൻ, വിഷയം, ശ്രോതാവ്.

ആകർഷകമായ വ്യക്തിത്വമുള്ളവനാവണം പ്രസംഗകൻ. വസ്ത്രധാരണത്തിൽ പ്രസംഗകനു് ശ്രദ്ധവേണം. ശാരീരികസൗന്ദര്യത്തിനു് വസ്ത്രം കൂടിയേ കഴിയൂ. വൃത്തി

യായും മാന്യമായും വസ്ത്രം ധരിച്ചു വരണം പ്രസംഗകൻ. ശുചിത്വം ഉള്ളതാവണം വസ്ത്രം; സഭ്യത കാക്കണം. വേഷം കെട്ടി സ്റ്റേജിൽ വരരുത്.

വിഷയത്തിൻെറ നാനാവശങ്ങളെപ്പററി പഠിച്ചിരിക്കണം. എന്തുപറയണം, എത്രമാത്രം പറയണമെന്നു് മുൻകൂട്ടി നിശ്ചയിച്ചിരിക്കണം, വാഗ്മി.

ശ്രോതാക്കളുടെ മാനസിക നിലവാരം, സാംസ്കാരിക രാഷ്ട്രീയ – മതാത്മക മനോഭാവം, ഏകദേശം–മനസ്സിലാക്കിയിരിക്കുന്നതു് നന്നു്.

ആരു്, എപ്പോഠം, എവിടെ, ആരോടു്, എന്തിനു വേണ്ടി, എന്തിനെപ്പററി എത്രസമയം എങ്ങിനെ പ്രസംഗിക്കണമെന്നതിനെക്കുറിച്ചു് ഒരു രൂപരേഖ പ്രസംഗകൻെറ മനസ്സിൽ, പ്രസംഗിക്കുവാൻ തുടങ്ങുന്നതിനുമുമ്പ് ഉണ്ടായിരിക്കണം.

## ഇരുതലമൂർച്ച

വാക്കുകഠം അറക്കവാളുപോലെയാണു്. വാക്കുകളുടെ സഹായത്താൽ നടത്തുന്ന പ്രസംഗമോ? ഇരു ഭാഗവും മൂർച്ചയുള്ള ആയുധംപോലെ പ്രയോജനപ്പെടും. അർത്ഥം മനസ്സിലാക്കി, വാക്കുകഠം പ്രയോഗിക്കണം; സ്ഥലകാലബോധം വേണം പ്രസംഗകനു്. സന്ദർഭത്തിനനുസരിച്ചേ പ്രസംഗിക്കാവൂ; ഔചിത്യം ആണു് ഏറെ പ്രധാനം. അല്ലെങ്കിൽ പൂച്ചെണ്ടിനു പിറകെ കല്ലേറു് കൊള്ളേണ്ടിയും വരും.

## സിദ്ധിയും സാധനയും

പ്രസംഗകനു് സിദ്ധിയും സാധനയും- വാസനയും പരിശീലനവും- പ്രതിഭയും പൊളിച്ചെഴുത്തും വേണം.

മററു് ഏതു കലാവാസനയേയുംപോലെ ജന്മസിദ്ധമാണു് പ്രഭാഷണപാടവം. എന്നാൽ ഇതരകലകളെ അപേ

ക്ഷിച്ച ഇതിനു് അല്പം വ്യത്യാസമുണ്ടു്. സ്ഥിരപരിശ്രമംകൊണ്ടു്, നിരന്തരമായ അഭ്യാസംകൊണ്ടു്, ഈ കലയെ ആക്കും കൈവശമാക്കാം. അതിനുള്ള ഏററവും പ്രധാന സാക്ഷി ഡെമോസ്തനീസ്തന്നെ. വിക്കനായ ഡെമോസ്തനീസ് നിരന്തരപരിശ്രമംവഴി ഒന്നാന്തരം വാഗ്ഭടനായി.

സിദ്ധിയും സാധനയും സമ്മിശ്രമാകുമ്പോഴേ ഏതൊരു കലാരൂപവും പ്രശോഭിക്കൂ. എന്നാൽ പ്രസംഗകലയുടെ കാര്യത്തിൽ പരിശീലനമാണു് സർവ്വപ്രധാനം. പ്രഭാഷകനായ സിസറോ ഇങ്ങനെ പറയുന്നു! "ജന്മസിദ്ധമായ കഴിവല്ല നിരന്തരാഭ്യാസമാണു് പ്രഭാഷകനു വേണ്ടതു്."

ശാരീരികമായ കഴിവുകളെപ്പോലെ ക്രമമായ അഭ്യസനങ്ങളെക്കൊണ്ടു് വികസിപ്പിക്കാവുന്നതാണു് എല്ലാ മാനസികശക്തികളും. അഭ്യസനം വഴി വളർത്തിയെടുക്കാവുന്ന ഏററവും വലിയ മാനസിക കഴിവു് പ്രസംഗപാടവംതന്നെ.

## ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

1 പ്രസംഗകൻ സാവകാശം, ആത്മവിശ്വാസത്തോടെ, വിനയപൂർണ്ണമായ തലയെടുപ്പോടെ പ്ലാററ്ഫോമിൽ പ്രവേശിക്കുക.

കയറിച്ചെന്നാൽ മൈക്കിൻെറ മുമ്പിൽ, എട്ടു്ഇഞ്ചു് അകലെയായി ശ്രോതാക്കളുടെ ഏററവും പിറകിലുള്ള ഒരു ബിന്ദുവിൽ ദൃഷ്ടിയുറപ്പിച്ച നിവൎന്നു നിൽക്കുക; ഇടതുകാൽ അല്പം മുന്നോട്ടു നീക്കിവെയ്ക്കാം. പെരുവിരൽ നിലത്തുറപ്പിക്കുക. ശ്വാസം ഉള്ളിലേയ്ക്കു വലിക്കുക; നന്നായി ശ്വാസം വിടുക.

പ്രേക്ഷകരെ ആകമാനം ഒന്നു വീക്ഷിക്കുക. കാൽ നിലത്തുറപ്പിച്ചിരിക്കണം. ഭാരം രണ്ടു കാലിലും ഒന്നുപോലെയാകണം. എന്നാൽ വേരൂന്നിയതുപോലെ നില്ക്കുകയുമരുതു്.

സദസ്സിനെ ആകെമാനമൊന്നു് നോക്കി സുഖപ്രദമായ ഒരു പുഞ്ചിരി സമ്മാനിക്കുക.

കേൾവിക്കാരെ നല്ല ധൈര്യത്തോടെ സംബോധന ചെയ്യുക.

2. കേൾവിക്കാരിൽ ഒരു നല്ല ധാരണയുണ്ടാകുവാൻ പററിയ ഒരു നല്ല വാക്യം കഴിയുന്നത്ര നല്ല ഭാഷയിൽ, വ്യക്തമായി, ശക്തിയുക്തം ആദ്യമേ പറയാണം. തുടക്കം ശ്രദ്ധേയമാവണം. തുടക്കം നന്നായാൽ പാതി ജയമായി.

പാട്ടു്, കഥ, മഹദ്വചനം, പരിസരവിശദീകരണം സ്ഥലവുമായുള്ള ബന്ധം, ഉദ്ധരണി, സംഭവവിവരണം- ഏതെങ്കിലും ഒരു രീതി സ്വീകരിയ്ക്കാം. കഥ പറയുകയാണെങ്കിൽ സന്ദർഭോചിതമായ കഥ വേണം പറയുവാൻ.

തമാശ്ശ പറയുകയാണെങ്കിൽ വളരെ ഔചിത്യം പാലിയ്ക്കണം.

3. പ്രസംഗം പറയുന്നതിനുമുമ്പു് എന്താണു് പറയാനുള്ളതെന്നതിനെക്കുറിച്ചു് മനസ്സിൽ ഏകദേശരൂപം ഉണ്ടായിരിക്കണം. നിങ്ങൾ ആദ്യമായി, അടുത്തതായി, അവസാനമായി എന്തു പറഞ്ഞിരിക്കണമെന്നു് മുൻകൂട്ടി നിശ്ചയിച്ചിരിക്കണം.

വേണമെങ്കിൽ ചെറിയ കുറിപ്പു് തയ്യാറാക്കി വെച്ചിരിക്കാം. ഏതു പ്രസംഗകനും ഒരുക്കം വേണം. എങ്കിലേ വെട്ടിത്തിളങ്ങു.

അതായതു് – തുടക്കം, വിഷയാവതരണം, വിശദീകരണം, അപഗ്രഥനം, നിഗമനം, ഉടനടി നടപ്പാക്കേണ്ട കാര്യം, തുടർന്നു ചെയ്യേണ്ട കാര്യങ്ങൾ..... നമുക്കുണ്ടായിരിക്കേണ്ട തത്വശാസ്ത്രവും കാഴ്ചപ്പാടും കർമ്മപരിപാടിയും പ്രസംഗകനിൽനിന്നു് അനായാസം ലഭിക്കണം.

4. പ്രസംഗത്തിൻെറ ആരംഭം, മനഃപാഠമാക്കിയാലും ദോഷമില്ല; എന്നുവെച്ച് പ്രസംഗം മുഴുവൻ മനഃപാഠമാക്കരുതു്. അങ്ങനെ വന്നാൽ തകർച്ച തീർച്ച.

വായിക്കുന്ന പ്രസംഗം കേൾക്കുവാൻ ആളുകൾക്കു് താല്പര്യം ഉണ്ടാവുകയില്ല.

വായിക്കുന്ന പ്രസംഗം പ്രസംഗമേ അല്ല.

5. പ്രസംഗകൻ ആശയധനികനായിരിക്കണം.

അയാൾ പദകുബേരനാവണം. ആവിഷ്കരണഭംഗിയിൽ ശ്രദ്ധിക്കണം.

ഒഴുക്കുള്ള വാക്കുകൾ, ഓജസ്സുള്ള പദങ്ങൾ, ലഹരിപിടിപ്പിക്കുന്ന പ്രയോഗങ്ങൾ - ഇവ അയാൾക്കുണ്ടായിരിക്കണം.

6. ആധികാരികമായി സംസാരിക്കണം. അതും ആത്മാത്ഥതയോടെ പറയണം.

7. സദസ്സിൻെറ വിജ്ഞാനനിലവാരം അനുസരിച്ചേ പറയാവൂ.

8. വിഷയത്തിൻെറ നാനാവശങ്ങളെപ്പററിയും പഠിച്ചിരിക്കണം. സമഗ്രമായ അറിവു് സമ്പാദിച്ചിരിക്കണമെന്നത്ഥം. വിഷയത്തിൻെറ ഏതേതു വശത്തിനാണു് പ്രാധാന്യം നൽകേണ്ടതെന്നു് മുൻകൂട്ടി നിശ്ചയിച്ചിരിക്കണം. അതിനെക്കുറിച്ചേ പറയാവൂ.

അരമണിക്കൂർ നേരത്തേക്കു് പ്രസംഗിക്കണമെങ്കിൽ, ഒരു മണിക്കൂർനേരത്തേക്കാവശ്യമായ 'മാററർ' മനസ്സിൽ ഒരുക്കിവെച്ചിരിക്കണം.

9. ആകർഷകമായ മുഖഭാവം വേണം.

പ്രസന്നവദനനാവണം പ്രസംഗകൻ.

ശുഭാപ്തിവിശ്വാസത്തോടെ പ്രസംഗിക്കണം.

10. ഓരോ വാക്കും വ്യക്തമായി പറയണം.

ഉച്ചാരണശുദ്ധി ചെറുപ്പത്തിലേ നേടിയെടുക്കണം. സ്ഫുടമായി പറയണം.

പറയുവാൻ പ്രയാസമുള്ള വാക്കുകൾ ഉപയോഗിക്കരുതു്. കുറഞ്ഞ വേഗത, കൂടുതൽ വേഗത – രണ്ടും ദോഷം ചെയ്യും. റേഡിയോയിലെ വാർത്താപ്രക്ഷേപണത്തിൻെറ മാതൃക സ്വീകരിക്കാം. എന്നാൽ ആവേശകരമായി കാര്യങ്ങൾ പറയുമ്പോൾ, ബോധപൂർവ്വം വേഗത കൂട്ടാം.

11. ദ്വേഷ്യത്തിൽ സംസാരിക്കരുതു്; അലറരുതു്; പതിഞ്ഞ സ്വരത്തിൽ സംസാരിക്കരുതു്.

12. കഠിന പദങ്ങൾ കൂടെക്കൂടെ പ്രയോഗിക്കരുതു്.

13. അറിവില്ലാത്ത കാര്യത്തെപ്പററി പറയരുതു്.

പർവ്വതീകരിച്ചു കാണിക്കരുതു്. പ്രധാന പോയിൻറുകൾ എടുത്തു പറയണം.

14. പെരുമാററത്തിൽ ശ്രദ്ധ വേണം. തല ചൊറിയുക, കണ്ണുകൾകൊണ്ടു കുസൃതി കാണിക്കുക, മൂക്കും മുഖവും തുടയ്ക്കുക, കണ്ണടയെടുത്തു വൃത്തിയാക്കുക, തൂവാലകൊണ്ടു നെററിതുടക്കുക – ഇവയൊക്കെ പ്രസംഗസമയത്തു ചെയ്യരുതു്. സദസ്യർ ഓരോരുത്തരും പ്രസംഗകനെ നോക്കിക്കൊണ്ടിരിക്കുകയാണെന്നു ഓർമ്മിക്കുക.

15. പ്രസംഗത്തിലെ ആശയങ്ങൾ ക്രമീകരിച്ചിരിക്കണം. ഓരോ പ്രസ്താവനയും വസ്തുതകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്നു ശ്രോതാക്കൾക്കു തോന്നണം.

16. ഒരു സന്ദേശം വേണം. അതു് ബോധപൂർവ്വം, പ്രകടന സ്വഭാവമില്ലാതെ ശ്രോതാക്കളിൽ ചെലുത്തണം.

17. സഭാകമ്പം പരിശീലനം വഴിയേ ഇല്ലാതാക്കുവാൻ കഴിയൂ. ആത്മവിശ്വാസമാണു് അതിനുള്ള പ്രഥമവും പ്രധാ

നവുമായ ഔഷധം. ചിലർ പരിഭ്രമിക്കും; ചിലരുടെ കാലുകഠം കൂട്ടിമുട്ടും; കൈ വിറയ്ക്കും; ശരീരം വിയർക്കും; തന്മൂലം പഠിച്ചതു മറന്നുപോകുകയും ചെയ്യും.

ധാരാളം പ്രസംഗം കേഠക്കുകവഴി കൂടുതൽ ധൈര്യം കിട്ടും.

18. പ്രസംഗകൻ മുൻപ്രസംഗകനെ അനുസ്മരിക്കണം; പിന്നാലെ വരുന്ന ആളിനു വഴിയൊരുക്കുകയും വേണം.
19. പ്രധാന പ്രമേയം വളർത്തിയെടുത്തു വിശദമായി അവതരിപ്പിക്കണം.

പ്രധാനപ്രമേയം അവതരിപ്പിച്ച്, ലക്ഷ്യത്തിലെത്തുവാൻവേണ്ടി ബോധപൂർവ്വം ചിന്താക്കുഴപ്പം ശ്രോതാക്കളിൽ ഉണ്ടാക്കുവാനായി പ്രസ്താവനകഠം ചെയ്യാം; പക്ഷേ പ്രസംഗകനു് ചിന്താക്കുഴപ്പം വരരുതു്.

20. വിഷയം വിശകലനം ചെയ്യുക, വാദഗതികഠം കൊണ്ടുവരിക, പഴുതടച്ചു സംസാരിക്കുക, സമർത്ഥിക്കുക. കാര്യം പറഞ്ഞുകഴിഞ്ഞാലുടനെ നിറുത്തുക. പിന്നെ കിടന്നു ഇഴയുവാൻ ഇടവരരുതു്. ഇഴഞ്ഞാൽ ആകെ വഷളാകും.

21. ശ്രോതാക്കളുടെ മനഃശാസ്ത്രം പഠിച്ചിരിക്കണം. സദസ്സിൻെറ വികാരവിചാരങ്ങളിൽ പങ്കുകൊള്ളണം. അവരുടെ താല്പര്യത്തിനൊത്തു സംഘാടകരുടെ അനുമതിയോടെ പ്രസംഗസമയം കൂട്ടാം; കുറയ്ക്കാം.

22. പ്രസംഗപീഠം ഉപയോഗിയ്ക്കാം; പ്രസംഗകൻെറ പൊക്കത്തെക്കൂടി കണക്കിലെടുക്കണം.

23. ശരിക്കൊരുങ്ങിയില്ലെന്നോ മറേറാ ഉള്ള ക്ഷമാപണം ഒരിക്കലും പറയരുതു്. ഒരുങ്ങാത്തവൻ ഇതിനായി പോകരുതു്.

24. അഹങ്കാരം പാടില്ല. കഴിവിൽ മതിപ്പു വേണം; ആത്മവിശ്വാസം വേണം. നാണം പാടില്ല.

25. പെൺകുട്ടികൾ കൈ മേശമേൽ മെല്ലവേ തൊട്ടു കൊണ്ടു നിന്നു സംസാരിക്കാം. അവർ കൈകൾ പിറകിൽ കെട്ടിനിന്നു് സംസാരിക്കാതിരിക്കുകയാണു നന്നു്. ആൺകുട്ടികൾക്കു രണ്ടും ആകാം.

26. ആശയ നിവേദനത്തിന്റെ അപ്പസ്തോലനാണു വാഗ്മി. തന്മൂലം സന്ദേശ വിശദീകരണത്തിനായി ഒരു സംഭവമോ കഥയോ വിശദീകരിക്കാം. അവയുടെ എണ്ണം കൂട്ടരുതു്.

27. പണ്ഡിതന്മാരുടെ സദസ്സിലോ സെമിനാർ സ്ഥലത്തോ പ്രബന്ധം അവതരിപ്പിച്ചു പ്രസംഗിക്കുകയാണെങ്കിൽ തന്നിരിക്കുന്ന വിഷയത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിനിന്നേ സംസാരിക്കാവൂ, വ്യതിചലനം പാടില്ല.

28. വിജ്ഞാനപ്രദമായ വിഷയങ്ങളെപ്പററി ശാസ്ത്രീയമായി സംസാരിക്കുമ്പോൾ, ശ്രോതാക്കൾക്കു വിരസത തോന്നാതിരിക്കുവാനായി തമാശകൾ പറയാം.

29. ദുർബ്ബലമായ വാദഗതികൾ കൊണ്ടുവരരുതു്.

30. സ്വന്തം പ്രശസ്തിയേയും നേട്ടങ്ങളേയും ഉയർത്തിപ്പിടിച്ചു പ്രസംഗിക്കരുതു്.

31. ലക്ഷ്യബോധം വേണം പ്രസംഗകനു്. ലക്ഷ്യത്തിലേയ്ക്കു അവരെ നയിക്കണം. വെറുതേ പറഞ്ഞിളക്കി, അലയുവാൻ ശ്രോതാക്കളെ വിടരുതു്.

തലതിരിച്ചുവെച്ച പിരമിഡ് ( സൂച്യഗ്രഗോപുരം ) പോലെയാവണം പ്രസംഗത്തിലെ ആശയഘടന. പ്രധാനപ്പെട്ടവ ആദ്യം. അവസാനത്തെ ഭാഗത്തു് തളർച്ച പററിയാലും ദോഷം വരരുതു്.

പ്രസംഗകൻ ധിഷണാപരമായ വിജയം നേടണം. എപ്പോഴും പ്രസംഗകനു് ''വ്യക്തിപ്രതിഭ''യും പ്രശസ്തിയും ഉണ്ടെങ്കിൽ ഇതു് എളുപ്പം നേടാവുന്നതാണു്.

32. ഓരോ പ്രസംഗവും നാലഞ്ചു പ്രാവശ്യം ഉച്ചത്തിൽ സ്വന്തം മുറിയിൽ, മുഖക്കണ്ണാടിയുടെ മുമ്പിൽവെച്ച് പറഞ്ഞു പരിശീലിക്കണം.

33. ശ്രോതാക്കൾക്കു് പരിചിതമായ വസ്തുതകളും വിജ്ഞാനശകലവും അവർ ബഹുമാനിക്കുന്ന വ്യക്തികളുടെ പേരുകളും അവർക്ക ഓർമ്മിക്കുവാൻ പ്രസംഗകൻ വഴിയൊരുക്കുക.

34. അസുഖകരമായ മുഖഭാവങ്ങൾ അരുതു്.

നിർത്തലുകൾ നന്നാവണം. ഊന്നലിനുവേണ്ടി നിർത്തലുകൾ ഉണ്ടാകാം.

35. ഉദാഹരണങ്ങൾ പറയുമ്പോൾ വ്യക്തതയുണ്ടായിരിക്കണം;

36. അനുവദിക്കപ്പെട്ട സമയമേ പ്രയോജനപ്പെടുത്താവൂ.

37. പറയുന്നതു് ഫലപ്രദമാവണം. ആവേശം വേണം അമിതാവേശം പാടില്ല.

38. താനെവിടെ, ആരോടു്, എന്തിനുവേണ്ടി, എന്തു് കാര്യം പറയുന്നുവെന്നതു് പ്രഭാഷകൻ ശരിക്കും അറിഞ്ഞിരിക്കണം.

39. എഴുത്തുകാരനു് വാക്സമ്പത്താണു് വേണ്ടതു്. പ്രസംഗകനു് വാക്വൈഭവവും- വാക്വിലാസം വേണം.

നല്ല പ്രസംഗകനെ വാഗ്മി എന്നാണു് വിളിക്കുക.

വാക്കുകളും ശൈലികളും ആവർത്തിക്കരുതു്.

40. പറയുന്ന സന്ദേശത്തോടു് പ്രഭാഷകനു് താല്പര്യം വേണം.

41. ശ്രോതാക്കളെ താഴ്ത്തിക്കെട്ടി സംസാരിക്കരുതു്.

42. ഒന്നിലേറെ പ്രസംഗാവസാനം വരരുതു്.

43. ശത്രുക്കളും മിത്രങ്ങളും ജിഹ്വാഗ്രത്തിലാണു് വർത്തിക്കുന്നതെന്നു് കരുതണം.

44. ശ്രോതാക്കളുടെ നേരെ സൗഹൃദം നിറഞ്ഞ വിധേയത്വം വേണം.

45. ആധികാരികഗ്രന്ഥങ്ങളിൽനിന്നേ വാക്യങ്ങൾ ഉദ്ധരിക്കാവൂ.

46. മഹാന്മാരെക്കുറിച്ചു് സൂചനകൾ നൽകണം.

47. താരതമ്യപഠനം നടത്തുവാൻ ഉതകുന്ന വസ്തുതകൾ നിരത്തണം.

48. പ്രസംഗസ്ഥലത്തുനിന്നു് ആടരുതു്.

49. അംഗചലനങ്ങൾ തീരെകുറവു്, വളരെക്കൂടുതൽ രണ്ടും ദോഷം ചെയ്യും. അഭിനയം മിതമായിവേണം.

ആശയം വിശദമാക്കുവാനായി തെററായ അംഗചലനം കാണിക്കരുതു്.

50. നീണ്ട ഉദ്ധരണികൾ പാടില്ല; നിരവധി ഉദ്ധരണികളും വേണ്ട.

51. നേരെ നിവർന്നു നിൽക്കണം; അഹങ്കരിച്ചു നിൽക്കരുതു്.

52. തനിക്കു് ഒന്നും പറയാനില്ലെന്നു് പറഞ്ഞു് പ്രസംഗം തുടങ്ങരുതു്.

53. ഒന്നു് രണ്ടു് വാങ്മയ ചിത്രങ്ങൾ നല്കുക. ഒരു സംഭവം.; ഒരുരംഗം; ഒരു വ്യക്തിയുടെ നഖചിത്രം.

ക്യാൻവാസിലെ സിനിമയിലെ ചിത്രങ്ങാംപോലെ പ്രസംഗകൻെറ വാങ്ങ്മയചിത്രങ്ങളും ശ്രോതാക്കാം കണ്ടു രസിക്കും.

54. പ്രേക്ഷകരെ എപ്പോഴും നോക്കിക്കൊണ്ടിരിക്കുക. കണ്ണുകാംകൊണ്ടു അവരുടെ ഹൃദയത്തിലേയ്ക്കു നോക്കുക. കണ്ണിൻെറ ചലനാത്മകശക്തി വിശദീകരണത്തിനപ്പുറമാണ്.

55. യോഗസ്ഥലത്തിൻെറ ഏതെങ്കിലും ഒരു ഭാഗത്തുനിന്നു് ചെറിയ അപസ്വരം ഉണ്ടായാൽ പ്രസംഗകൻ, അല്പം കൂടി സ്വരംകൂട്ടി, ശബ്ദമുണ്ടായ സ്ഥലത്തു് നന്നായി നോക്കി, സാവകാശം പറയുക.

ആരെങ്കിലും ഭിന്നാഭിപ്രായം പുറപ്പെടുവിച്ചാൽ മനസ്സിൻെറ സമനില തെററരുതു്; ചൂടാവരുതു്.

56. ചോദ്യങ്ങാം കടലാസ്സിൽ എഴുതി ആരെങ്കിലും പ്രസംഗകനെ ഏൽപിച്ചാൽ, ഉത്തരം പറയാതെ, അവയെ അവഗണിക്കുകയാവും ഉത്തമം. അല്ലെങ്കിൽ ഉത്തരം പറയുകയാണെന്ന ഭാവത്തിൽ വല്ലതും പറഞ്ഞു് അവയെ അവഗണിക്കണം.

ശത്രുവിൻെറ ചോദ്യത്തിനു് ഉത്തരം പറയുവാൻ പ്രസംഗകൻ ശ്രമിച്ചാൽ ചിലപ്പോാം അയാാം സ്വന്തം ലക്ഷ്യത്തിൽനിന്നു് അകന്നുപോയിയെന്നുവരാം.

ചോദ്യം സ്നേഹിതന്മാരുടേതാണെങ്കിൽ, നമ്മുടെ പ്രസംഗം നീങ്ങേണ്ടവഴിയാവും ചോദ്യംവഴി ഉണ്ടാവുക.

57. പ്രസംഗകൻ ആശയങ്ങാം അടിച്ചേല്പിക്കുന്നതായി കോംവിക്കാർക്കു തോന്നരുതു്.

58 സ്വരത്തിൻെറ ആരോഹണാവരോഹണത്തിൽ ശ്രദ്ധ പതിപ്പിക്കണം. വിഷയത്തിൻെറ ഗൗരവമനുസരിച്ച്, ആശയത്തിൻെറ പ്രാധാന്യമനുസരിച്ചു, സ്വരത്തെ നിയന്ത്രിക്കണം.

59. ''ഞാൻ'' ''ഞാൻ'' പ്രയോഗം വേണ്ട. അവശ്യം വന്നാൽ ചുരുക്കമായി ഉപയോഗിക്കാം.

''നിങ്ങൾ'' പ്രയോഗം അരുതു്, ''നമ്മൾ'' എന്നതാണു് നന്നു്.

60. തമാശ പറയാം; പക്ഷെ പ്രസംഗത്തിന്റെ ആദ്യവും അവസാനവും അതു് ഇല്ലാതിരിക്കുന്നതാണു് നന്നു്.

61. ചലനാത്മകമായ മുഖഭാവം വേണം.

62. ഹോളിൽ ഏററവും പിറകിലിരിക്കുന്ന ആളിനു പോലും കേൾക്കാവുന്ന സ്വരത്തിൽ പറയണം.

63. ഫലിതം പറഞ്ഞശേഷം സ്വയം മറന്നു് ചിരിക്കരുതു്.

64. കഥകൾ, സംഭവങ്ങൾ, ഹാസപ്രയോഗം, ഫലിതം, വസ്തുതകൾ, സ്ഥിതിവിവര കണക്കുകൾ, ആപ്തവാക്യങ്ങൾ മുതലായവ നോട്ടുബുക്കിൽ കുറിച്ചു് സൂക്ഷിച്ചുവെച്ചിരിക്കണം.

65. ചോദ്യങ്ങൾ സദസ്സിന്റെ നേരെ തൊടുത്തു വിടാം.

കുട്ടികളോടാണെങ്കിൽ ചോദിച്ചു് ഉത്തരം സമ്പാദിക്കാം.

66. പഴഞ്ചൊല്ലുകൾ, ഉദ്ധരണികൾ, കവിതകൾ, കഥകൾ, സംഭവങ്ങൾ മുതലായവ ഉപയോഗിക്കുമ്പോൾ പ്രധാന പ്രമേയത്തിൽ നിന്നു് വ്യതിചലിക്കാതെ നോക്കണം.

67. പ്രസംഗം വലിച്ചിഴച്ചുകൊണ്ടുപോകരുതു്–എഴുന്നേല്ക്കുക, സംസാരിക്കുക, നിറുത്തുക; മതി.

68. വാഗ്വിലാസം ചിലരെ സംബന്ധിച്ചു് ഒരു സിദ്ധിയാണു്. അല്ലാത്തവർ അവിരാമമായ പരിശ്രമംവഴി വാഗ്ഭടന്മാരാകുന്നു എന്ന ചരിത്ര വസ്തുത ഓർമ്മിക്കുക, നിരന്തരം.

69. പ്രസംഗാവസാനത്തിൽ ബന്ധപ്പെട്ടവർക്കും ശ്രോതാക്കൾക്കും ഒററ വാക്യത്തിൽ നന്ദി പറയണം.

എന്നാൽ ശ്രോതാക്കളുടെ സമയം പാഴാക്കിയതിൽ ഖേദിക്കുന്നു എന്ന പ്രസ്താവന ഒരു പ്രസംഗകൻ പറയരുത്.

70. പ്രസംഗം കഴിഞ്ഞു് ഒരു സെക്കൻറ് അവിടെ നില്ക്കുക. സാവകാശം സ്റ്റേജിൽനിന്നു് ഇറങ്ങുക, ധൃതി കാണിക്കരുതു്.

71. വ്യക്തമായ സമാപ്തം വേണം; അത് ശക്തവുമായിരിക്കണം.

നാം പറഞ്ഞവസാനിപ്പിക്കുന്ന വാക്യങ്ങൾ–നമ്മുടെ സന്ദേശം, ശ്രോതാക്കളുടെ കാതുകളിൽ പ്രസംഗം കഴിഞ്ഞാലും നിരന്തരം മുഴങ്ങിക്കൊണ്ടിരിയ്ക്കണം.

പ്രസംഗം സദസ്സിൽനിന്നു് ആരംഭിച്ച്, അവരെ ഇളക്കി, അവരേയുംകൊണ്ടു് ചക്രവാളപ്പരപ്പിലേയ്ക്കു് പ്രസംഗകൻ പറന്നുയരണം. എന്നിട്ട് തനിക്കു് ഇഷ്ടപ്പെട്ട ദ്വീപിൽ അവരെ കൊണ്ടുപോയി ഇറക്കി ജോലി ചെയ്യിക്കണം.

അവസാനം പ്രസംഗകൻ പറഞ്ഞുവെച്ച കാര്യങ്ങളെക്കുറിച്ചു് കൂടുതൽ അറിയുവാനും ആ വഴിയിൽ അവർ കർമ്മപ്രബുദ്ധരാകുവാനും ഇട നല്കുത്തക്കവണ്ണം പ്രഭാഷണം ഉപസംഹരിക്കണം; വാഗ്മി.

വീര്യമുള്ള വാക്കുകൾ, ആശയങ്ങൾ, ഔചിത്യപൂർവ്വം ശക്തിയുക്തം പ്രയോഗിച്ച് ശ്രോതാക്കളെ രസിപ്പിച്ച് ഉണർത്തി, കർമ്മോന്മുഖരാക്കുവാൻ കഴിയും, നല്ല വാഗ്മിക്കു്.

72. പ്രസംഗം ഒരു തൊഴിലാക്കാം; ഉപതൊഴിലാക്കാം; ഹോബിയാക്കാം.

## പലതരം

പ്രസംഗങ്ങറം പലതരം ഉണ്ടു്. ഓരോന്നിനും ഓരോ ടെക്ിനിക്കും ഉണ്ടു്. സ്വാഗതപ്രസംഗം, നന്ദിപ്രകടനം, അദ്ധ്യക്ഷപ്രസംഗം, ഉൽഘാടനപ്രസംഗം, വിജ്ഞപ്തി പ്രസംഗം, ടോസ്ററ്പറയൽ, ടോസ്റ്റിനു് മറുപടിപറയൽ, അനുമോദനപ്രസംഗം, ഒരാളിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസംഗം, സമ്മാനം നൽകുന്നതിനും ഒരുക്കമായിട്ടുള്ള പ്രസംഗം, സമ്മാനം സ്വീകരിച്ച വ്യക്തിയുടെ പ്രസംഗം, സാഹിത്യസംബന്ധമായ പ്രസംഗം, തെരഞ്ഞെടുപ്പു പ്രസംഗം, ശാസ്ത്രീയവിഷയങ്ങളെക്കുറിച്ചുള്ള പ്രസംഗം, മതപ്രഭാഷണം, സാമുദായിക കാര്യങ്ങളെക്കുറിച്ചുള്ള പ്രസംഗം.... എല്ലാററിനും അതിൻെറതായ പ്രത്യേകതകറം ഉണ്ടു്. അതു് അറിഞ്ഞുകൊണ്ടുവേണം സംസാരിക്കുവാൻ.

## നേതാവ്

നേതാവ് പ്രസംഗകനാകണമെന്നില്ല. നല്ല ഭരണസാമത്ഥ്യം ഉള്ള ഒരാറക്കു് നേതാവാകാം, പ്രസംഗസാമത്ഥ്യം ഇല്ലെങ്കിലും. എന്നാൽ ഏതൊരു പ്രസംഗകനും, നേതൃത്വനിരയിൽചെന്നു് നിൽക്കുവാൻ എളുപ്പം കഴിയും. ഭരണപരിചയം ഇല്ലെങ്കിലും വാഗ്മി, നേതാവാകുമെന്നത്ഥം.

എന്താണിതിനു കാരണമെന്നല്ലേ?
നേതൃത്വം രണ്ടുതരമുണ്ടു്. ആശയപ്രചരണംവഴി ഒന്നാമത്തേതു്; കർമ്മം വഴി രണ്ടാമത്തേതു്.

ആശയപ്രചാരകനാണു് പ്രസംഗകൻ. തന്മൂലം അയാളും നേതാവാകും. പ്രസംഗകൻ നല്ലൊരു ഭരണപടുവും കൂടിയാണെങ്കിലോ? അത്തരക്കാർ നക്ഷത്രതുല്യരായ നേതാക്കളാകും.

മാന്ത്രികശക്തിയുള്ള വാക്കുകളെ പ്രയോജനപ്പെടുത്തി ഇന്ദ്രജാലം കാണിക്കുന്ന മാന്ത്രികനാണു് വാഗ്ഭടൻ.

# നേതൃത്വം - ഒരു കലയും ശാസ്ത്രവും

## ആധുനികകാലത്ത്

ദൈവത്തിൻെറ ഏററവും ശക്തിയുള്ള ആയുധമാണ് നേതാവ്. നേതാവ് ദൈവത്തിനും ദൈവജനത്തിനും മദ്ധ്യേ നില്ക്കുന്നു.

നേതാവിന് ലോകത്തെ പുതുക്കിപ്പണിയുവാൻ കഴിയും. ലോകത്തെ കീഴ്മേൽ മറിക്കുവാനും കഴിയും. ലോകം കലക്കികളാണ് നേതാക്കന്മാരിലെ പ്രവാചകന്മാർ.

യുവജനങ്ങളുടേയും ബുദ്ധിജീവികളുടേയും സഹായത്താലാണ് നേതാവ് നവീകരണ പ്രക്രിയയിൽ ഏർപ്പെടുന്നതു്.

ഉത്തമരും സമർത്ഥരും കർമ്മനിരതരും അർപ്പണമനോഭാവമുള്ളവരുമായ നേതാക്കന്മാരെ നമുക്കാവശ്യമുണ്ട്. ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ നേതാക്കളും ഭരണകർത്താക്കളും ബുദ്ധിജീവികളുമായിത്തീരുക.

നേതൃത്വം ഒരു ദൈവദാനമാണ്. അതു് കണ്ടെത്തി വളർത്തി വികസിപ്പിക്കേണ്ടതുണ്ട്. നേതാവാകണമെങ്കിൽ സിദ്ധിയും സാധനയും- നേതൃത്വവാസനയും പരിശീലനവും വേണം. പരിശീലനം വഴിയേ എന്തും പുഷ്ടി പ്രാപിക്കൂ.

ലോകത്തിൻെറ നേതൃത്വം നിങ്ങളിലാണ് ആരംഭിക്കുന്നതു്. അക്കാര്യം ഓരോരുത്തരും മനസ്സിലാക്കണമെന്നു മാത്രം.

തത്വശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, കണക്ക്, സയൻസ്, ചിത്രകല, എന്നിവയെപ്പോലെ പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതുമായ ഒരു വിഷയമാണ് നേതൃതത്വശാസ്ത്രവും.

## ആരാണു നേതാവ് ?

ആരാണ് നേതാവ്? നയിക്കുന്നവനാണ് നേതാവ് എന്ന് ഒററവാക്യത്തിൽ വേണമെങ്കിൽ ഉത്തരം പറയാം. മുൻനിന്ന് പ്രവർത്തിക്കലാണ് നയിക്കലിൻെറ ലക്ഷണം.

വഴിയറിയാവുന്നവൻ വഴികാട്ടുന്നവൻ - പ്രേരിപ്പിക്കുന്നവൻ - മുന്നേറുന്നവൻ - മുൻപേ പോകുന്നവൻ - മാർഗ്ഗദർശകൻ- അനുയായികളുള്ളവൻ- തലവൻ-പ്രധാനി- ആരംഭമിടുന്നവൻ- ആദ്യം പ്രവർത്തിക്കുന്നവൻ-ആളുകളെ ആകർഷിക്കുന്നവൻ- എന്നിങ്ങനെയും നേതാവിനു് വ്യാഖ്യാനങ്ങൾ കുറിക്കാം.

പുരോഗതിയുടെ പുരോഹിതനാവും നേതാവ്. നേതാവ് സമൂഹത്തിലെ പ്രമാണിയാവും. കാലത്തിനൊത്തു തുഴയാതെ, ദീർഘദൃഷ്ടിയോടെ കാലത്തിൻെറ മുൻപന്തിയിലേക്കു കയറിനിന്നു് തുഴയുന്നവനാവും നേതാവ്.

നേതാവ് വലിയ ആത്മാവുള്ളവനാണെന്നാണ് അരിസ്റ്റോട്ടൽ വിശേഷിപ്പിക്കുന്നതു്. നേതാവ് മഹാത്മാവാണ്. കുലീനനാവും അയാൾ. നേതാവ് സ്വയം പര്യാപ്തനാവും. നേതാവ് സേവകനാവും. (സേവനവരം ലഭിച്ചവനാവും നേതാവ്; നേതാവ് എല്ലാവരുടെയും ദാസനാവും.)

നേതാവ് വഴിയറിയാവുന്നവനും, വഴിയിലൂടെ നടക്കുന്നവനും. മററുള്ളവരെ വഴിയിലൂടെ നടത്തുന്നവനും ആയിരിക്കും.

നേതാവ് മാതൃകാപുരുഷനായിരിക്കും, എല്ലാററിനുമുപരി.

മഹാനായ നേതാവ് നല്ലൊരു ടീം മാനേജർ കൂടിയായിരിക്കും. അയാൾ നേതൃത്വസംഘത്തെ പരിശീലിപ്പിച്ചെടുക്കും. അവരെല്ലാം സമന്മാരാവും. സമന്മാരിൽ പ്രഥമൻ എന്ന സ്ഥാനം മാത്രമേ നേതാവിനു് ഉണ്ടായിരിക്കുകയുള്ളു.

നേതാവു പ്രാദേശികനേതാക്കന്മാരേയും കേഡറന്മാരേയും അനുയായികളേയും ആരാധകരേയും വളർത്തിയെടുക്കും. നേതാവു സമൂഹത്തെ നയിക്കും, സ്നേഹത്തോടെ. നേതാവു് ഭരിക്കും- ഭരിക്കുക എന്നു് വെച്ചാൽ സേവിക്കുക എന്ന അത്ഥത്തിൽ.

നേതാവു എല്ലാവർക്കും ദീപമാകും. ( ഒരു വിളക്കിൽനിന്നു് എത്ര തിരികൾവേണമെങ്കിലും കത്തിച്ചെടുക്കാം.) സൗഹൃദത്തിൻെറ എണ്ണയാവും ആ വിളക്കിൽ ഉണ്ടാവുക.

വ്യാപകമായ അത്ഥത്തിൽ നേതൃത്വം ബലിയർപ്പണമാണു്. താൻതന്നെ ബലിവസ്തു. കുഞ്ഞാടുകൾക്കുവേണ്ടി നേതാവു തന്നെത്തന്നെ അർപ്പിക്കും.

( "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തൻെറ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ, ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ വിട്ടു് ഓടിക്കളയുന്നു." )

( യോഹ . 10: 1 – 12 )

നേതാവിനു് പ്രവാചകൻെറ റോളാവുകയില്ല, മിക്കപ്പോഴും-ഭരണകർത്താവിൻെറ ഭാഗമാവും അഭിനയിക്കേണ്ടി വരുക. അങ്ങനെയെങ്കിൽ രക്തം വിയർത്താൽ മതിയാവും– ചിന്തേണ്ടിവരുകയില്ല.

പ്രവാചകദൗത്യമാണ് നേതാവെന്ന നിലയിൽ നിർവ്വഹിക്കുവാനുള്ളതെങ്കിൽ രക്തം ചിന്തേണ്ടിവരും; സോക്രട്ടീസിനെപ്പോലെ, യേശുക്രിസ്തുവിനെപോലെ, സ്നാപകയോഹന്നാനെപോലെ, ഗാന്ധിജിയെപ്പോലെ, പോപ്പ്ജോൺ ഇരുപത്തിമൂന്നാമനെപ്പോലെ, മാർട്ടിൻ ലൂഥർ കിങ്ങിനെപ്പോലെ.

ഭരണകർത്താവാണെങ്കിൽ രക്തം വിയർത്താൽ മതി നെഹ്രുവിനെപ്പോലെ, ചർച്ചിലിനെപ്പോലെ, ലെനിനെപ്പോലെ, മാവോയെപ്പോലെ. ചുരുക്കത്തിൽ:- നയിക്കുന്നവനാണ് നേതാവ്. നയിക്കുക എന്ന് പറഞ്ഞാൽ മുൻനിന്ന് പ്രവർത്തിക്കുക എന്നാണർത്ഥം. മുൻകൈ എടുത്ത് പ്രവർത്തിക്കുന്നവൻ നേതാവാകും.

## എന്താണു നേതൃത്വം ?

ഏതെങ്കിലും ഒരു പൊതു ലക്ഷ്യത്തിൻെറ പ്രാപ്തിക്കായി തൻെറ സഹപ്രവർത്തകരുടേയും അനുയായികളുടേയും സ്നേഹവും വിശ്വാസവും സഹകരണവും ആദരവും വിധേയത്വവും ആർജ്ജിച്ച്, അവരിൽ സ്വാധീനം ചെലുത്തി, അവരെ നിയന്ത്രിച്ച് നയിച്ച് ലക്ഷ്യത്തിലെത്തിച്ച് വിജയം നിലനിറുത്തിക്കൊണ്ടിരിയ്ക്കുന്നതിനാണ് നേതൃത്വം എന്നു പറയുന്നത്.

## കഴിവുകളെ വികസിപ്പിച്ച്

നേതാവ് സഹപ്രവർത്തകരുടേയും അനുയായികളുടേയും കഴിവുകളെ കണ്ടെത്തണം; അവയെ ബോധപൂർവ്വം വളർത്തണം. അവരെ പ്രശസ്തരും പ്രഗല്ഭരുമാക്കണം. അവരുടെ കഴിവുകളെ ലക്ഷ്യപ്രാപ്തിക്കായി പ്രയോജനപ്പെടുത്തണം.

## പങ്കു ചേർന്നു വളരുക

ഒരാളിൽ എല്ലാ തരത്തിലുമുള്ള കഴിവുകളും ഉണ്ടായിരിക്കുകയില്ല. ഒരു നേതാവും " ഓൾ റൗണ്ട് " അല്ല. തന്മൂലം ഒരു പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി ഒരു നേതൃത്വസംഘം - ടീം വേണം. ഓരോരുത്തരും ഓരോ തരത്തിൽ സമർത്ഥരാവും; ശക്തിസമ്പന്നരാവും. ഓരോരുത്തരുടേയും വൈദഗ്ദ്ധ്യങ്ങളെ മനോഹരമായി കൂട്ടിയിണക്കിക്കൊണ്ടുപോകണം പ്രധാനി.

സമർത്ഥമായി ഭരണയന്ത്രം തിരിക്കണമെങ്കിൽ ഒരു ടീമിന്റെ കൂട്ടായ, ശാസ്ത്രീയമായ, കലാപരമായ, പ്രവർത്തനം വേണം. അതിലെ അംഗങ്ങൾ പങ്കുചേർന്ന് വളരണം. നേതാവും പങ്കുചേർന്നു വളരണം, പ്രകാശിക്കണം.

ഒരു നേതൃത്വസംഘത്തിൽ പ്രധാനമായും ആറിനത്തിലുള്ള പ്രതിഭാശാലികളാണുണ്ടായിരിക്കേണ്ടത്-

1. തത്വമീമാംസകർ
2. പ്രസംഗകർ
3. എഴുത്തുകാർ
4. സംഘാടകർ
5 കർമ്മയോഗികൾ
6. കിങ്ങ് മേക്കറന്മാർ

ചിലനേതാക്കൾക്ക് ഒന്നിലധികം ഗുണങ്ങൾ ഉണ്ടാകും. അത്തരക്കാർ ഏറെ പ്രശോഭിക്കും, പല മണ്ഡലങ്ങളിലായി.

### അനശ്വര നേതാവാകണമെങ്കിൽ

" താൻ കണ്ടുമുട്ടുന്ന മനുഷ്യരിലെല്ലാം നിതാന്ത സ്വാധീനം ചെലുത്തുവാനുള്ള കഴിവാണ് ഒരു നേതാവിന്റെ മഹത്വത്തെ കുറിക്കുന്ന അടയാളം; മറെറാന്ന്, തന്റെ ജീവിതകാലത്തു കൈകാര്യം ചെയ്ത പ്രശ്നങ്ങളും നടപടി

കളും വരാനിരിക്കുന്ന കാലത്തെ സംഭവങ്ങളെ നിരന്തരമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്''. മറെറാരുവിധത്തിൽ ക്രമീകരിച്ച് പറഞ്ഞാൽ അനശ്വരനേതാവാകണമെങ്കിൽ പ്രധാനമായും നാല് ഉപാധികളാണുള്ളതു്.

1. അനശ്വരകൃതികൾ രചിക്കുക. ( ഉദാ: മഹാഭാരതം, മാക്ബത്ത്, ഗീതാഞ്ജലി, ഡിവൈൻകോമഡി. )

2. പിന്നാലെ വരുന്ന പ്രതിഭാശാലികൾക്ക് എഴുതുവാനും പ്രസംഗിക്കുവാനും പററിയ കാര്യങ്ങൾ ചെയ്യുക. (ലിങ്കനും ഗാന്ധിജിയും, ലിയോനാർഡോ ഡാവിഞ്ചിയും ഉദാഹരണങ്ങൾ. )

3. സ്നേഹസേവനങ്ങൾ വഴി നേതാവാകുക (ഉദാ: ഫാദർ ഡാമിയൻ; ഫ്ളോറൻസ് നൈററിംഗ്ഗയിൽ )

4. ബുദ്ധിശക്തികൊണ്ടു് ജനങ്ങളുടെ വെളിച്ചമാവുക- സോക്രട്ടീസ്, ആൽബർട്ട് ഐൻസ്ററീൻ: ഷെർദാൻ,)

## നേതാക്കൾ രണ്ടുവിധം

1. ജനാധിപത്യവാദികൾ. കൂട്ടനേതൃത്വമാവും ഇവിടെ. നാലോ അഞ്ചോ പേർ അടങ്ങിയ ഒരു ഉന്നതാധികാരസംഘം ഭരണം നടത്തും, ജനങ്ങളുടെ സമ്മതത്തോടെ. അധികാരം വികേന്ദ്രീകരിക്കപ്പെടും. കൂട്ടായ ചർച്ചക്ക് ഇവിടെ മതിയായ സ്ഥാനം ഉണ്ടാവും. സമന്മാരിൽ ഒന്നാമൻ നേതാവായിരിക്കുമെന്നുമാത്രം.

ജനമാവും അന്തിമവിധിയാൾ. പൊതുജനമനസ്സാക്ഷിയെ ഈശ്വരനാദമായി നേതാക്കൾ പരിഗണിക്കും. പ്രതിപക്ഷനേതാക്കളിലൂടെയും പരിശുദ്ധാത്മാവ് പ്രവർത്തിക്കുമെന്ന സത്യം ജനാധിപത്യ ഭരണക്രമത്തിൽ അംഗീകരിക്കപ്പെടും.

ഏകകക്ഷി സമഗ്രാധിപത്യം പ്രയോഗിക്കപ്പെട്ടുക യില്ലെന്നർത്ഥം. ഉദാ: നെഹ്റു, ജോൺകെന്നഡി, ചർച്ചിൽ.

2. ഏകാധിപതികരം— ഉദാ: ഹിററ്ലർ, മുസ്സോളി നി, സ്ററാലിൻ മുതലായവർ.

ഇവരുടെ ഭരണകാലത്ത് എതിർക്കുന്നവരെ ഉടന ടി കൊല്ലും. അല്ലെങ്കിൽ തടങ്കൽ പാളയത്തിലിട്ട് ഇ ഞ്ചിഞ്ചായി മർദ്ദിച്ചുകൊല്ലും. ചിന്താസ്വാതന്ത്ര്യമോ, പ്രസംഗസ്വാതന്ത്ര്യമോ, പത്രപ്രവർത്തനസ്വാതന്ത്ര്യമോ, അനുവദിക്കുകയില്ല. വിചാരസ്വാതന്ത്ര്യംപോലും ഉണ്ടാ വുകയില്ല. ഏകാധിപതിയും അയാളുടെ നാലോ അഞ്ചോ കിങ്കരന്മാരും കൂടി ജനതയുടെ ചോരയിൽ നീന്തിക്കു ളിക്കും കിങ്കരന്മാരെ നിരന്തരം മാററിയെടുത്തുകൊണ്ടി രിക്കും. ആദ്യത്തെ കിങ്കരന്മാരെ ഏകാധിപതി ശാപ്പി ടും. രക്തരക്ഷസ്സുകളാവും ഇത്തരം ഏകാധിപതികരം.

## നേതാക്കളാവുന്നവിധം

സേവനവരം പ്രയോഗിച്ചു, സ്വാധീനശക്തി വിക സിപ്പിച്ചു വോട്ടുശേഖരിച്ചു ചിലർ നേതാക്കന്മാരാവും.

ബുദ്ധിശക്തികൊണ്ടു് ചിലർ നേതാക്കന്മാരാകും.

ചിലർ പണത്തിന്റെ പുറത്ത് ജനിച്ചതുവഴി, പ ണം എറിഞ്ഞു് നേതൃത്വസ്ഥാനത്ത് എത്തും.

സംഘടന കെട്ടിപ്പടുത്ത് പടിപടിയായി നേതൃത്വ രംഗത്തു വരുന്നു മററു ചിലർ.

ചെറിയ ഒരു സമൂഹമേ തന്നെ പിന്താങ്ങിക്കൊണ്ടു വരുവാനുള്ളവെങ്കിലും വലിയൊരു സന്ദേശത്തിന്റെ ശ ക്തനായ വക്താവാകുകവഴി ചിലർ സമുന്നതനേതാക്കളാ യിത്തീരും.

ചില ആദർശശാലികൾ തത്വത്തിനുവേണ്ടി രക്തം ചൊരിഞ്ഞു മരിക്കും; അവർ പിന്നീട് നിരവധി ആളുകൾക്ക് നേതാവായി പ്രശോഭിക്കും.

നേതാക്കന്മാരുടെ പരിലാളനയിൽ ചിലർ നേതൃത്വസ്ഥാനത്ത് എത്തും.

ചിലർ അധികാരികളുടെ പാദസേവചെയ്തു ഉന്നതപദവികൾ അലങ്കരിക്കും.

ചില നേതാക്കന്മാർ കഴിവുള്ളവരെ ബോധപൂർവ്വം കണ്ടുപിടിച്ചു തൻെറ ചുറ്റും നിറുത്തും: അങ്ങനെ അവരും ശ്രദ്ധേയരാവും.

സംഘടനയുടെ തണലിൽ, സംഘടനനേതാക്കളുടെ സഹായത്താൽ ചിലർ നേതൃസ്ഥാനങ്ങളിൽ കയറിപ്പററും.

പ്രസംഗപടുക്കൾ നേതാക്കളായിത്തീരും.

ആളുകളെ സംഘടിപ്പിച്ച് അവരെ ആശയപരമായി പടച്ചട്ടയണിയിച്ച്, അവരെ കർമ്മനിരതരാക്കുവാൻ കഴിവുള്ള, കൗശലമുള്ള, ബുദ്ധിയുള്ള, പഠിപ്പുള്ള, പരിശ്രമശാലിയായ ഒരാൾക്ക് നേതൃത്വം ലഭിക്കും.

സ്വാധീനമുള്ള കുടുംബത്തിൽ ജനിച്ചതുകൊണ്ട് നേതാക്കളാകുന്നവരും ഉണ്ട്.

ആശയങ്ങളും പ്രായോഗികബുദ്ധിയുമുള്ള ചിലർ നിസ്സാരപഴുതുകളിൽകൂടി നേതൃത്വത്തിലെത്തും.

കുടുംബം, സ്കൂൾ, കോളേജ്, ബാലികാബാലന്മാർക്കായുള്ള സംഘടനകൾ, യുവാക്കൾക്കായുള്ള ക്ലബ്ബുകൾ, വിവിധതരത്തിലുള്ള സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയൊക്കെ ഒരാളുടെ വികസനത്തിനു് അനുക്രമമായി നില്ക്കുന്ന പടികളാണു്.

വ്യക്തികൾ കഴിവുള്ളവരാണെങ്കിൽ ആരുടെയും കാർബൺകോപ്പികളാവുകയില്ല; വ്യക്തിപരമായ സിദ്ധി

കളെ കണ്ടെത്തി വികസിപ്പിച്ച്, പ്രഗല്ഭനും പ്രശസ്തനുമായി സ്വയം പ്രകാശിക്കുമ്പോൾ, അയാളെ ആർക്കും നീക്കിനിറുത്താനാവില്ല. അയാൾ തള്ളിക്കേറും. പീഠത്തിന്മേൽ വെച്ച വിളക്കാണ് യഥാർത്ഥ നേതാവ്.

സോക്രട്ടീസ് ചിന്താതരംഗങ്ങൾവഴി നേതാവായി. സോളമൻ അറിവിൻെറ കതിരുകൾ വീശി. അക്ബർ ഭരണസാമർത്ഥ്യത്തിൻെറ കാഹളം മുഴക്കി. നെഹ്രുവും കെന്നഡിയും പ്രായോഗിക ബുദ്ധിശാലികളായിരുന്ന പ്രതിഭാശാലികളായിരുന്നതുകൊണ്ട് അവർ നേതാക്കളായി.

യുദ്ധവിരുതുകൊണ്ട് നെപ്പോളിയൻ നേതാവായി; സ്നേഹ സേവനത്തിൻെറ പരിമളം പരത്തി നേതാവായി മദർ ത്രേസ്യ.

ചുററുപാടും പ്രകാശവും ചൂടും ശക്തിയും പ്രസരിപ്പിക്കുവാൻ കഴിയുന്നവർ ശ്രദ്ധിക്കപ്പെടും. അവർ കാന്തശക്തിയുള്ളവരാണെങ്കിൽ ശ്രദ്ധിച്ചവരെ തന്നിലേയ്ക്കു് വലിച്ചടുപ്പിക്കും. അന്യരിൽ സ്വാധീനം ചെലുത്തുവാനും അതു നിലനിറുത്തുവാനും കഴിവുള്ളവരാകും അവരെങ്കിൽ, അവർ നേതാവാകും. ആശയവിനിമയ സാമർത്ഥ്യംവഴി, കൂടെനില്ക്കുന്നവരെ ഊർജ്ജസ്വലരാക്കി അവരെ കർമ്മപ്രബുദ്ധരാക്കുവാൻ അവർക്കു കഴിയുമ്പോൾ, അവർ ചരിത്രപുരുഷരാവും. അവരെ പ്രചരിപ്പിക്കുവാനും, പ്രദർശിപ്പിക്കുവാനും അപ്പോൾ അനുയായികൾ തയ്യാറാകും.

## നേതാവിൻെറ ആയുധങ്ങൾ

നേതാവ് വിദ്യകൊണ്ടു് പ്രബുദ്ധനും സംഘടനകൊണ്ടു് ശക്തനും കർമ്മംവഴി ചരിത്ര നിർമ്മാതാവും ആകണം.

സംഘടനയാണു് നേതാവിൻെറ ഏററവും മൂർച്ചയേറിയ ആയുധം,

സംഘടിച്ചാലെ ശക്തരാവൂ. ശക്തിയാണ് ലോകത്തിന് പരിവത്തനം വരുത്തുക. സംഘടിക്കുക, ശക്തരാവുക എന്നതാണല്ലോ ഇക്കാലത്തെ മുദ്രാവാക്യവും.

മനുഷ്യൻെറ കൂട്ടായ പ്രവത്തനത്തിന് ശാസ്ത്രീയമായി രൂപം കൊടുത്തു കൂടുതൽ ഫലപ്രദമായ വിധത്തിൽ പ്രവർത്തിക്കുവാനുള്ള മാധ്യമമാണ് സംഘടന.

സംഘടന പൂജിയ്ക്കാനുള്ള വിഗ്രഹമല്ല; പ്രയോഗിക്കുവാനുള്ള ആയുധമാണ്.

സംഘടന ശക്തിപ്രാപിയ്ക്കണമെങ്കിൽ അതിന് ഒരു വിശ്വാസപ്രമാണം വേണം പ്രത്യയശാസ്ത്രം വേണം- തത്വശാസ്ത്രം വേണം. സംഘടനയ്ക്ക് കർമ്മപരിപാടി വേണം- പ്രോഗ്രാം.

സംഘടനയായതുകൊണ്ട് അതിന് നയങ്ങളും തന്ത്രങ്ങളും വേണ്ടി വരും.

പാർട്ടിയന്ത്രം ശക്തമായിരിയ്ക്കണം; നേതാവ് നേതൃത്വ സംഘം- ഉപനേതാക്കരം- പ്രാദേശികനേതാക്കരം- പരിശീലനം നേടിയ കേഡറന്മാർ- അനുയായികരം – ആരാധകർ.

വ്യാപകമായ അർത്ഥത്തിൽ പറഞ്ഞാൽ, സംഘടനാപരമായ കെട്ടുറപ്പിലും, അതിൻെറ വീറുള്ള പ്രത്യയ ശാസ്ത്രത്തിലും, കർമ്മപരിപാടിയിലും നയത്തിലും, നേതാക്കളിലും, ജനങ്ങളിലും കൂടിയാവും നല്ല നേതൃത്വം വേരുറപ്പിച്ചുനിന്നു പ്രകാശം വിതറുക.

## സംഘാടകൻ

സംഘടനാപ്രവർത്തനം നടക്കണമെങ്കിൽ നേതാവും പ്രവർത്തകരും, അനുയായികളും പോരാ, സമർത്ഥനായ

സംഘാടകൻകൂടിവേണം. അയാളാവും ചുക്കാൻ പിടിക്കുക. സംഘാടകനെ അനിമേററർ എന്നാണ് വിളിക്കുക, "ഉത്തേജകൻ" എന്നതാണ് ഈ വാക്കിൻെറ തർജ്ജമ.

ഏതു കാര്യവും നടക്കണമെങ്കിൽ, ബുദ്ധികൂർമ്മതയുള്ള കാര്യപ്രാപ്തിയുള്ള, സാഹസികമനോഭാവമുള്ള, സംഘാടകർ വേണം. കാന്തശക്തിയുള്ളവനാവണം അവൻ. ഏതു ജോലിയും ഫലപ്രദമായി ചെയ്യുന്നതു് സംഘാടകൻ വഴിയാവും.

നല്ല സംഘാടകൻ നേതാക്കളേയും പാർട്ടിയേയും വളർത്തിയെടുക്കും.

സംഘാടകൻ എഞ്ചിൻ മുറിയിൽ കഴിയേണ്ടവനാണ്. തന്മൂലം ദേഹത്തു കരിപുരളും. ചൂടു സഹിക്കേണ്ടിവരും. ഓയിൽ ദേഹത്തു പുരളും. അതേ സമയം അറിയപ്പെടുകയില്ലതാനും. അറിയപ്പെടുവാൻ നല്ല സംഘാടകനു് ആഗ്രഹം ഉണ്ടാവരുതു്.

## സംഘടനാ സംസ്ക്കാരം

നമ്മുടെ നാട്ടിൽ ധാരാളം സംഘടനകൾ ഉണ്ടു്; നേതാക്കളുണ്ടു്; ഉപനേതാക്കളുണ്ടു്, പ്രാദേശികനേതാക്കളുണ്ടു്. പക്ഷേ, നേതാക്കൾക്കു്, പ്രവത്തകക്കു് സംഘടനാ സംസ്ക്കാരം ഇല്ല. ഒരാൾ ചത്താലേ തനിക്കു് രക്ഷയുള്ളുവെന്നതാണിവിടത്തെ നില. അധികാരം കിട്ടിയവൻ അതു് മരണംവരെ നിലനിത്തുവാനും ആഗ്രഹിക്കുന്നു. കഴിവുള്ളവരെ ബോധപൂർവ്വം വളർത്തുന്നില്ലെന്നു മാത്രമല്ല, അവരെ അധികാരത്തിലെത്താനാവാത്തവിധത്തിൽ ദൂരെ നിറുത്തുന്നു. ചില നേതാക്കൾ, ഏഴാംതരക്കാരെ മാത്രമേ നേതൃതചനിരയിൽ പ്രതിഷ്ഠിക്കൂ.

നേതാവിനെ ആദരിക്കുവാനും ഉപനേതാക്കൾക്കു് അറിവില്ല. കുററപ്പെടുത്തലും നിന്ദിക്കലുമാണു് പ്രധാന ഹോബി. നമ്മുടെ നാട്ടിലെ മിക്ക പാർട്ടികളും തകന്നതു് ആന്തരികമായ ജീർണ്ണതമൂലമാണു്; തുറന്നമനസ്സും തുറന്ന പെരുമാററവും കുറവു്. കപടനാട്യക്കാരാണു് മിക്കവരും.

സ്വാർത്ഥത കൂടും. തൻപ്രമാണിത്വമാണു് മറെറാരു രോഗം. അദ്ധ്വാനിക്കുവാനല്ല, ഉപായങ്ങൾവഴി കാര്യങ്ങൾ നേടുവാനാണു് മോഹം. പണത്തോടുള്ള ആർത്തി വളരെ കൂടുതലാണു്. സത്യത്തിനല്ല, നയത്തിനാണു് ഇവിടെ പ്രാധാന്യം. ഈ നില മാറാത്തകാലത്തോളം, ഇവിടെ ഒരു ''സംഘടനാസംസ്ക്കാരം'' ഊറിക്കൂടുകയില്ല.

## നേതാവിൻെറ യോഗ്യതകൾ, ഗുണങ്ങൾ, കടമകൾ.

1 ദൈവത്തിലുള്ള ആശ്രയത്വം.
2 ലക്ഷ്യബോധം.
3 വാക്കു്സാമർത്ഥ്യം.
4 അറിവു്.
5 സേവനതല്പരത.
6 സ്നേഹപ്രകൃതം.
7 ധീരത
8 വിമർശനം കേൾക്കുവാനുള്ള കഴിവു്.
9 പ്രായോഗികബുദ്ധി.
10 കാര്യശേഷി.
11 എന്തിനേയും പുഞ്ചിരിയോടെ അഭിമുഖീകരിക്കുവാനുള്ള ത്രാണി.
12 അർപ്പണ മനോഭാവം.
13 ആരേയും സ്നേഹിച്ചു് കീഴ്പ്പെടുത്തുവാനുള്ള കരുത്തു്.
14 ഉൽകൃഷ്ട മനഃസ്ഥിതി,

15 ഉത്തരവാദിത്വബോധം.
16 ആവശ്യത്തിനു് പണം.
17 നയിക്കുവാൻ വേണ്ടത്ര ശക്തിയും പ്രശസ്തിയും
18 ആകർഷകമായ വ്യക്തിത്വം.
19 സത്യസന്ധത.
20 സാഹസികത്വം.
21 ആരോഗ്യം.
22 ആത്മവിശ്വാസം.
23 ശുഭാപ്തിവിശ്വാസം.
24 കൃത്യനിഷ്ഠ.
25 അച്ചടക്കം.
26 നീതിബോധം.
27 പ്രസാദാത്മകത്വം.
28 ബുദ്ധികൂർമ്മത.
29 ഭരണശേഷി.
30 ക്ഷമാശീലം.
31 ആത്മാർത്ഥത.
32 സ്ഥിരോത്സാഹം.
33 കഠിനാദ്ധ്വാനശീലം.
34 ത്യാഗംചെയ്യുവാനുള്ള കഴിവു്.
35 വിട്ടുവീഴ്ചാമനോഭാവം.
36 ആദർശധീരത.
37 ലളിതജീവിതം.
38 സമഭാവന.
39 വിശ്വസ്തത.
40 മധുരതരമായ സംസാരം.
41 നമ്മബോധം.
42 ധമ്മബോധം – മൂല്യബോധം.
43 ഹൃദയവിശാലത.
44 അധികാരവികേന്ദ്രീകരണ മനോഭാവം.
45 തീരുമാനമെടുക്കുവാനുള്ള കഴിവു്.
46 മുൻനിന്നു് പ്രവർത്തിക്കുവാനുള്ള തൻേറടം.
47 തെറവു് കണ്ടാൽ തിരുത്തിക്കയറുവാനുള്ള പ്രവണത.
48 അവസരത്തിനൊത്തു് ഉയരുവാനുള്ള ശേഷി.

49 ആരുമായും സഹകരിച്ച് പ്രവർത്തിക്കുവാനുള്ള കഴിവ്.

50 പ്രവർത്തികളെ ക്രമീകരിച്ച് ചെയ്തു തീർക്കുവാനുള്ള വാസന.

51 ക്രാന്ത ദർശിത്വം.

52 നിസ്വാർത്ഥത.

53 ജാഗ്രത.

54 സമനിലതെററാത്ത മനസ്സ്.

55 പണവും ശക്തിയും ധൂർത്തടിയ്ക്കാതിരിക്കുവാനുള്ള കഴിവ്.

56 സമയം മുഴവൻപ്രയോജനപ്പെടുത്തുവാനുള്ള ശക്തി.

57 വികാരഭരിതനാവരുത്.

58 ആരേയും പ്രയോജനപ്പെടുത്തുവാനുള്ള കഴിവ്

59 കഠിനഹൃദയനാവരുത്; അതേസമയം മൃദുലഹൃദയനുമാവരുത്.

60 നേതാവ് എപ്പോഴും പ്രശ്നങ്ങളെ അഭിമുഖീകരിച്ചു കൊണ്ടേ ഇരിക്കും. പക്ഷേ ഉള്ളിൽ തട്ടരുത്. കൊല്ലൻെറ ആലയിലിരിക്കുന്നവൻെറ മുഖംപോലെയാകരുത്.

61 നേതാവ് ഏറെ ചൂടാവരുത്. ഏറെ തണുത്തവനുമാകരുത്.

62 വ്യക്തമായ ലക്ഷ്യവും പ്ലാനും ഉണ്ടായിരിക്കണം. ആസൂത്രണം ചെയ്തിട്ടേ വൻകാര്യങ്ങൾ ചെയ്യാവൂ.

63 ഔചിത്യമുള്ള പ്രസ്താവനകളെ, പുറപ്പെടുവിക്കാവൂ.

64 നേതാവ് ജനങ്ങൾക്ക് ആചാര്യനും വഴികാട്ടിയും ആവണം.

65 ആവേശം വേണം; അമിതാവേശം പാടില്ല.

66 പിൻഗാമികളെ വളർത്തിക്കൊണ്ടുവരണം.

67 തീരുമാനങ്ങൾ വ്യക്തമായിരിക്കണം.

68 സ്നേഹത്തോടെ സേവിക്കണം.

69 മുഖ്യലക്ഷ്യങ്ങളിൽ ഏറെ ശ്രദ്ധ കേന്ദ്രീകരിക്കുക. ചില്ലറ കാര്യങ്ങളിൽ വീഴ്ച പററിയാലും സാരമാക്കേണ്ടതില്ല. ഗോൾ അടിക്കുന്നതിലാകണം ശ്രദ്ധ.

70 താൻ വൻ കാര്യങ്ങൾക്കായി ജനിച്ചിരിക്കുന്നുവെന്ന ചിന്ത നേതാവിനു വേണം.

71 അനുയായികൾക്ക് അലസരാകുവാൻ ഇടം നൽകരുത്. അവക്ക് മതിയായ ജോലി കൊടുക്കണം.

72 ലക്ഷ്യത്തിൽനിന്നു് അകലാതെ, നിരന്തരം നീക്കു പോക്കുകൾ അംഗീകരിച്ചു് മുന്നോട്ടുപോകുവാൻ കഴിയണം നേതാവിനു്.

73 സാഹചര്യത്തിന്റെ വെല്ലുവിളികളെ സുധീരം നേരിടണം. വെല്ലുവിളികൾ വരുമ്പോൾ സംഘടനയ്ക്കു് പുതിയ ചൈതന്യം പകർന്നുകൊടുക്കണം നേതാവു്.

74 സംഘടനയ്ക്കു് രണ്ടുതരം ലക്ഷ്യങ്ങളുണ്ടു് –താൽക്കാലികലക്ഷ്യവും ശാശ്വതലക്ഷ്യവും. പ്രവർത്തകർക്കു് പലപ്പോഴും താൽക്കാലികലക്ഷ്യത്തിലേ താല്പര്യംകാണൂ; പക്ഷേ നേതാവു് ദീർഘദൃഷ്ടിയോടെ വേണം നീങ്ങാൻ.

75 വികാരവിചാരങ്ങളെ നിയന്ത്രിക്കണം.

76 താണവരുമായി ഉണ്ടും ഉറങ്ങിയും കഴിയണം നേതാവു്, വല്ലപ്പോഴുമെങ്കിലും താനേ പറക്കാനും ഉന്നതങ്ങളിലൂടെ പറക്കുവാനും നേതാവിനു് കഴിയണം.

77 മനഃശാസ്ത്രം പഠിച്ചിരിക്കണം. കൂടെയുള്ളവരെ അറിഞ്ഞു്, മനസ്സിലാക്കി, സ്നേഹിച്ചാദരിക്കണം.

78 സഹപ്രവർത്തകരുടെ കുററങ്ങളും കുറവുകളും കണ്ടുപിടിക്കണം. അവ പരസ്യമായി പറയരുതു്.

79 സഹപ്രവർത്തകരുടെ പ്രശസ്തിക്കുവേണ്ടി നേതാവു് ബോധപൂർവ്വം പ്രവർത്തിക്കണം.

80 നേതാവു് പട്ടാളത്തലവനല്ല, പിതാവാണു്.

81 ഉന്നതനിലവാരം പുലർത്തണം നേതാവു്–എല്ലാനിലയിലും,

82 അയവുള്ള നിലപാടുകൾ സ്വീകരിക്കുവാൻ നേതാവിനു് കഴിയണം.

83 നേതാവ് തത്വത്തിൻെറ തടവുകാരനാവരുത്. വാക്കുകളെ കർമ്മങ്ങളാക്കി മാററുവാൻ കടപ്പെട്ടവനാണ് നേതാവ്.

84 "ചീഫ് പോപ്പുലാരിററി"ക്ക്വേണ്ടി നേതാവ് ഒന്നും പ്രവർത്തിക്കരുത്; പറയരുത്.

85 ഫലിതബോധംവേണം നേതാവിനു്. ഫലിതം സംഘടനയിലെ സംഘർഷം കുറയ്ക്കുവാൻ സഹായിക്കും.

86 സാഹിത്യകലാവിനോദപരിപാടികളിൽ പങ്കെടുക്കണം. വലിയ ഗൗരവക്കാരനായി നടിക്കരുത്.

87 മനുഷ്യപ്പററുള്ളവനാവണം നേതാവ്. മാനുഷികസമീപനം എപ്പോഴും ഉണ്ടായിരിക്കണം.

88 "ഞാൻ", "ഞാൻ" എന്ന പ്രയോഗം നേതാവിനു് നന്നല്ല; "നമ്മൾ" എന്നതാണുത്തമം.

89 പ്രദർശനത്തിനും പ്രചാരത്തിനുംവേണ്ടി അമിതമായ താല്പര്യം കാണിക്കരുത്– പക്ഷെ വിളക്ക് പീഠത്തിൻെറ മുകളിൽ വെയ്ക്കണം, പറയുടെ കീഴിൽ വെയ്ക്കരുത്.

90 ഔചിത്യത്തോടെ ഓരോ രംഗത്തും നേതാവ് പെരുമാറണം– കല്യാണവീട്ടിൽ, മരണസ്ഥലത്ത്, സ്വീകരണവേദിയിൽ....

91 മാന്യമായ വസ്ത്രധാരണത്തിൽ ശ്രദ്ധിക്കണം.

92 ശുചിത്വബോധമുള്ളവനായിരിക്കണം.

93 ഉരുക്കുപോലെയുള്ള ഉത്തരങ്ങൾ പറഞ്ഞു് സഹപ്രവർത്തകരെ, ചർച്ചാവേളയിൽ തകർക്കരുത്; "മയ"മുള്ള ഉത്തരങ്ങൾ മതിയാവും. എന്നാൽ ചോദ്യം ശത്രുവിൻേറതാണെങ്കിൽ യുക്തംപോലെ ചെയ്യാം.

94 വിമർശനാത്മകമായ വിലയിരുത്തൽ പാർട്ടിക്കകത്തു് നടത്തണം.

95 നേതാവ് ജ്ഞാനദീപം- കർമ്മദീപം- സ്നേഹദീപം ആവണം.

96 നേതാവ് പ്രശ്നങ്ങളെ പ്രസംഗംകൊണ്ടും (തത്വം) കർമ്മംകൊണ്ടും നേരിടണം.

97 മൂന്നുതരം സമീപനങ്ങൾ ഉണ്ട്. ക്രിയാത്മകം, നിഷേധാത്മകം, അവഗണനാപരം. സാഹചര്യം നോക്കി മൂന്നിൽ ഏതെങ്കിലും ഒന്നിനെ പ്രയോജനപ്പെടുത്താം.

98 താക്കോൽ സ്ഥാനങ്ങൾ കയ്യടക്കിയിരിക്കണം. മർമ്മസ്ഥാനങ്ങളിൽ വിശ്വസ്തർ ഉണ്ടായിരിക്കണം. ("ചതി"യന്മാർ എവിടേയും ഉണ്ടാകും.)

99 ശ്രദ്ധാപൂർവ്വം എന്തും കേൾക്കുവാൻ തയ്യാറാവുക.

100 നീ ആരാണെന്നറിയുക. കഴിവും കഴിവുകേടും കണ്ടെത്തുക, പരിഹരിക്കുക.

101 ആരോഹണത്തോടൊന്നിച്ച് ആരോപണം വരും. ഭയപ്പെടരുത്, അതിന്റെ വേര് മുറിക്കുക. അപ്പോൾ വീണ്ടും കുതിച്ചുയരാം.

102 നേതാവ് കാഴ്ചക്കാരനാവരുത്; നടത്തിപ്പുകാരനാവണം.

103 തള്ളിക്കേറി നന്മ ചെയ്യണം. എവിടെ ചെയ്യണം; എന്തു ചെയ്യണം; എപ്പോൾ ചെയ്യണം; എങ്ങിനെ ചെയ്യണം എന്നതിനെക്കുറിച്ച് വേണ്ടത്ര ആലോചന വേണം.

104 സാമൂഹ്യാവബോധം നേടിയിരിക്കണം.

105 പ്രശസ്തിയുണ്ടാവുകവഴി നേതാവിനു് ഒരു വിശേഷാൽ ശക്തി കിട്ടും. പ്രശസ്തിയുള്ള ആളുകളോടു് അനുയായികൾക്കു് പെട്ടെന്നു് വിധേയത്വം ഉണ്ടാവും; അത്തരക്കാരെ ജനം ആദരിക്കും. കീർത്തിമാനായ നേതാവ് പറയുന്നതനുസരിക്കുവാൻ അനുയായികൾക്കു് ഒരുതരം ലഹരിയാണു്.

106 നേതാവ് നേതൃത്വനിരയിലെ നേതാക്കളോട് വളരെ അടുത്തു് ആലോചിക്കുകയും പെരുമാറുകയുംചെയ്യണം. അവരുടെ വ്യക്തിപരമായ, കുടുംബപരമായ എല്ലാ കാര്യങ്ങളിലും ശ്രദ്ധ വേണം.

107 ജീവിത വിശുദ്ധി വേണം.

108 പരസ്നേഹം.

109 ദീർഘദൃഷ്ടി.

110 തീരുമാനമെടുത്താൽ അതു് നടപ്പാക്കുവാൻ തന്റേടം കാണിക്കണം.

111 അഹങ്കാരം പാടില്ല.

112 അപകർഷതാബോധം പാടില്ല.

113 ഏതുസന്ദർഭത്തിലും പ്രവർത്തിക്കുവാൻ തയ്യാറാവണം.

114 അനുയായികളെ സ്നേഹിച്ചു കീഴ്പ്പെടുത്തുവാനും, അവർക്കു് ആവേശവും പ്രചോദനവും പകർന്നുകൊടുക്കുവാനും അവരെ വേണ്ടതുപോലെ പരിഗണിക്കുന്നുണ്ടെന്ന വസ്തുത അവരിൽ ജനിപ്പിക്കുവാനും നല്ല നേതാവിനു കഴിയണം.

115 ഏറ്റെടുക്കുന്ന കാര്യത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചു് പ്രവർത്തിക്കണം.

116 നിരന്തരചിന്തയും അന്വേഷണവുംവഴി ഏതിന്റേയും മൂലകാരണം കണ്ടെത്തണം.

117 ധീരത പുണ്യമാണു്; ഭീരുത്വം പാപവും.

118 നമുക്കുവേണ്ടി എന്തുചെയ്തുവെന്നല്ല, നമ്മൾ അന്യർക്കുവേണ്ടിഎന്തുചെയ്തു എന്നതാവണം നോക്കേണ്ടതു്.

119 തെളിയിക്കപ്പെട്ട കാര്യശേഷി വിജയത്തിന്റെ അച്ചാരമാണു്. പക്ഷേ കാര്യശേഷി തെളിയിക്കണമെങ്കിൽ അസാമാന്യമായ കഴിവും തന്റേടവും അദ്ധ്വാനവും സമയവും വേണം.

120 അറിയപ്പെടാത്ത ദേവനെ ആരും പൂജിക്കുകയില്ല.

121 മററുള്ളവരുടെ വിനോദത്തിലും പങ്കുകൊള്ളണം.

122 നേതാവു് നിർഭയനായിരിക്കണം.

123 എല്ലാററിനെപ്പററിയും സാമാന്യമായ അറിവു് സമ്പാദിച്ചിരിക്കണം. പക്ഷേ സ്വന്തം മേഖലയിലെത്തിയാലേ അഭ്യാസങ്ങൾ കാണിക്കാവൂ.

124 തീക്ഷ്ണതയും ആവേശവും നേതാവിനു വേണം. എങ്കിലേ അവ അന്യരിലേയ്ക്കു പകൎന്നു കൊടുക്കുവാൻ കഴിയൂ. ആവേശം ഒരു പകർച്ചവ്യാധിപോലെയാണ്.

125 സ്വയാർജ്ജിതമല്ലാത്ത ശക്തിയും സ്ഥാനം ഉപയോഗിച്ചു പ്രവർത്തിക്കുമ്പോൾ നിതാന്തജാഗ്രതയും ഏറെ വിനയവും വേണം. (പണക്കാരുടെയും അധികാരികളുടെയും മക്കൾ കുറുക്കുവഴികളിലൂടെ ഉന്നതസ്ഥാനങ്ങളിലെത്തുമല്ലോ.)

126 നേതാവിൻെറ ഏററവും വലിയ ഉററ സുഹൃത്ത് സ്വന്തം ശക്തിയാണ്.

127 നേതാവ് കുറച്ചു പറയണം; ഏറെ പ്രവത്തിക്കണം.

128 ഉന്മേഷവാനാവണം.

129 അനുസരിക്കുവാൻ കഴിയുന്നവനേ കല്പിക്കുവാൻ കഴിയൂ. നല്ല ദാസനാകുവാൻ കഴിയുന്നവനേ നല്ല യജമാനനാകുവാനും കഴിയൂ.

130 സമരത്തിൽ ക്ഷീണം പററിയാലും നേതാവ് വീറ് വിടരുത്; വിട്ടാൽ അണികൾ തളരും.

131 നേതാവ് കഴിവും കാര്യപ്രാപ്തിയും ഉള്ളവനാണെന്ന് തെളിയിക്കണം.

132 ആകസ്മികസംഭവങ്ങൾ ഉണ്ടാകുമ്പോൾ നേതാവ് പകക്കരുത്.

133 നേതാവ് പത്രക്കാരുമായി സംസാരിക്കുമ്പോൾ നമുക്ക് ആവശ്യമുള്ള കാര്യങ്ങളിൽ പഴുതടച്ചു സംസാരിക്കണം; അല്ലാത്ത കാര്യങ്ങളിൽ അയവു വരുത്താം; അവ്യക്തത വരുത്താം.

134 നല്ല നിർദ്ദേശങ്ങൾ, സൃഷ്ടാത്മക ചിന്തകൾ സഹപ്രവത്തകരും എതിരാളികളും പറയുമ്പോൾ ഉടനടി അംഗീകരിക്കണം.

135 നേതാവ്, തൻെറ സ്വന്തമായ ശക്തിയിൽ ഊന്നി നിന്നുവേണം പ്രവൎത്തിക്കുവാൻ; സ്വന്തമായി വേരില്ലെങ്കിൽ എപ്പോഠംവേണമെങ്കിലും അടിതെററിവീഴാം. (വേരില്ലെങ്കിൽ പേരെന്തിനാണ്?) സഹപ്രവൎത്തകനിൽ പലപ്പോഴും "ശത്രു" പതുങ്ങിയിരിക്കും. നാം അശക്തനാണെന്നു് കണ്ടാൽ ശത്രു തന്ത്രപരമായ "കളി" നടത്തും – "കുട്ടിയാനയുടെ" കളി.

എല്ലാവരേയും സ്നേഹിക്കുക; ആദരിക്കുക. എന്നാൽ സമ്പൂൎണ്ണമായി വിശ്വസിക്കരുതു്. താക്കോൽ കൈവശം സൂക്ഷിക്കുക; യൂദാസുകഠം, ബ്രൂട്ടസുമാർ ചുററും ഉണ്ടാകും.

136 പിൻഗാമികളെ വളൎത്തിക്കൊണ്ടുവരുവാൻ നേതാവ് ഉററു ശ്രമിക്കണം. അവരെ പ്രശസ്തരാക്കണം. മേൽവിലാസം ഉള്ളവരാക്കണം.

137 ഹിമാലയത്തിൽ നൂറിൽപ്പരം ഗിരിശൃംഗങ്ങഠം ഉണ്ടു് പക്ഷേ എവറസ്റ്റ്മാത്രം അറിയപ്പെടുന്നു. ബാക്കിയുള്ളവയെ ആളുകഠം മറക്കുന്നു. ജനാധിപത്യക്രമത്തിലും ഇങ്ങനെ സംഭവിക്കാം; കഴിയുന്നതും ഇതു് പരിഹരിക്കണം

138 നേതാവ് എപ്പോഴും സ്നേഹത്തിൻേറയും സേവനത്തിൻേറയും പരിമളം പരത്തണം.

139 നേതാവ് ജ്ഞാനയോഗിയും കൎമ്മയോഗിയും ആകണം.

140 നേതാവിൻെറ ഹോബി വായനയാവുന്നതാണു് നന്നു്.

141 നേതാവിനു് ഒരു ഡയറിയുണ്ടായിരിക്കണം.

142 വാക്കു പാലിക്കണം.

143 ആത്മകഥയെഴുതുവാൻ തക്കപ്രാകത്തിൽ, ജീവചരിത്രക്കുറിപ്പുകഠം തയ്യാറാക്കി വയ്ക്കണം. ആഴ്ചതോറുമെങ്കിലും കുറിപ്പുകഠം എഴുതണം. ദിവസവും എഴുതുകയാണുത്തമം.

144 ഗ്രന്ഥപാരായണംവഴി ലഭിക്കുന്ന ആശയങ്ങഠം ഒരു നോട്ടുബുക്കിൽ കുറിച്ചുവെയ്ക്കണം.

145 ഉപചാരവിധികരം പാലിക്കണം.

146 മററുള്ളവർക്കു് സമ്മാനങ്ങരം, വിശേഷാവസരങ്ങളിൽ നൽകണം.

147 നല്ല സുഹൃത് വലയം ഉണ്ടായിരിക്കണം. പാർട്ടിക്കു് പുറത്തും സ്നേഹിതന്മാർ വേണം.

148 എപ്പോരം മുതലാണു് നേതാവാകുവാൻ തുടങ്ങുക – ഇപ്പോരം മുതൽ- ഈ നിമിഷം മുതൽ.

149 നിരീക്ഷണപാടവം.

150 ആസൂത്രണപാടവം.

151 പുതിയ പരിപാടികരം വ്യക്തമായി പ്രകാശിപ്പിക്കുവാനുള്ള കഴിവു്.

152 വിദഗ്ധമായ പ്രവർത്തനം.

153 എതിർപ്പിലൂടെ വെട്ടിത്തിളങ്ങുവാൻ പഠിക്കണം.

154 പ്രബോധനം, ഭരണം, സേവനം എന്നീ മൂന്നു കാര്യങ്ങളിലും ശ്രദ്ധവേണം.

155 അവഹേളനത്തേയും അവഗണനകളേയും മറികടക്കുവാനുള്ള തൻേറടം.

156 ഉള്ള വിഭവങ്ങളെ ബോധപൂർവ്വം പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

157 വ്യാപകമായ സഞ്ചാരപരിചയം വേണം.

158 നിരന്തരം പ്രവർത്തിക്കണം.

159 നല്ലതു കണ്ടാലുടനെ പ്രശംസിക്കുക.

160 ചിട്ടപ്പെട്ട ജീവിതം.

161 ചരിത്രാവബോധം

162 ശുഭപ്രതീക്ഷാശീലം

163 കൂട്ടുത്തരവാദിത്വബോധം

164 വിജയിക്കുവാനായി പിന്മാററം ആകാം. സന്ധിയും ആകാം.

165 മാനസികമായ പക്വത

166 മിതവ്യയം

167 സാഹചര്യങ്ങളോടു സമർത്ഥമായി പൊരുത്തപ്പെട്ടു പോകുവാനുള്ളകഴിവു്

168 സ്വാശ്രയബോധം

169 വൈകാരിക പക്വത

170 നയചാതുര്യം

171 ഭാവനാവിലാസം

172 വ്യക്തിബന്ധങ്ങൾ ഊട്ടിയുറപ്പിക്കുവാനുള്ള ശേഷി

173 പ്രത്യുൽപ്പന്ന മതിത്വം

## എല്ലാ തുറകളിലും നേതാക്കൾ

ജീവിതത്തിൻെറ എല്ലാ തുറകളിലും നേതാക്കന്മാർ വേണം. ഒരു സമ്പൂർണ്ണ സമുദായത്തിൻെറ സമഗ്രമായ വികസനത്തിനും പുരോഗതിക്കും ജീവിതത്തിൻെറ എല്ലാ മേഖലകളിലും കരുത്തന്മാരായ നേതാക്കൾ വേണമെന്ന കാര്യത്തിൽ ചിന്തകന്മാർ ഏക അഭിപ്രായക്കാരാണു്.

സാധാരണ ഒരാൾക്കു് ഏതെങ്കിലും ഒരു രംഗത്തെ നക്ഷത്രതുല്യമായി ശോഭിക്കുവാൻ കഴിയൂ. ചുരുക്കം ചില പ്രതിഭാശാലികൾക്കു മൂന്നോ നാലോ മണ്ഡലങ്ങളിൽ പ്രകാശം പരത്തുവാൻ കഴിഞ്ഞെന്നുവരാം.

ഭിന്നമണ്ഡലങ്ങളുടെ പേരുകൾ സൂക്ഷ്മമായി രേഖപ്പെടുത്തുക പ്രയാസമാണു്. ശാഖകൾക്കു് ഉപശാഖകളും വരും. എന്നാലും ഇതാ ഒരു ലഘു വിവരണം.

1 രാഷ്ട്രീയം, 2 സാമ്പത്തികം, 3 മതം 4 സാമൂഹ്യം 5 സാംസ്കാരികം 6 വിദ്യാഭ്യാസം 7 തൊഴിൽ 8 ധാർമ്മികം 9 ശാസ്ത്രം 10 ആശയപ്രചരണ മാധ്യമം 11 സിനിമ 12 സാഹിത്യകലാരംഗം 13 കായികരംഗം 14 ആരോഗ്യവും വൈദ്യശാസ്ത്രവും 15 കുടുംബമേഖല 16 യുവജന വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ 17 സാമുദായിക പ്രവർത്തനരംഗങ്ങൾ 18 ഭക്തസംഘടനാപ്രവർത്തനങ്ങൾ.

മനുഷ്യസമുദായത്തിൻെറ സമഗ്രവികസനത്തിനും പുരോഗതിക്കുംവേണ്ടി എല്ലാ മേഖലകളിലേയും നേതാക്കന്മാർ, വിദഗ്ദ്ധന്മാർ എന്നിവർ ഒന്നിച്ചുകൂടണം; ഒരു കോ-ഓർഡിനേഷൻ കമ്മററി രൂപീകരിക്കണം. അതിനു സമർത്ഥനായ ഒരു കൺവീനറും വേണം. കൂട്ടനേതൃത്വം എന്ന തത്വം അംഗീകരിച്ചാലേ പുരോഗതിയുണ്ടാകൂ. ഈ ചെറുസംഘം തത്വം ആവിഷ്കരിക്കണം; പരിപാടിയുടെ ''ബ്ളു പ്രിൻറു'' തയ്യാറാക്കണം. ''അത്യാവശ്യകാര്യങ്ങളിൽ ഐക്യം; അല്ലാത്ത കാര്യങ്ങളിൽ സ്വാതന്ത്ര്യം; എല്ലാ കാര്യങ്ങളിലും സ്നേഹം'' എന്ന പ്രമാണം അംഗങ്ങൾ സ്വീകരിക്കണം. മനുഷ്യരെയെല്ലാം ദൈവമക്കളായി കരുതണം. നേതാക്കൾ പരസ്പരം സ്നേഹിക്കണം; ആദരിക്കണം; പ്രാദേശിക നേതാക്കന്മാരെ രാസത്വരകമാക്കി മാററുവാൻ കഴിഞ്ഞാൽ ഏതു കാര്യവും ജനപ്പങ്കാളിത്തത്തോടെ നടപ്പാക്കുവാൻ ബുദ്ധിജീവികളുടെ ഈ ചെറുസംഘത്തിനു കഴിയും.

പാർട്ടിയായാലും, സമുദായമായാലും പ്രബുദ്ധമാകണമെങ്കിൽ ജീവിതത്തിൻെറ ഭിന്നമുഖങ്ങളിൽ ശോഭിക്കുന്ന പ്രതിഭാശാലികൾ ചേർന്നു പ്രവർത്തിക്കുകതന്നെ വേണം.

ഇവർ തമ്മിൽതമ്മിൽ മത്സരിച്ചാലോ പുരോഗതി നിലയ്ക്കും; തകർച്ച സംഭവിക്കും.

നമ്മുടെ നാട്ടിൽ പ്രവാചകന്മാരും, ആചാര്യന്മാരും, ശാസ്ത്രകാരന്മാരും ഗ്രന്ഥകർത്താക്കളും, ഭരണനായകന്മാരും, വാഗ്ഭടന്മാരും, ചരിത്രകാരന്മാരും, വിപ്ലവകാരികളും മതനേതാക്കളും, മന്ത്രിമാരും, ചിന്തകന്മാരും ഉണ്ടാവണം.

## പരിശീലനവും അവസരങ്ങളും

വ്യക്തികൾ തങ്ങൾക്കുള്ള കർമ്മശേഷിയെ വികസിപ്പിക്കണം; ധിഷണയെയും ഭാവനാശക്തിയെയും കഴിവുകളെയും വികസിപ്പിക്കണം.

79604

വാസനകളെ പരിശീലനംവഴിയേ പരിപുഷ്ടമാക്കുവാൻ കഴിയൂ. അതിനു് അവസരങ്ങൾ എത്തിപ്പിടിക്കണം.

പരിശീലനംവഴിയേ വ്യക്തികൾക്കു പക്വതയും, ഉത്തരവാദിത്വബോധവും, കാര്യക്ഷമതയും കാര്യങ്ങൾ ഭരമേൽക്കുവാൻ തക്കവിധത്തിലുള്ള തന്റേടവും മുൻകൈ എടുത്തു പ്രവർത്തിക്കുവാനുള്ള പ്രാപ്തിയും. ലക്ഷ്യബോധവും ഉണ്ടാകൂ.

സ്വയം ചെയ്യണം, മററുള്ളവരെക്കൊണ്ടു ചെയ്യിക്കണം. അവർക്കു ചെയ്യുവാൻ അവസരം നൽകണം, അവരെ പ്രോത്സാഹിപ്പിക്കണം.

ആരോപണം കേൾക്കാതെ, വിമർശനം കേൾക്കാതെ, വിവാദപുരുഷനാകാതെ നേതാവാകുവാൻ എളുപ്പമല്ല. ഏതെങ്കിലും സമർത്ഥനായ ഒരു റിങ്ങ്മാസ്റ്ററുടെ സഹായമില്ലാതെ നല്ല നേതാവാകുവാൻ വയ്യ.

നേതാവ് സാഹചര്യങ്ങളെ ഉൾക്കൊണ്ടു നീക്കുപോക്കുകൾക്കു് വിധേയനായി, എന്നിട്ടു നിശ്ചയ ദാർഢ്യത്തോടെ, കർമ്മധീരതയോടെ, സേവനതല്പരതയോടെ ചുററുപാടുകളെ, സഹപ്രവർത്തകരെ, അനുയായികളെ നിയന്ത്രിക്കുവാൻ പരിശീലനം നേടിയിരിക്കണം.

പരിശീലനം ലഭിച്ചുകഴിഞ്ഞാൽ ഇന്നല്ലെങ്കിൽ നാളെ നമുക്കു അംഗീകാരം ലഭിക്കുമെന്നു് ഉറച്ചു വിശ്വസിച്ചു പരിശ്രമിക്കണം. അവസരം കിട്ടിയാലുടനെ പ്രവർത്തിക്കണം. ചെറിയ അവസരങ്ങളെപ്പോലും പ്രയോജനപ്പെടുത്തണം. ആദ്യം കിട്ടിയ ചെറിയ അവസരം വേറെ നിരവധി സാധ്യതകളുടെ വാതിലുകളെ മലക്കെ തുറന്നിട്ടു തരും. മടിച്ചു നിൽക്കരുതു്. ഭയപ്പെട്ടു നിൽക്കരുതു്.

ആദ്യം പ്രവർത്തിക്കുമ്പോൾ പൂർണ്ണത കൈവരിക്കുവാൻ കഴിയുകയില്ല. എത്ര രോഗികളെ കീറിമുറിച്ചു കൊന്നതിനുശേഷമാവും ഒരാൾ നല്ല ഡോക്ടറാവുക.

DHARMARAM COLLEGE LIBRARY
BANGALORE - 29

യുവനേതാക്കൾക്കു മുതിർന്നവർ സേവനസന്ദർഭങ്ങൾ സൃഷ്ടിച്ചു കൊടുക്കണം, ബോധപൂർവ്വം. (ഒരാൾ മഹാനായ നേതാവാകുന്നതു നിരവധി നേതാക്കന്മാരെ വളർത്തിയെടുക്കൽ വഴിയാവും.)

അവസരത്തിനൊത്തു യുവനേതാക്കൾ ഉണർന്നു പ്രവർത്തിക്കണം. തീപിടുത്തം, വെള്ളപ്പൊക്കം, ഭൂകമ്പം, മഹാവ്യാധി, യുദ്ധം, പട്ടിണി, കലഹം, മരണം, സമ്മേളനം, റാലി മുതലായവ ഉണ്ടാകുമ്പോൾ പെട്ടെന്നു നേതൃത്വം ഏറ്റെടുത്തു പ്രവർത്തിക്കാം.

ഏറെ ആഴത്തിൽ വേരോടിച്ചിട്ടുള്ള, വിശാലമായി ശാഖകൾ പടർന്നുനിൽക്കുന്ന ഉഗ്രൻ പ്രശ്നങ്ങളെ സുധീരം അഭിമുഖീകരിക്കുകവഴി ഒരാൾ നല്ല നേതാവായിത്തീരും. ഗാന്ധിജി, തെക്കേ ആഫ്രിക്കയിലെ അടിമത്തത്തിനെതിരെ ചെയ്തതുപോലെ, നെഹ്രുവും ലെനിനും ലിങ്കനും അവരവരുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയതുപോലെ, നീഗ്രോകളുടെ അടിമത്തത്തിനെതിരെ മാർട്ടിൻലൂഥർ കിംഗ് പടപൊരുതിയതുപോലെ .... സ്നേഹരാഹിത്യത്തിനെതിരെ മദർ ത്രേസ്യാ പടപൊരുതുന്നതുപോലെ........ സന്ദർഭങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുകയും ചെയ്യാം.

## സിദ്ധിയും സാധനയും

മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു്; കുട്ടികൾ പ്രത്യേകിച്ചും. അവർക്കു് അംഗീകാരവും വാത്സല്യവും സമ്മാനങ്ങളും കീർത്തിയും വേണം. അവർക്കു് പ്രോത്സാഹന വചനങ്ങൾ കേൾക്കണം. മററുള്ളവർ തങ്ങളെ പരിഗണിക്കുന്നതായി അവർക്കു തോന്നണം.

ചെറുപ്പത്തിലെ പ്രശസ്തി ലഭിക്കുവാൻ എന്താണു് വഴി? കുട്ടികളുടെ മിച്ചസമയവും മിച്ചബുദ്ധിയും ഉപയോഗിച്ചു് അവരുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ കണ്ടെത്തി വളർത്തി വികസിപ്പിക്കുക എന്നതുതന്നെ ഉത്തരം.

എല്ലാവരിലും ഏതെങ്കിലും സർഗ്ഗാത്മക വാസനകൾ കാണും. അവ ദൈവത്തിൻെറ ദാനങ്ങളാണ്.

ഓരോരുത്തരിലും ഓരോ അത്ഭുത മനുഷ്യൻ ഉണ്ടാകും; കോഴിമുട്ടയ്ക്കകത്ത് കോഴിക്കുഞ്ഞ് ഉണ്ടെന്ന് പറയുന്നതു പോലെ. ആ അത്ഭുതസിദ്ധിയെ പുറത്തേയ്ക്ക് കൊണ്ടുവരുവാൻ ഓരോരുത്തരും കടപ്പെട്ടവരാണ്. അദ്ധ്യാപകർ അതിനു് വഴിയൊരുക്കണം. കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന നൈസർഗ്ഗികമായ വാസനകളെ മുതിർന്നവർ തട്ടിയുണർത്തണം. തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും ഉണ്ടാവാം. അത്തരം നിരവധി രത്നങ്ങൾ ആരും കാണാതെ പാഴ്മണ്ണിൽ കിടക്കുന്നു.

വൈരക്കല്ല് വെറും കരിക്കട്ടയാണല്ലോ. കരിക്കട്ട വൈരക്കല്ലായിത്തീരുന്നതിനു് ചില പ്രത്യേക രാസപ്രവർത്തനങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. അതുപോലെ കുട്ടികളിലെ സ്വതസ്സിദ്ധമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു് അവർക്ക് ശരിയായ നേതൃത്വം ചെറുപ്പത്തിലേ നൽകേണ്ടതുണ്ട്.

വിത്തു് മുളപ്പിക്കണം. വളമിടണം. വെള്ളം ഒഴിച്ച് നനയ്ക്കണം. കള പറിച്ചു മാററണം. ശത്രുക്കളുടെ ആക്രമണത്തിൽനിന്നു് രക്ഷിയ്ക്കണം. രോഗം വരാതെ നോക്കണം. രോഗം വന്നാൽ ചികിത്സ വേണ്ടിവരും. ഇതുപോലെ തന്നെയാണ് സിദ്ധിവികസനത്തിൻെറ കഥയും.

പാവലും പടവലവും പന്തലിയ്ക്കണമെങ്കിൽ വെള്ളവും വളവും മാത്രം പോരാ, പന്തലും വേണം. എങ്കിലേ നല്ല ഫലങ്ങളും ധാരാളം ഫലങ്ങളും കിട്ടൂ.

അതുപോലെ കുട്ടികളുടെ കഴിവുകൾ പടർന്നു പന്തലിച്ച് സത്ഫലങ്ങൾ പുറപ്പെടുവിക്കുവാൻ പ്രേരണയും ഉത്തേജനവും പ്രോത്സാഹനവും സമ്മാനവും നൽകേണ്ടതുണ്ട്. അംഗീകാരവും അഭിനന്ദനവും ഏതു കൊച്ചു കലാകാരനും ആഗ്രഹിക്കുന്നു. അതു ലഭിക്കുമ്പോൾ വ്യക്തിക്ക് ആത്മവിശ്വാസം വർദ്ധിക്കും. അപ്പോൾ കൂടുതൽ ഉയരത്തിൽ, കൂടുതൽ

ശക്തിയിൽ, കൂടുതൽ വേഗതയിൽ മുന്നേറുവാനുള്ള ആത്മ ധൈര്യം അവക്ക് ലഭിക്കും. പ്രചോദനം ലഭിച്ചില്ലെങ്കിൽ കലാകാരൻ തളർവാതം പിടിച്ചവനെപ്പോലെയാവും.

ഒരാളുടെ സിദ്ധികളെ പ്രകാശിപ്പിക്കുവാൻ ചില പ്പോഠം അദ്ധ്യാപകൻെറമാത്രം സഹായം പോരാതെവരാം. ഒരു ടീമിൻെറ സഹായംവേണ്ടി വരും. യേശുദാസിനു് പാടി വിജയഭേരി മുഴക്കുവാൻ ഉപകരണ സംഗീതക്കാരു ടെ സഹായംവേണ്ടി വരും.

ചിലപ്പോഠം കൂട്ടുകൂടിയേ വാസനയെ പുഷ്ടിപ്പെടുത്തു വാൻ കഴിയൂ. നടീനടന്മാരുടെ കാര്യംതന്നെ ഉദാഹരണം.

കുട്ടികളെ സംബന്ധിച്ചു് പറയുമ്പോഠം അവരെ പ്രധാ നമായും സഹായിക്കേണ്ടതു് ഗുരുനാഥന്മാർതന്നെയാണു്. ഏററവും സത്തായിട്ടുള്ളതു് കുട്ടികളിൽനിന്നും പുറത്തേയ്ക്കു് കൊണ്ടുവന്നു് പ്രകാശിപ്പിക്കുക എന്നതാണല്ലോ ശരി യായ വിദ്യാഭ്യാസംതന്നെ.

അറിവു്, കഴിവു്, ബുദ്ധി, ധനം ഇവയൊക്കെ പരമാ വധി വികസിപ്പിച്ചു് പരനു് നന്മ ചെയ്യുവാൻ ഓരോരുത്ത രും കടപ്പെട്ടവരാണു്.

കുട്ടികളുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകഠം, ഈശ്വരീയ വാസനകഠം ഏവ?

1 പ്രസംഗം.
2 സാഹിത്യരചന.
3 പത്രപ്രവർത്തനം.
4 അഭിനയം.
5 ഡാൻസ്.
6 സംഗീതം.
7 ഉപകരണസംഗീതം.
8 ചിത്രരചന.
9 ഫോട്ടോഗ്രാഫി.
10 സാമൂഹ്യസേവനം.
11 സ്പോർട്ട്സ്.

12 ഗെയിംസ്.
13 റേഡിയോക്ലബ്ബ്.
14 സിനിഫോറം.
15 സയൻസ് ക്ലബ്ബ്.
16 ഗവേഷണം.
17 ചരിത്രപഠനം.

ഒരേതരം വാസനയുള്ളവരെ, ഒരുമിച്ചുകൂട്ടി ചെറിയ ഗ്രൂപ്പുകൾ, സംഘങ്ങൾ ഉണ്ടാക്കാം. എന്നിട്ട് അവർക്ക് പ്രത്യേകം പ്രത്യേകം പരിശീലനം നൽകാം. പ്രസംഗസമിതി, സാഹിത്യസമിതി, സംഗീതക്ലബ്ബ്, നാടകസമിതി സോഷ്യൽസർവ്വീസ് ലീഗ്, സ്പോർട്ട്സ് ക്ലബ്ബ് എന്നിങ്ങനെ പല പേരുകൾവഴി അവ അറിയപ്പെടും. ഓരോ ഗ്രൂപ്പിനും ഭരണച്ചുമതല വഹിക്കുവാൻ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾ വേണം.

''പ്രവർത്തനോന്മുഖമായ പരിശീലനം'' കുട്ടികൾക്ക് നൽകണം. ആദ്യം തത്വം, പിന്നെ പരിശീലനം, അതിനെത്തുടർന്ന് പ്രകടനം, പ്രവൃത്തി.

കഴിവുകളെ കണ്ടെത്തണം. സാധനവഴി പുഷ്ടിപ്പെടുത്തണം. നല്ല സാഹചര്യങ്ങളും അവസരങ്ങളും ലഭിച്ചാൽ കഴിവുള്ളവൻ വെട്ടിത്തിളങ്ങും.

എന്നാൽ ഇതിനുവേണ്ടി ആരംഭം കുറിക്കേണ്ടതു് ആരാണ്? അവനവൻതന്നെ.

നിങ്ങളിൽ ഉറങ്ങിക്കിടക്കുന്ന മഹത്തായ കഴിവുകളെ തട്ടിയുണർത്താനും നിങ്ങളിൽ പ്രേരണ ചെലുത്തുവാനും കഴിവുള്ള ഏററവും പ്രധാനപ്പെട്ട ആൾ നിങ്ങൾതന്നെയാണ്.

യഥാർത്ഥത്തിൽ മനുഷ്യൻ അവൻെറ കഴിവുകൾ ശരിക്കും പ്രയോജനപ്പെടുത്തുന്നുണ്ടോ? മനുഷ്യൻ തങ്ങളുടെ ശാരീരികവും ബുദ്ധിപരവും മാനസികവുമായ കഴിവുകളുടെ അഞ്ചു ശതമാനംപോലും വിനിയോഗിക്കുന്നില്ലെന്നാണ് മനഃശാസ്ത്രപണ്ഡിതന്മാരുടെ നിഗമനം.

സർഗ്ഗാത്മക പ്രവത്തനത്തിൽനിന്നു് നമ്മെ പിന്തിരിപ്പിക്കുന്ന നമ്മിലുള്ള നിഷേധാത്മകങ്ങളായ മാനസികമനോഭാവങ്ങൾക്കെതിരെ നാം ശക്തിയായി പോരാടണം.

വാസനകൾ കണ്ടെത്തി വികസിപ്പിച്ച് ആ വാസനാമണ്ഡലത്തിൽ ഉറച്ചുനിന്നു് പ്രശോഭിക്കണം, കുട്ടികൾ. ഓരോരുത്തരും അവരവരുടെ വാസനാമേഖലയിൽ നിന്നുകൊണ്ടുവേണം കാര്യശേഷി തെളിയിക്കേണ്ടതു്. സ്വന്തം മേഖലയെ ഉപേക്ഷിച്ചാൽ, തറപററി വീഴും.

മൽസ്യത്തിനു വെള്ളത്തിലാണു് പരമാനന്ദം; മഹിഷത്തിനു് ചേററിൽ പരമസൗഖ്യം; പക്ഷികൾക്കു് ആകാശത്തിൽ പരമരസം; വാഗ്മിക്കു് പ്രസംഗവേദിയിൽ ലഹരി.

സ്ഥാനഭ്രംശം വന്നാൽ ഒന്നിനു് പരമാനന്ദകരമായിരുന്നതു് മററതിനു് പരമസങ്കടകാരണമാവും.

വാസനകൾ കണ്ടെത്തി, കുട്ടികൾ അവരവരുടെ മണ്ഡലങ്ങളിൽ നിലയുറപ്പിക്കുക; പ്രകാശം തൂകുക, തിളക്കമുള്ളവരാവുക. കഴിവുകളുടെ പാസ്പോർട്ടു് കാണിച്ചു് വിജയപതാക പാറിക്കുക; നക്ഷത്രത്തെപ്പോലെ സ്വയം പ്രകാശിക്കുക.

ദൈവം ഏതെങ്കിലും ഒരു വൈദഗ്ദ്ധ്യമില്ലാതെ ഒരു മനുഷ്യനേയും ഭൂമിയിലേക്കു് വിട്ടിട്ടില്ല എന്ന കാര്യം കൂടെക്കൂടെ ഓർമ്മിക്കുക. ഉദാഹരണത്തിനു് കുരുടൻെറ ഗാനവും മൂകൻെറ ചിത്രരചനയും കാണുക.

ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന കഴിവുകളെ കണ്ടെത്തി വളത്തി വികസിപ്പിച്ച് പ്രഗല്ഭനും പ്രശസ്തനമാവുക; കർമ്മദീപമാവുക: സ്നേഹദീപമാവുക. പ്രയോജനപ്രദവും പ്രകാശപൂണ്ണവും രസപ്രദവുമായ ജീവിതം നയിക്കുക.

## സംഘാതചർച്ച

ഒരു ചെറിയ സംഘം നിർദ്ദിഷ്ട പ്രശ്നത്തിൻെറ വിവിധ വശങ്ങളെ സംബന്ധിച്ച ചർച്ച നടത്തി പൊതുവേ സ്വീകാര്യമായ തീരുമാനങ്ങളിൽ എത്തിച്ചേരുക എന്നതാണ് സംഘാതചർച്ചവഴി ചെയ്യുന്നതു്. അറിവു് പ്രയോഗിക്കുകയാണ് ഇവിടെ.

ഒരു നിർദ്ദിഷ്ട പ്രശ്നത്തെ സംബന്ധിച്ച അഭിപ്രായ വിനിമയം ഇവിടെ നടക്കുന്നു. വ്യക്തിപരമായ മനനത്തിലൂടെ നേടിയെടുക്കുവാൻ സാധിക്കാത്ത പുതുവെളിച്ചം കൂട്ടായ ചർച്ചകളിൽനിന്നും ലഭിക്കും. പ്രശ്നത്തിനു് പരിഹാരമാർഗ്ഗം ആരായുവാനും പുതുനിർദ്ദേശങ്ങൾ സമർപ്പിക്കുവാനും കൂട്ടായ ചർച്ചകൾവഴി കഴിയും. ഏററവും സമുചിതവും പ്രായോഗികവുമായ പരിഹാരമാർഗ്ഗം ചെറു സംഘത്തിൻെറ കൂട്ടായ അന്വേഷണഫലമായി ഉരുത്തിരിയുന്നു.

സ്വാഭിപ്രായ പ്രകടനത്തിനു് ഇവിടെ സ്ഥാനമുണ്ടു്. സ്വതന്ത്രമായ വിചിന്തനത്തിനു് ഇവിടെ സാദ്ധ്യതകളുണ്ടു്. തത്വരൂപീകരണത്തിനു് ഇവിടെ സ്ഥാനമില്ല. തീരുമാനങ്ങൾക്കേ പ്രസക്തിയുള്ളു. തീരുമാനങ്ങൾ രചനാത്മകങ്ങളാവുകയും ചെയ്യണം. വചനം ജഡമാകണം. വാക്കുകൾ പ്രേരിപ്പിക്കുന്നു, പ്രവൃത്തികൾ വിശദീകരിക്കുന്നു എന്നതാണല്ലോ പ്രമാണം. ചർച്ചവഴി പ്രോഗ്രാമിനെക്കുറിച്ച് എല്ലാവരും സുവ്യക്തമായ ഒരു ധാരണയിലെത്തിച്ചേരും.

പ്രവർത്തനത്തിൻെറ ഉറവിടം അവബോധം (awareness) ആണു്. അപഗ്രഥനത്തിൽനിന്നും പരിചിന്തനത്തിൽനിന്നും വേണം അവബോധം ഉരുത്തിരിയുവാൻ. ഈ അവബോധം ചർച്ചകൾവഴി ബലിഷ്ഠതരമാവും. അപ്പോൾ അംഗങ്ങൾ കർമ്മയോഗികളുമാവും.

ചർച്ചവഴി തന്നെത്തന്നെ വിമർശിച്ചു നോക്കിക്കാണുവാൻ കഴിയും; വിമർശിക്കുവാനും വിമർശിക്കപ്പെടുവാനുമുള്ള

ശേഷിഉണ്ടാകും; ചുമതലാബോധം ഉണ്ടാകും ; ധീരമായ നിലപാടുകളെടുക്കുവാനുള്ള ത്രാണിയുണ്ടാകും ;ത്യാഗം ചെയ്യുവാനും വിട്ടുവീഴ്ചചെയ്യുവാനും പഠിയ്ക്കും; മെച്ചപ്പെട്ട ഒരു നവലോകത്തിൻെറ നിമ്മാണത്തിനു വേണ്ടിയുള്ള ഉപകരണമാണു് താനും തൻെറ സംഘവുമെന്ന ബോധം ഓരോരുത്തരിലും ഉണ്ടാകും. ലോകത്തെ പുതുക്കിപണിയുവാൻ ദൈവത്തിൻെറ കൈകളിലെ ഉപകരണങ്ങളാണു് വ്യക്തിയും സംഘവും എന്ന തോന്നൽ എപ്പോഠം നമ്മിൽ ജനിയ്ക്കുന്നുവോ അപ്പോഠം സംഘാതപ്രവത്തനയന്ത്രത്തിനു് ജീവൻ ലഭിയ്ക്കും.

## ഗ്രൂപ്പു ചർച്ചയെ സംബന്ധിച്ച നിയമങ്ങൾ

1 അംഗങ്ങളെ പലഗ്രൂപ്പുകളായി തിരിയ്ക്കണം. ഒരു ഗ്രൂപ്പിൽ ഇരുപതിൽ കൂടുതൽ അംഗങ്ങഠം ഉണ്ടാവാതിരിയ്ക്കയാണുത്തമം. പത്തിൽകുറയാതിരിയ്ക്കുകയുംവേണം.

ഓരോ ഗ്രൂപ്പിനും ഓരോ ലീഡർ വേണം. ഒരു മോഡറേററർ കൂടിയുള്ളതാണു് നന്നു്.

2 ചച്ച്യുടെ ആരംഭം കുറിക്കുവാനായി വിഷയത്തെക്കുറിച്ചു് ആരെങ്കിലും ഒരു ലഘുപ്രസംഗം നടത്താം. അല്ലെങ്കിൽ അച്ചടിച്ച ഒരുപ്രസ്താവന മുൻകൂട്ടി വിതരണം ചെയ്യാം. ചച്ചാ വിഷയത്തിൻെറ പ്രാധാന്യത്തെയും അതിൻെറ താതചികമായ അടിസ്ഥാനത്തെയും വിശദീകരിയ്ക്കണം, ആദ്യം. വിഷയത്തെ അപഗ്രഥിച്ചു് അതിൻെറ വിശദാംശങ്ങളെ ആധാരമാക്കി ഒരു പ്രശ്നാവലി തയ്യാറാക്കണം.

പ്രശ്നാവലിയുടെ ഓരോ കോപ്പി വീതം ഓരോ ഗ്രൂപ്പിനും നല്കുക. പ്രശ്നാവലിയെപ്പററി കൂലങ്കഷമായി ചർച്ച ചെയ്തു് ഓരോ പ്രശ്നത്തിനും തക്കതായ സമാധാനം കണ്ടെത്തുക. തീരുമാനങ്ങഠം ഗ്രൂപ്പ് ലീഡർ രേഖപ്പെടുത്തണം.

3 പ്രശ്നത്തിനു് പ്രായോഗികമായ പരിഹാരങ്ങൾ വേണം നിർദ്ദേശിക്കാൻ. ഉടനടി ചെയ്യേണ്ടതു്, പിന്നീടു് ചെയ്യേണ്ടതു് എന്നിങ്ങനെ പരിപാടിയെ രണ്ടുഭാഗങ്ങളായി തിരിക്കണം.

സിദ്ധാന്തങ്ങൾ വേണം. പക്ഷേ അതുകൊണ്ടുമാത്രമായില്ല. പ്രയോഗിക്കണം. പ്രവൎത്തിക്കാണു് പ്രാധാന്യം. പ്രവൃത്തിയില്ലാത്ത തത്വപ്രഖ്യാപനം കൊണ്ടു് എന്തു പ്രയോജനം?

4 എല്ലാവരും സജീവമായി ചൎച്ചയിൽ പങ്കുകൊള്ളണം; അതിനായി പരസ്പരം ശ്രദ്ധിക്കണം. ഓരോരുത്തരും അവരവരുടെ കഴിവിനൊത്ത സംഭാവനകൾ ചെയ്യണം. നമ്മുടെ അഭിപ്രായങ്ങൾ എളിയവയായിരിക്കാം. പക്ഷേ പലപ്പോഴും ചില എളിയമതങ്ങളാണു് ചൎച്ചയുടെ ഗതിയെത്തന്നെ നിയന്ത്രിച്ചിട്ടുള്ളതു്. ചിലപ്പോൾ ചൎച്ചയുടെ ഗതിവേഗതയെ അതു് കൂട്ടിയേക്കാം. സൃഷ്ടിപരമായ ചിന്തയ്ക്കു് വാതിൽ തുറന്നു കൊടുക്കുകയാവും ആ എളിയ അഭിപ്രായ പ്രകടനം.

5 തെററു് മനസ്സിലായാൽ തിരുത്തുവാൻ സന്മനസ്സു കാണിക്കണം.

6 പിടിവാശി പാടില്ല.

7 പ്രശ്നത്തെക്കുറിച്ചേ പറയാവൂ. കാടുകയററരുതു്.

8 സുപ്രധാനമായ ഒരു കാര്യത്തിൽ ശക്തിയായ വിയോജിപ്പുണ്ടെങ്കിൽ അതു് ഔചിത്യപൂൎവ്വം പറയാം. സംഘത്തിൻെറ മനഃസ്സാക്ഷി ഈശ്വരനാദമാകുന്നതുപോലെ പക്വതയെത്തിയ വ്യക്തിയുടെ മനഃസാക്ഷിനാദം ഈശ്വരസ്വരം തന്നെ.

ഏററവും ഗൗരവാവഹമായ ചില തീരുമാനങ്ങൾ മഹാത്മാക്കൾ ഒററയ്ക്കു് എടുക്കുന്നു; ബാക്കി എല്ലാം കൂട്ടായ ആലോചനയുടെ ഫലമായി ഉണ്ടാകുന്നു—എന്നു് ചില തത്വചിന്തകന്മാർ പറയുന്നുണ്ടു്.

9. ഗ്രൂപ്പുകഠം വേർതിരിച്ചിരുന്നു ചർച്ച് നടത്തിയ ശേഷം എല്ലാ ഗ്രൂപ്പുനേതാക്കളും ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് ഓരോ പ്രശ്നത്തെക്കുറിച്ചും ചർച്ചചെയ്യുന്നു; തീരുമാനമെടുക്കുന്നു. അതു് പൊതുസമ്മേളനത്തിൽ ചർച്ചയ്ക്കായിവെയ്ക്കുന്നു. ഈ സമ്മേളനം പാട്ടുള്ളത്ര ഏകകീകൃതമായ ഒരഭിപ്രായത്തിൽ എത്തിച്ചേരുന്നു.

ഒരേ ചോദ്യത്തെക്കുറിച്ച് ഒന്നിലധികം ഗ്രൂപ്പുകഠം ചർച്ചചെയ്തിട്ടുണ്ടെങ്കിലേ ഇത്തരം സമ്മേളനം ആവശ്യമായിവരൂ. ഓരോ ഗ്രൂപ്പുകാരും വ്യത്യസ്ത ചോദ്യങ്ങളാണു് എടുത്തു് ചർച്ച ചെയ്തിട്ടുള്ളതെങ്കിൽ ലീഡർ തീരുമാനങ്ങഠം സദസ്സിൻെറ മുമ്പിൽ വെച്ചാൽ മതിയാവും.

## ക്യാമ്പ്ജീവിതം

ക്യാമ്പ് വിജയപ്രദമായി നടക്കണമെങ്കിൽ ക്യാമ്പ് ഓർഗനൈസർ, ഡയറക്ടർ, സ്റ്റീക്കേഴ്സ് എന്നീ ശക്തിത്രയങ്ങഠം പ്ലാനിട്ട് പ്രവർത്തിക്കേണ്ടതുണ്ടു്. ഇവരുടെ നേതൃത്വത്തിൽ ക്യാമ്പു നടത്തിപ്പിനുവേണ്ടി ഒരു ആസൂത്രണസംഘം (Planning Commission)ഉണ്ടായിരിക്കണം.

ഓർഗനൈസർ ഉത്തേജകനാണു് എല്ലാവരുടേയും. സംഘടനയുടെ ജീവാത്മാവ് അയാളാണു്. കൺവീനർ വേണ്ടത്ര തയ്യാറെടുപ്പു നടത്തിയിരിയ്ക്കണം. സംഘത്തിലെ എല്ലാവരേയും സഹായിക്കുവാൻ വ്യക്തമായി താല്പര്യം കാണിക്കണം. താൻ ആരേയും സഹായിക്കുവാൻ എപ്പോഴും സന്നദ്ധനാണെന്ന കാര്യം എല്ലാവരേയും ബോധ്യപ്പെടുത്തുകയും വേണം. ഓർഗനൈസർ എല്ലാവരേയും സ്വീകരിയ്ക്കണം. അവരെത്തിയാലുടനെ പേരു രജിസ്റ്റർ ചെയ്യുവാൻ അവസരം നൽകണം. താമസസൗകര്യങ്ങഠം ചൂണ്ടിക്കാണിച്ചു കൊടുക്കണം കുളിമുറി, കക്കൂസ്, കിടപ്പുമുറി, സമ്മേളനസ്ഥലം, ഭക്ഷണശാല, പ്രാർത്ഥനാസ്ഥലം എന്നിവയുമായി അവരെ ആദ്യംപരിചയപ്പെടുത്തണം.

ക്യാമ്പിലെ കുട്ടികഠം പലതരക്കാരാവും – സാമുദായികമായി, ധനപരമായി, ബുദ്ധിപരമായി, വിദ്യാഭ്യാസ കാര്യത്തിൽ, ആരോഗ്യത്തിൽ, വ്യക്തിപ്രാഭവത്തിൽ, ദർശനത്തിൽ, പെരുമാററത്തിൽ – പക്ഷേ അവരെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുപോകണം ഓർഗനൈസർ.

അനിമേററർ എന്ന പേരിലാണു ഇക്കാലത്തു് ഓർഗനൈസറന്മാർ അറിയപ്പെടുന്നതു്.

ക്യാമ്പ് ഡയറക്ടർ ക്യാമ്പിലെ കാര്യങ്ങഠം മാത്രം നോക്കിയാൽമതി. ഡയറക്ടറെ നിർദ്ദേശകൻ, വഴികാട്ടി, കൺവീനർ എന്നൊക്കെ വിളിക്കാം. ക്യാമ്പിലെ മുഖ്യ പ്രാസംഗികൻ ഡയറക്ടറായിരിക്കും. അയാളുടെ നിർദ്ദേശാനുസരണമാവും ഇതരപ്രസംഗകർ ക്ലാസ്സെടുക്കുക: ചർച്ചകഠം നടത്തുക.

ഡയറക്ടർ എല്ലാവിധ ഭരണച്ചുമതലകളിൽനിന്നും വിമുക്തനാവണം. ക്യാമ്പിൻെറ ജയാപജയങ്ങഠം ഡയറക്ടറെ ആശ്രയിച്ചിരിക്കും.

ക്യാമ്പ് ഡയറക്ടറാകുവാൻ അവസരം കിട്ടുകയെന്നതു അഭൂതപൂൎവ്വമായ ഒരു ബഹുമതിയാണു്.

ആശയപ്രചാരകനും, നേതാവുമെന്ന നിലയ്ക്കു് – സ്പീക്കറെന്നും ഡയറക്ടറെ വിളിക്കാം – സ്പീക്കർക്കു് സ്വന്തം കഴിവുകളെ വളൎത്തുവാൻ കഴിയുന്നുവെന്നുമാത്രമല്ല, അയാഠം മാൎഗ്ഗനിർദ്ദേശം നൽകുന്ന സംഘത്തിലെ അംഗങ്ങളുടെ ഹൃദയത്തിലും മനസ്സിലും ഗുപ്തമായ നന്മയ്ക്കുവേണ്ടിയുള്ള ശക്തിയെ പ്രാവൎത്തികമാക്കുവാനുള്ള പരിശ്രമത്തിൽ അയാഠം ദൈവത്തിൻെറ സഹപ്രവൎത്തകനാകുകകൂടി ചെയ്യും.

സ്പീക്കർ സൗമ്യനാവണം. എല്ലാവരുമായി പരിചയപ്പെടണം. യോഗാരംഭത്തിനുമുമ്പും യോഗത്തിനുശേഷവും ഇടവേളകളിലും സൗഹൃദസംഭാഷണങ്ങഠം നടത്തണം. എന്നാൽ തയ്യാറെടുപ്പിനുള്ള സമയം നഷ്ടപ്പെടുത്തുകയോ അന്യരുടേതു് അപഹരിക്കുകയോ ചെയ്യരുതു്.

പിറകിൽ കിടക്കുന്നവരെ മുന്നോട്ടുകൊണ്ടുവരിക. മുന്നോട്ട് ഏറെ ആവേശകരമായി തള്ളിക്കയറുന്നവരെ മെല്ലെ നിയന്ത്രിച്ചു നിറുത്തുക.

ആശയപ്രകടനങ്ങൾ സൗഹൃദപൂർണ്ണവും നിർമ്മാണാത്മകവും ആവണം. ശകാരം ആവരുത്. അസംബന്ധമായ അഭിപ്രായപ്രകടനങ്ങൾ നടത്തുവാൻ ആർക്കും അവസരം നൽകരുത്.

കാര്യപരിപാടി ഉണ്ടായിരിക്കണം പക്ഷേ അതിൽ അണുവിട വ്യത്യാസം വരുത്തുകയില്ലെന്നു ക്യാമ്പു ഡയറക്ടർ വാശിപിടിക്കരുത്. സമയവും സൗകര്യവുംപോലെ പരിപാടിയുടെ എണ്ണം കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യാം. പരിപാടിയുണ്ടാക്കുക പരിപാടിയെ തകർക്കുക, എന്നതാണ് നല്ല ഡയറക്ടറുടെ പരിപാടി.

ക്യാമ്പ് അംഗങ്ങളിൽ ഭൂരിപക്ഷവും സഹകരണമനോഭാവം ഉള്ളവരാവും. അല്ലാത്തവരായി ഏതാനുംപേർ ഉണ്ടാകാം. ഒരു ഡസൻ ആളുകളുള്ള ഒരു സംഘത്തിൽ ഒരു യൂദാസ് ഉണ്ടാകും. എന്നാൽ യൂദാസിനെ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ, അവന്റെയും കാലുകഴുകി ചുംബിക്കുവാൻ ഡയറക്ടർ മനസ്സുകാണിക്കണം, അത്രയ്ക്കും ഹൃദയവിശാലതയുള്ളവനാവണം അയാൾ. പക്ഷേ വസ്തുതകളെ പൂർണ്ണരൂപത്തിൽ കണ്ടെത്തിയിരിക്കണം.

മുത്തുകൾ ഉണ്ടാവാം. അവരെ പ്രോത്സാഹിപ്പിക്കുക, അവർക്ക് അംഗീകാരവും കീർത്തിയും ഉണ്ടാക്കികൊടുക്കുക, ഇവ ഡയറക്ടറുടെ കടമയാണ്. മുത്തിലും മുത്തായവരുണ്ടാവും. അത്തരക്കാരെ വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുക. ക്യാമ്പിനുശേഷം മുത്തിലും മുത്തായവരെ ശേഖരിച്ച് പിന്നീടും പരിശീലനം നൽകുക, അവർ വെട്ടിത്തിളങ്ങും. അവരിലെ ഗുണാംശത്തെ ജനരാശിയുടെ നന്മയ്ക്കായി തിരിച്ചു വിടുക. അവർക്ക്‌വേണ്ടത്ര അംഗീകാരം ബോധപൂർവ്വം കൊടുക്കുക. പ്രതിഭാശാലികൾക്ക് അല്പംമാത്രംപോരാ അംഗീകാരവും കൂടിയേ കഴിയൂ. മുത്തിലും മുത്തായവരെ കണ്ടെത്തി വളർത്തി വലുതാക്കുവാ

നുള്ള ധാർമ്മികബാധ്യത ഡയറക്ടർക്കും ഓർഗനൈ സർക്കും ഉണ്ട്; അവരത് ചെയ്യുന്നില്ലെങ്കിൽ ഗുരുതരമായ പാപം ആകും.

ഏകദിനക്യാമ്പുകളിൽ പ്രസംഗിക്കുവാൻ വേറെ ആളെകൊണ്ടുവരണമെന്നില്ല എന്നാൽ ദ്വിദിനക്യാമ്പിലാണെങ്കിൽ ഒരാളെ പ്രസംഗകനായികൊണ്ടുവരാം. ത്രിദിനക്യാമ്പിലാണെങ്കിൽ രണ്ടുപേർ ആകാം. അവർക്കു വിഷയം തിട്ടപ്പെടുത്തികൊടുക്കണമെന്നുമാത്രമല്ല, ഡയറക്ടറുമായി കൂടിയാലോചിച്ചശേഷമേ പ്രസംഗകർ വിഷയം തിട്ടപ്പെടുത്താവൂ. അല്ലെങ്കിൽ ക്യാമ്പിൻെറ ലക്ഷ്യത്തിനു് കോട്ടംവരും.

ഒട്ടും കോട്ടം വരാതിരിയ്ക്കുവാനായി ക്യാമ്പ് അംഗങ്ങളുടെ മുമ്പിൽ, ഹൃദയത്തിൽ, ചിന്താസരണിയിൽ, ഡയറക്ടർ ആദ്യമായി ഒരു 'ഒന്നു' ഇട്ടു് വെച്ചിരിയ്ക്കണം. പ്രസംഗകർ വന്നു് ക്യാമ്പ്അംഗങ്ങളുടെ മുമ്പിൽ എത്ര പൂജ്യങ്ങൾ ഇട്ടാലും 'ഒന്നിൻെറ' വലത്തുഭാഗത്തുവരുന്ന പൂജ്യങ്ങളായതുകൊണ്ടു് ഗുണം ദശക്കണക്കിനു്, ശതക്കണക്കിനു് പെരുകുകയേ ഉള്ളൂ. ഒന്നില്ലാതെവന്നാൽ, പൂജ്യങ്ങൾ പൂജ്യങ്ങളായി നില്ക്കും. അവസാനം മാത്രമേ ഡയറക്ടർക്കു് 'ഒന്നി'ടുവാൻ പററൂ. ഇടതുവശത്തെ പൂജ്യങ്ങൾക്കു്സ്ഥാനമില്ലല്ലോ.

ഡയറക്ടർക്കു പ്രസന്നമുഖംവേണം, അയാൾ ഊർജ്ജസ്വലനാവണം, പുഞ്ചിരിക്കുന്ന മുഖവുമായി എന്തിനേയും സമീപിക്കുവാൻ ഡയറക്ടർക്കു് കഴിയണം. പണ്ഡിതനാവണം അയാൾ കാര്യശേഷിയുണ്ടായിരിയ്ക്കണം. സമയം പാഴാക്കുവാൻ അവസരം അംഗങ്ങൾക്കു് നൽകരുതു്. അംഗങ്ങളെ അലസരായിവിടരുതു്. തത്വം, പരിശീലനം, പ്രവൃത്തി, വിലയിരുത്തൽ, കുതിച്ചുയരൽ, എന്നതാവണം പ്ലാൻ.

## സെക്രട്ടറി

ക്യാമ്പ് സെക്രട്ടറി ക്യാമ്പ്നടത്തിപ്പുകാരിൽ ഒരാളാവണം. അയാൾ അംഗങ്ങളിൽ ഒരുവനെപോലെ കഴിഞ്ഞുകൂടണം. അവരുടെ കൂടെയിരിക്കണം. അവരിൽ ലയിച്ചുചേരരുത്. പക്ഷേ ഒററപ്പെട്ട് നിൽക്കുകയുമരുത്. അംഗങ്ങളുടെ സേവകനാകണം അയാൾ. സേവനം ആരാധനയാക്കി സെക്രട്ടറി മാററണം.

കാര്യപരിപാടിയുടെ കോപ്പി സെക്രട്ടറി സൂക്ഷിച്ചിരിക്കണം. കയ്യിൽ ഫയൽ ഉണ്ടാവണം. അംഗങ്ങൾക്കു പേപ്പർ, പെൻ, മഷി, മുതലായവ നൽകണം. അത്യാവശ്യത്തിനു ഉതകുന്ന മരുന്നുകൾ സൂക്ഷിച്ചിരിക്കണം. അംഗങ്ങളുടെ പേരുകൾ എഴുതിയ ലിസ്റ്റ് ഫയലിൽ എപ്പോഴും സൂക്ഷിക്കണം. ക്യാമ്പംഗങ്ങൾക്കുവേണ്ട സ്റ്റേഷനറി സാധനങ്ങൾ എത്തിച്ചു കൊടുക്കണം. സമ്മേളനസ്ഥലത്തുവെച്ചുനടത്തുന്ന മത്സരങ്ങളിൽ വിജയികളാകുന്നവരുടെ പേരുകൾ എഴുതി സൂക്ഷിക്കണം. ലിസ്റ്റ് നഷ്ടപ്പെടുവാൻ ഇടയാവാതെ നോക്കണം. അംഗങ്ങൾക്കു വരുന്ന ഫോൺ, കത്ത് എന്നിവ സമയത്ത് എത്തിക്കണം.

ക്യാമ്പ് അംഗങ്ങൾക്ക് പലേപരാതികളുംഉണ്ടാകാം. അവക്കു് പരിഹാരമുണ്ടാക്കുവാൻ ശ്രമിക്കണം. പരാതികളുടെ കാര്യം ഡയറക്ടറെ അറിയിയ്ക്കേണ്ടതു് അദ്ദേഹത്തെയും ഓർഗനൈസറെ അറിയിയ്ക്കേണ്ടതു് അദ്ദേഹത്തെയും അറിയിയ്ക്കണം

സെക്രട്ടറി പരാതിയെ പ്രതികാരം കൊണ്ട് നേരിടരുതു്. ഔചിത്യത്തോടെ എപ്പോഴും പെരുമാറണം.

ഓർഗനൈസറോടും ഡയറക്ടറോടും ആദരവും സ്നേഹവും വിധേയത്വവും ഉള്ള ആളാവണം സെക്രട്ടറി.

ക്യാമ്പ്അംഗങ്ങളുടെ ഇടയിൽ ആളാകുവാൻ ശ്രമിയ്ക്കരുതു്. സ്നേഹത്തോടെ സേവിക്കുക എന്നതു് അടിസ്ഥാനപ്രമാണമായി സ്വീകരിയ്ക്കണം

എന്തുസഹായവും ഏതുസമയത്തും ചെയ്തുതരുവാൻ താൻ സന്നദ്ധനാണെന്നതോന്നൽ സെക്രട്ടറി എല്ലാവരിലും ബോധപൂർവ്വം ജനിപ്പിയ്ക്കണം.

## ഉൽഘാടനം

ക്യാമ്പിൻെറ ഉൽഘാടനകർമ്മം ചുരുങ്ങിയസമയം കൊണ്ട് നടത്തണം. അരമണിക്കൂറിൽ കൂടുതൽ സമയം ഇതിനുവേണ്ടി ചിലവഴിക്കരുത്.

ഈശ്വരപ്രാർത്ഥന - രണ്ട്മിനിട്ട്
സ്വാഗതപ്രസംഗം - മൂന്ന്മിനിട്ട്
വിജ്ഞപ്തിപ്രസംഗം - അഞ്ച്മിനിട്ട്
ഉൽഘാടനപ്രസംഗം - പത്തു മിനിട്ട്
അദ്ധ്യക്ഷപ്രസംഗം - അഞ്ച് മിനിട്ട്
ഒരു ലളിതഗാനം - മൂന്ന് മിനിട്ട്
കൃതജ്ഞത - രണ്ട്മിനിട്ട്

ഉൽഘാടനകർമ്മം കഴിഞ്ഞാൽ കാമ്പ്പരിപാടികളെ കുറിച്ചും ലക്ഷ്യത്തെപ്പററിയും ചെയ്തിരിക്കുന്ന ക്രമീകരണങ്ങളെക്കുറിച്ചും ഓർഗനൈസർ സംസാരിയ്ക്കും.

തുടർന്ന ക്യാമ്പ്നിർദ്ദേശങ്ങൾ ഡയറക്ടർ നൽകും.

## ക്യാമ്പ് നിർദ്ദേശങ്ങൾ

1 സമയം വൃഥാപാഴാക്കരുത്, സമയനിഷ്ഠ പാലിക്കണം.

2 കാഴ്ചക്കാരാവരുത്, നടത്തിപ്പുകാരാവണം.

3 സ്വന്തം ഗുണങ്ങൾ കണ്ടെത്തി, സ്വന്തം അഭിവൃദ്ധിയ്ക്കായി നിരന്തരം പരിശ്രമിയ്ക്കണം.

4 അന്യരുടെ നന്മയ്ക്കായി ശ്രമിയ്ക്കണം.

5 അറിവുസമ്പാദിക്കുവാൻ നന്നായി ശ്രമിയ്ക്കണം.

6 ഉത്സാഹശാലിയാവണം

7 കർമ്മശൂരനാവണം

8 എപ്പോഴും സന്തോഷഭാവം പ്രകടിപ്പിയ്ക്കണം

9 പേനയും പേപ്പറും എപ്പോഴും കൈവശമുണ്ടായിരിക്കണം. നോട്ട്ബുക്ക് വാങ്ങി നോട്ട് കുറിക്കുകയാണ് നന്ന്

10 മധുരതരമായി സംസാരിയ്ക്കണം

11 വിനയമധുരമായി പെരുമാറണം

12 വീട്ടുവീഴ്ചകൾ ചെയ്യണം

13 നല്ലതുപോലെ ഉറങ്ങണം

14 അമിതമായി ഭക്ഷിക്കരുത്, എന്നാൽ അവശ്യം വേണ്ടിടത്തോളം ആഹാരം കഴിക്കുകയും വേണം.

ആഹാരസാധനങ്ങൾ പാഴാക്കിക്കളയരുത്.

മധുരപലഹാരങ്ങൾ ക്യാമ്പുസമയത്ത് കഴിക്കാതിരിക്കുകയാണുത്തമം.

15 ശുചിത്വബോധംവേണം; നഖം വെട്ടുക, പല്ലുതേക്കുക (രാവിലേയും കിടക്കുന്നതിനുമുമ്പും). വസ്ത്രങ്ങൾ ഭംഗിയായി ധരിയ്ക്കണം. കുളിക്കണം. മുടിചീകണം.

16 വിശ്രമിയ്ക്കണം.

17 എല്ലാവരുമായി സഹകരിച്ചു പ്രവർത്തിക്കണം. വിട്ടുവീഴ്ചകൾ ചെയ്യുവാൻ കഴിവുണ്ടായിരിയ്ക്കേണ്ടതുണ്ട്.

18 അന്യരുമായി (അന്യർ എന്നു പറഞ്ഞു ആരുമില്ല. അപരൻ ക്രിസ്തുവാണ്.) സമ്പർക്കം പുലർത്തണം. ഓരോ സന്ദർഭങ്ങളുപയോഗിച്ച് മററുള്ളവരെ പരിചയപ്പെടണം. വ്യക്തിബന്ധങ്ങൾ ഊട്ടിവളർത്തണം.

19 ഉപചാരവിധികൾ പാലിയ്ക്കുന്നതിൽ അതീവശ്രദ്ധ വേണം

20 പൊതുമുതൽ കേടാക്കരുത്

21 ദിനം തോറും പത്തു് ഉപകാരങ്ങൾ വീതം ചെയ്യണം. തള്ളിക്കേറി സൽകൃത്യങ്ങൾ ചെയ്യുവാൻ അറിഞ്ഞിരിക്കുന്നതു് നന്നു്.

22 എല്ലാദിവസവും ഡയറിക്കുറിപ്പുകൾ തയ്യാറാക്കണം. നേട്ടങ്ങളും കോട്ടങ്ങളും കുറിച്ചുവയ്ക്കണം. തെററുകൾ പരിഹരിയ്ക്കണം. തെററുപററിയാൽ ഉടനടിതിരുത്തിക്കേറുവാൻ കഴിയുന്നവനു് പെട്ടെന്നു് ഉന്നതങ്ങളിലേക്കു് കുതിച്ചുയരുവാൻ കഴിയും.

23 രാത്രിയിൽ കിടക്കുവാൻ പോകുന്നതിനു മുമ്പ് അടുത്തദിവസത്തെ പരിപാടി എന്തെന്നുതിട്ടപ്പെടുത്തി അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തിരിക്കണം.

24 നാളെ ചെയ്യേണ്ടകാര്യങ്ങളിൽ ഇന്നു് ചെയ്യാവുന്നതുണ്ടെങ്കിൽ ഇന്നു്തന്നെ ചെയ്യണം

ഇന്നു ചെയ്യേണ്ടകാര്യങ്ങൾ ഇപ്പോൾ ചെയ്യണം.

25 സമ്മേളനഹാളിലെ ഉപകരണങ്ങൾ ക്രമീകരിച്ചുവയ്ക്കുവാൻ സഹായിയ്ക്കണം.

26 ഏതുജോലിയോടും സ്നേഹവും ആദരവും വേണം.

27 വായിച്ചു് വളരുവാൻ ശ്രമിയ്ക്കണം. വായിച്ചു് ലഭിക്കുന്ന പ്രധാനകാര്യങ്ങൾ നോട്ടു്ബുക്കിൽകുറിച്ചു വയ്ക്കണം.

28 സ്നേഹിയ്ക്കണം, എല്ലാവരേയും.

29 പ്രശംസിയ്ക്കണം, നന്മ ചെയ്യുന്നവരെ.

30 ചിരിക്കുവാനും ചിരിപ്പിക്കുവാനും പഠിച്ചിരിക്കുന്നതു് നന്നു്. ചിരി നല്ല ടോണിക്കാണു്.

31 പ്രസാദാത്മകനാവണം സുമന്ദഹാസം മുഖത്തുണ്ടായിരിയ്ക്കേണ്ടതുണ്ടു്. പുഞ്ചിരിക്കുന്ന മുഖം നല്ലൊരു ശുപാർശക്കത്താണെന്നു് ഓർമ്മിക്കുക.

32 മിച്ചസമയവും മിച്ചബുദ്ധിയും മിച്ചസാമർത്ഥ്യവും പ്രയോജനപ്പെടുത്തി മേൽവിലാസം ഉള്ളവനാകുക. മേൽവിലാസം ഉള്ളവനേ ശ്രദ്ധിക്കപ്പെടുകയുള്ളു. ശ്രദ്ധിക്കപ്പെടുന്നവനേ അംഗീകാരം ലഭിക്കൂ. അംഗീകാരം

ലഭിച്ചവനേ സംഘടനാ നേതൃത്വം കിട്ടൂ. നേതൃത്വപങ്ക് നിർവ്വഹിക്കുമ്പോഴേ ചരിത്രം നിർമ്മിക്കുവാൻ കഴിയൂ. ചരിത്രം സൃഷ്ടിക്കുന്നവൻ കാലത്തെ അതിജീവിക്കുന്നവനാണ്. ഇതിഹാസപുരുഷന്മാരുടെ ജനനകഥയങ്ങിനെയാണതാനും.

33 കഴിവും നേതൃത്വശക്തിയുമുള്ളവരിൽ പലരും അലസരും സ്വാർത്ഥതല്പരരുമായിത്തീരുന്നതുകൊണ്ടാണ് സാമൂഹ്യദ്രോഹികളും ആദർശശൂന്യരും സമൂഹത്തിന്റെ നേതൃത്വം തട്ടിപ്പറിച്ചുകൊണ്ട് മുന്നേറുന്നത്. തന്മൂലം നല്ലവർ ബോധപൂർവ്വം മുന്നോട്ടുവരണം. കഴിവിനും വെളിച്ചത്തിനും അനുസരിച്ച് നന്മചെയ്യുക ഓരോരുത്തരുടേയും കടമയാണ്.

34 ഏറ്റെടുക്കുന്ന കാര്യത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിയ്ക്കണം

35 അവനവനെപ്പററി നല്ല മതിപ്പ് നേടിയെടുത്തിരിക്കണം.

36 കർമ്മകാഹളം മുഴക്കണം, കർമ്മദീപമാകണം

37 യോഗസ്ഥലത്ത്, വിരുന്നുശാലയിൽ, പ്രാർത്ഥനാഹാളിൽ, ബസ്സിൽ ഇരിയ്ക്കുവാനുള്ള സ്ഥലം തെരഞ്ഞെടുക്കുമ്പോഴും ഔചിത്യം കാക്കേണ്ടതുണ്ട്.

38 ഏതുസംഘത്തിലും പലതരത്തിലുള്ള ആളുകൾ കാണും, കഴിവുകുറഞ്ഞവർ, കൂടിയവർ, മര്യാദക്കാർ, റൗഡികൾ, ബുദ്ധിയുള്ളവർ, ബുദ്ധികുറഞ്ഞവർ, സംസ്ക്കാരമുള്ളവർ, അതില്ലാത്തവർ, അറിവുള്ളവർ, അറിവ് കുറഞ്ഞവർ, ചൂടന്മാർ, തണുപ്പന്മാർ, മിതവാദികൾ, കള്ളന്മാർ(അരക്കള്ളൻ, മുക്കാൽകള്ളൻ, കാൽകള്ളൻ ....) പുണ്യവാന്മാർ അതുകൊണ്ട് ശ്രദ്ധാപൂർവ്വംവേണം ക്യാമ്പിൽ ആളുകളുമായി ഇടപഴകുവാൻ. ഓരോരുത്തരേയും അടുത്തറിയണം.

39 എന്താകണമെന്നു വ്യക്തമായി തീരുമാനിക്കുക, ആ ലക്ഷ്യം നേടാനുള്ള മാർഗ്ഗം ആരായുക, വിജയംവരെ സ്ഥിരോത്സാഹിയായിരിക്കുക, വിജയം നിലനിറുത്താനായി നിതാന്തജാഗ്രത പുലർത്തുക.

## പ്രോഗ്രാം എവലൂഷൻ ഓർഗനൈസർ

സംഘടന പലകാര്യങ്ങളും ചെയ്യും. ചെയ്യുന്നതു് ഒരു സംഘാടകസമിതി ആയിരിക്കും. പ്രവത്തനം കഴിഞ്ഞാലുടനെ ആസ്വാദനവും വിലയിരുത്തലും നടത്തണം. പരിപാടിയുടെ നേട്ടങ്ങൾ ആദ്യം വർണ്ണിയ്ക്കാം. പിന്നീടു് കുറവുകൾ, പററിയകോട്ടങ്ങൾ ഇവ വസ്തുനിഷ്ഠമായി വിലയിരുത്തി കണ്ടുപിടിയ്ക്കണം. അവ പരിഹരിയ്ക്കുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങളും സമർപ്പിക്കണം. ഇതിനായി ഒരു പ്രത്യേക വിദഗ്ധസംഘത്തെ ചുമതലപ്പെടുത്തണം. അവർ തയ്യാറാക്കുന്ന റിപ്പോർട്ട് ഭാവിപ്രവർത്തനത്തിനുള്ള ചൂണ്ടുപലകയായി സ്വീകരിക്കേണ്ടതുണ്ടു്. ഇങ്ങനെ രൂപീകൃതമാകുന്ന ഗ്രൂപ്പിനാണു് പ്രോഗ്രാം എവാലൂവേഷൻ ഓർഗനൈസേഷൻ എന്നു പറയുന്നതു്. ഇതിൽ മൂന്നോ നാലോ അഞ്ചോ അംഗങ്ങൾ മതിയാവും.

## പഠന – താമസകേന്ദ്രം

വിജയകരമായി ഒരു ക്യാമ്പ് നടത്തണമെങ്കിൽ അംഗങ്ങൾക്കു് വന്നു് താമസിക്കുവാൻ പററിയ ഒരു കേന്ദ്രം വേണം. പഠനത്തിനുള്ള അന്തരീക്ഷം അവിടെ ഉണ്ടായിരിക്കേണ്ടതുണ്ടു്. താമസിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കണം, അതിനുതക്ക സൗകര്യങ്ങളും വേണം. വെള്ളം, വെളിച്ചം ഇവ സുലഭമായാലേ ക്യാമ്പ് ജീവിതം ഫലപുഷ്ടമാകു.

പഠന - താമസ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന വിശാലമായ ഒരു കേന്ദ്രത്തിനാണു് 'ക്യാമ്പസ്'(Campus) എന്നു് പറയുന്നതു്. യാത്രാസൗകര്യം വേണ്ടതുപോലെ ഉണ്ടായിരിക്കണം ഈ സ്ഥലത്തേയ്ക്കു്. ബസ്സിനു പുറമേ തീവണ്ടികൂടി ഉള്ള സ്ഥലമാണെങ്കിൽ ഏറെ ഉചിതം. (നമ്മുടെ നാട്ടിൽ യാത്രക്കാരെ ചുററിക്കുന്ന മിന്നൽ പണി

മുടക്കു് സുലഭമാണല്ലോ) ഓട്ടോറിക്ഷപോലെയുള്ള ചെറിയ വാഹനങ്ങൾ ലഭിയ്ക്കുന്ന സ്ഥലമാണെങ്കിൽ ഏറെ കേമം.

ഇത്തരം സ്ഥാപനങ്ങൾ പട്ടണ മദ്ധ്യത്തിലായിരിക്കരുതു്. പട്ടണം ശബ്ദശല്യം ചെയ്യും. ഏകാന്തതയെ നിരന്തരം തകർക്കും. ആവശ്യമില്ലാത്ത സന്ദർശകർ വല്ലാതെ വന്നു് ശല്യപ്പെടുത്തിക്കൊണ്ടുമിരിക്കും. എന്നു വച്ച് ഒററതിരിഞ്ഞുള്ള ഗ്രാമമാകരുതു്, ചെന്നെത്തുവാൻ വളരെ പ്രയാസപ്പെടേണ്ടിവരുമെന്നുമാത്രമല്ല, അത്യാവശ്യ സാധനങ്ങൾ കൊണ്ടുവരുവാനും കൊണ്ടുപോകാനും പ്രയാസം വരും.

ചുരുക്കത്തിൽ തിരക്കില്ലാത്ത, ഒററതിരിഞ്ഞ ഗ്രാമപ്രദേശമല്ലാത്ത, വിശാലമായ മൈതാനങ്ങളുള്ള ഒരു സ്ഥലത്താവണം ക്യാമ്പസ്. അതിനു ചുററും കൃഷിസ്ഥലങ്ങൾ ഉള്ളതാണു് നന്നു്, ആരോഗ്യകരവും.

ഇത്തരം പഠന - താമസ കേന്ദ്രങ്ങൾ പണിയുവാൻ ഓരോ പാർട്ടിക്കാരും, പ്രസ്ഥാനക്കാരും, മതനേതാക്കളും ശ്രമിക്കുന്നതു് നന്നു്.

സന്യാസിസന്യാസിനികൾക്കു് ഇത്തരം സ്ഥാപനങ്ങൾ സംവിധാനം ചെയ്തു് പരിരക്ഷിച്ചുകൊണ്ടുപോകുവാൻ വളരെ സൗകര്യം ഉണ്ടുതാനും. അവ മനുഷ്യപുരോഗതിയുടെ ഫാക്ററററികളായി അറിയപ്പെടുകയും ചെയ്യും.

## വിജയം എവിടെനിന്നു വരുന്നു ?

നേതാവിനെ നിർമ്മിക്കുവാൻ വയ്യ, നേതൃത്വവാസനകളെ പരിപോഷിപ്പിക്കുവാനേ കഴിയൂ. വികസിപ്പിച്ചെടുക്കേണ്ട ഒരു സിദ്ധിയാണിതെന്ന കാര്യം പ്രത്യേകം ഓർമ്മവയ്ക്കണം.

നല്ല നേതാക്കരം സ്ഥാനമാഹാത്മ്യം കൊണ്ടല്ല, വ്യക്തിമാഹാത്മ്യം കൊണ്ടാണു സമൂഹത്തിൽ അദ്വിതീയ സ്ഥാനവും നേതൃത്വവും പുലർത്തുന്നതു്. തൻേറതായ, ആശയാദർശങ്ങളുടേയും കർമ്മങ്ങളുടേയും പിൻബലത്തിലാണു് നേതാവു്, മനുഷ്യമനസ്സുകളിൽ ജീവിക്കുന്നതു്.

വൈദഗ്ധ്യമുള്ള നേതൃത്വം ഇല്ലാത്ത ഒരുവൻ അധികാരസ്ഥാനത്തെത്തിയാൽ, പ്രസ്ഥാനത്തിൻെറ വികസനം നടക്കുകയില്ല. അംഗങ്ങളുടെ മനസ്സുകളെ ഒരുമിച്ചുചേർത്തു് ഉചിതമായ വഴികളിലൂടെ മുന്നോട്ടുകൊണ്ടുപോകുവാൻ ദുർബ്ബലനായ ഒരു നേതാവിനു് കഴിയുകയില്ല. അധികാരത്തിൽ ഇരിക്കുന്നിടത്തോളം കാലം അയാരം അറിയപ്പെടുകയും, ആദരിക്കപ്പെടുകയും ചെയ്തുവെന്നുവരാം. അതു ഏതാനും കാലത്തേയ്ക്കുമാത്രം. അപ്പോഴേയ്ക്കും പൂച്ച് പുറത്താകും.

നേതാവു് സുധീരമായും സുമധുരമായും ജനങ്ങളെ നയിയ്ക്കണം, ഭരിയ്ക്കണം. ബഹുഭൂരിപക്ഷം ആളുകളും നേതാവിനാൽ നീതരാകുവാൻ ആഗ്രഹിക്കുന്നവരാണു്. റെഡിമെയ്ഡ് വസ്ത്രങ്ങളും, റെഡിമെയിഡ് ഭക്ഷണപ്പൊതികളും, കിട്ടുവാനാണു് സാധാരണക്കാരനു് കൊതി. സ്വന്തം രക്തം വിയർപ്പാക്കുവാൻ മടിയാവും. ആഹാരം പാകപ്പെടുത്തി തരുവാൻ ആരെങ്കിലും വേണം. കുപ്പായം തൈയ്ച്ചുതരാൻ ആരെങ്കിലും വേണം. വസ്ത്രം അലക്കിത്തരുവാൻ ആരെങ്കിലും വേണം, പ്രശ്നങ്ങരംക്കു് ഉത്തരം ഉണ്ടാക്കിക്കൊടുക്കുവാൻ ആരെങ്കിലും വേണം, ചെയ്യേണ്ടജോലികരം ചൂണ്ടികാണിച്ചുകൊടുക്കുവാൻ ആരെങ്കിലും വേണം- നേതാവു് വേണമെന്നർത്ഥം. നേതൃത്വം ലോകാരംഭംമുതലേ ഉണ്ടായിട്ടുള്ള ഒരു സാമൂഹ്യപ്രതിഭാസമാണെന്നു സാരം. നിരന്തരമായ സാധനയിലൂടേയും വാസനാവികസനത്തിലൂടേയും വിവിധപ്രവർത്തനമണ്ഡലങ്ങളിലൂടേയും നിരവധി അഗ്നിപരീക്ഷണങ്ങളിലൂടേയും ധാരാളം പ്രതികൂലസാഹചര്യങ്ങളെ തരണംചെയ്യുന്നതിലൂടേയും എപ്പോഴും ബാലൻസ്

പിടിച്ച് ചിന്തിച്ച് പ്രവത്തിക്കുന്നതിലൂടേയും ആളുകളെ സമത്ഥമായി പ്രയോജനപ്പെടുത്തുന്നതിലൂടേയും, നയോപായങ്ങരംകൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യുന്നതിലൂടേയും സ്നേഹപൂണ്ണമായ വ്യക്തിബന്ധങ്ങളിലൂടേയും, വ്യക്തവും സമയബന്ധിതമായ പരിപാടികരം പാർട്ടിയ്ക്കു് നൽകുന്നതിലൂടേയും, വിരുദ്ധശക്തികളെ ദുർബലമാക്കുന്നതിലൂടേയും, ആവശ്യമെന്നു് തോന്നിയാൽ മാക്കിയാവെല്ലിയേയോ, ചാണക്യനേയോ അനുസ്മരിക്കുന്ന തന്ത്രങ്ങരം കാര്യക്ഷമമായി പ്രയോഗിക്കുന്നതിലൂടേയും അഭ്യസ്തവിദ്യരെ ആകർഷിക്കുന്ന വിചാരാംശവും അനഭ്യസ്തരെ ആകർഷിക്കുന്ന വൈകാരികാംശവും ഉള്ള കർമ്മപരിപാടികരം ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലൂടേയും, സമചിത്തതയോടെ പൂമാലയും കല്ലേറും സ്വീകരിക്കുന്നതിലൂടേയും ആണു് നേതൃത്വം രൂപം കൊള്ളുന്നതു്.

ജയിക്കുന്നവൻ നേതാവാകും, അവൻ ദേവനാകും. സമരത്തിൽ തോററാലോ? ജനം ചവിട്ടിമെതിയ്ക്കും. ചരിത്രകാരൻ അവൻെറ ശവപ്പെട്ടിയ്ക്കു് ആണിയും അടിയ്ക്കും.

തോററ നേതാവ് സ്വപരിശ്രമം വഴി വീണ്ടും വിജയകിരീടം ചൂടിയാൽ ജനം അവൻെറ പിന്നാലെ കൂടിക്കൊള്ളും. ഉദാഹരണം എവിടേയും കാണാം. സജ്ജീവറെഡ്ഡി ഇന്ത്യയുടെ രാഷ്ട്രപതിസ്ഥാനത്തേയ്ക്കു്, കോൺഗ്രസ്സ് പാർട്ടിയുടെ സ്ഥാനാത്ഥിയായിനിന്നു ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലത്തു്. വി. വി. ഗിരിയായിരുന്നു എതിർസ്ഥാനാത്ഥി, കോൺഗ്രസ്സുകാർ മനസ്സാക്ഷിസ്വരമനുസരിച്ച് വോട്ടുചെയ്യുവാൻ തീരുമാനിച്ചു. ഗിരി ജയിച്ചു. സജ്ജീവറെഡ്ഡിതോററു. തോററ റെഡ്ഡി നാട്ടിൽ മടങ്ങിയെത്തിയപ്പോരം വിമാനത്താവളത്തിൽ ആരും ഉണ്ടായിരുന്നില്ല. പത്രക്കാരും ചെന്നില്ല. അദ്ദേഹം സ്വന്തം വീട്ടിൽ ഒതുങ്ങികൂടി, കൃഷികാര്യങ്ങളിൽ ശ്രദ്ധിച്ചു. കറെക്കഴിഞ്ഞു് അടിയന്തരാവസ്ഥവന്നു. പിന്നെ തെരഞ്ഞെടുപ്പുനടത്തി. റെഡ്ഡി തെരഞ്ഞെടുപ്പിനു് നിന്നു ജയിച്ചു. തീർന്നില്ല കഥ, അദ്ദേഹം രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു, വാത്തയിലായി.

ഏതു് നേതാവിനും ഈ സംഭവം ഒരു ഗുണപാഠമാണു്.

ഓരോരുത്തരും കഠിനാദ്ധ്വാനംവഴി സ്വന്തം പാത സ്വയം വെട്ടിക്കീറണം. മൊറാർജിദേശായിയുടെ പിതാവ് ദാരിദ്ര്യംകൊണ്ടു് കിണററിൽ ചാടി മരിച്ചു. ശാസ്ത്രി പത്തുപൈസാ ഇല്ലാതെവന്നതുകൊണ്ടു് നദി നീന്തിക്കടന്നു് വീട്ടിലെത്തി, ഗോപാലകൃഷ്ണഗോഖലെ മണ്ണെണ്ണവിളക്കു് ഇല്ലാതിരുന്നതിനാൽ തെരുവിൽപോയിരുന്നു പഠിച്ചു. എബ്രാഹംലിങ്കൻ വഴ യരുകിൽ വിളക്കിൻെറ ചുവട്ടിലിരുന്നാണു് വായിച്ചു പഠിച്ചതു്. മാർക്സ് ദാരിദ്ര്യ ദുഃഖം നന്നായി അനുഭവിച്ച ആളാണു്.

ഉറച്ച ശുഭാപ്തിവിശ്വാസത്തോടെ, നിരന്തരമായ കഠിനാദ്ധ്വാനത്തിനു് തയ്യാറായവരേ ഉയർന്നുവന്നിട്ടുള്ളു. നേതൃത്വസിദ്ധിയും, വ്യക്തിത്വവൈഭവവും, കഴിവും സാമർത്ഥ്യവും അറിവും കാര്യപ്രാപ്തിയും, ധീരതയും, സ്ഥിരോത്സാഹവും ഉണ്ടെങ്കിൽ, ഒരുവൻ നേതാവാകും; ഈശ്വരനോടു് ചേർന്നുനിന്നു് യുദ്ധംചെയ്യുവാൻ അവനുകഴിയുമെങ്കിൽ അവൻ മഹാനായ നേതാവാകും. വിലയുള്ള, വിജയമുള്ള നേതാവായി അവൻ ചരിത്രത്തിൽ നിലയുറപ്പിക്കുകയും ചെയ്യും. വിജയം കടന്നുവരുന്ന പാതകളെക്കുറിച്ചു് ചിലകാര്യങ്ങൾ താഴെ ചേക്കുന്നു.

1 ആശയങ്ങളാണു് ലോകത്തെ ഭരിക്കുക. നല്ല ആശയങ്ങൾക്കു് ചിറകുകളുണ്ടു്. അവയ്ക്കു് മരണമില്ല. വീര്യമുള്ള ആശയങ്ങൾ സർവ്വവ്യാപികളാണു്. തന്മൂലം നേതാവു് ആശയാദർശങ്ങളുടെ പടച്ചട്ടയണിയണം.

2 സ്നേഹസേവനത്തിനു് നേതാവു് തയ്യാറാകണം. സ്നേഹമാണു് എല്ലാധാർമ്മിക നിയമങ്ങളുടേയും ഊററില്ലം. ഈശ്വരനെ സ്നേഹിക്കൽ മനുഷ്യനെ സേവിക്കലാണു്. മനുഷ്യസേവ, മാധവസേവയാണു്. നേതാവ മനസ്സാ വാചാ കർമ്മണാ അന്യരെ സ്നേഹിക്കണം.

3 തത്വാധിഷ്ഠിതമായി പ്രവൎത്തിക്കുവാനുള്ള വൈഭവത്തെ വളൎത്തിയെടുക്കുക, തത്വദീക്ഷയോടെ ജീവിതം ആസ്വാദിക്കുക, ചുമതലകളിൽനിന്നു് ഒഴിഞ്ഞു മാറരുതു്. ഉറച്ചുനിന്നു് വസ്തുതകളെ നേരിടണം. കൎത്തവ്യനിൎവ്വഹണബദ്ധനാണു താനെന്ന ശത്രുവിനെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം.

4 ഓരോരുത്തരും സ്വയം പ്രകാശിക്കണം. ആരും ആരേയും ബോധപൂൎവ്വം പ്രകാശിപ്പിക്കുവാനായി ശ്രമിച്ചെന്നുവരുകയില്ല. 'ആകാവുന്നതെല്ലാം ആയിത്തീരുക' എന്നതു് നമ്മുടെ വാശിയാകണം. നമ്മുടെ സ്വന്തമായ കൎമ്മമേഖലയിൽ നക്ഷത്രത്തെപ്പോലെ പ്രകാശിക്കണം.

5 നമ്മൾ എന്തിനുവേണ്ടി പ്രവൎത്തിച്ചു എന്തിനുവേണ്ടി നിലകൊണ്ടു, എന്തായിരുന്നു ലക്ഷ്യം എന്നതിനേക്കാൾ എന്തുപ്രവൎത്തിച്ചുവെന്നതാണു് ചരിത്രത്തിൽ രേഖപ്പെടുക.

6 എന്തിനേയും അവനവൻെറ ലക്ഷ്യത്തിനുള്ള ഉപകരണങ്ങളാക്കി മാററുക, നിരന്തരം "കുഴപ്പങ്ങളിൽനിന്നു്, ക്രമത്തെ മെനഞ്ഞെടുക്കുവാൻ" നല്ല നേതാക്കൾക്കു് കഴിയും. തീയ്യിലിട്ടു് പഴുപ്പിച്ചാലേ ഇരുമ്പിനെ അടിച്ചു പരത്തുവാൻ പററൂ.

7 ഉള്ളുരുക്കത്തിനു് ചികിത്സയില്ല.

8 ആളിക്കത്തരുതു്; കത്തിപ്രകാശിക്കണം.

9 ഒരേ ജലം തന്നെ തിരയായിട്ടും, നുരയായിട്ടും, മഞ്ഞായിട്ടും, മഴയായിട്ടും, മഞ്ഞുകട്ടയായിട്ടും, ആവിയായിട്ടും, മഹാമാരിയായിട്ടും പല രൂപങ്ങളിലായി പ്രത്യക്ഷപ്പെടുന്നു.

10 ജീവിതത്തിനു ഒരു വ്യവസ്ഥ (order) ഉണ്ടായിരിക്കണം. വൎത്തമാനകാലജീവിതത്തിനു് ഒരു താളം(Rhythem) ഉണ്ടായിരിക്കണം. ഭാവിയുടെ രൂപം (Design) മനസ്സിലുണ്ടായിരിക്കണം. ഭൂതം വൎത്തമാനം ഭാവികാലങ്ങളെ അനുരഞ്ജിപ്പി(Harmony)ക്കണം.

11 വിജയസ്തംഭത്തിൻെറ മുകളിലെത്തുവാൻ രണ്ടേരണ്ടു മാർഗ്ഗങ്ങളേ ഉള്ളു. (1) കഴുകനെപ്പോലെ ചിറകടിച്ചു പറക്കുക. (2) ഇഴജന്തുവിനെപ്പോലെ ഇഴയുക.

12 കഴിവുകളുടെ പാസ്പോർട്ട് കാണിച്ച് മിടുക്കനാവുക.

13 ഉന്നത ഭാഗ്യങ്ങളൊന്നും സ്ഥിരമല്ല, എന്നതു് ഓർമ്മിക്കുക.

14 എല്ലാശക്തികളും നമുക്കെതിരാണെന്നും ഒരടിപോലും മുന്നോട്ടുപോകുവാൻ സാധ്യമല്ലെന്നും തോന്നുന്നനിമിഷത്തിൽ ആശകൈവെടിയാതിരിക്കുക, അതു നമ്മുടെ ജീവിതത്തിലെ ശ്രദ്ധേയമായ, ശ്രേഷ്ഠതരമായ വഴിത്തിരിവായിരിക്കും.

15 ഇന്നലത്തെ വിതയാണു്, ഇന്നത്തെ കൊയ്ത്തു്.

16 മനുഷ്യൻ ഒരു പള്ളി പണിയുമ്പോൾ ചെകുത്താൻ ഒരു കപ്പേളപണിയുന്നു.

17 അനിവാര്യമായ ആപത്തിനു് കീഴ്പ്പെടുകതന്നെ വേണം.

18 എന്താകണമെന്നു ആഗ്രഹിക്കുന്നുവോ അതാകും.

19 വിഷമം മനസ്സിൽ കടന്നുകൂടുമ്പോൾ നല്ല കൃതികൾ വായിക്കുക.

20 നാം എത്ര വലിയവനാണെങ്കിലും അന്യാശ്രയത്തിലൂടെയേ ശോഭിക്കുവാൻ കഴിയൂ.

21 തന്നിൽ താണതു് തനിക്കു് ഇര.

22 ധീരതയാണു് വിപത്തിലെ വിളക്കു്.

23 പഠിപ്പുള്ളവനേ പദവിയുള്ളൂ.

24 വലിയ ധനികരും പരമദരിദ്രരും മോശമായ ജീവിതം നയിക്കും, ഇടനിലക്കാരാവും ഭേദം.

25 പ്രയാസമുള്ള ജോലികൾ ആദ്യം ചെയ്യുക.

26 ആശയസമരം ആദ്യം, പിന്നെ ആയുധസമരം.

27 കളിക്കുവാനുപയോഗിക്കുന്ന ചീട്ടുകളെപ്പോലെയാണ്നമ്മൾ. പുറം നോക്കിയാൽ എല്ലാം ഒന്നു്. അകത്തോ ചിലർ രാജാക്കന്മാർ, ചിലർ റാണിമാർ, മററു ചിലർ ഗുലാന്മാർ; ജാക്കറും കൂലിയും വെറും നമ്പറുകളും ഉണ്ടു്. ഒരു കളിയിൽ തുരുപ്പ് ഗുലാനാകുന്ന ആൾ അടുത്ത കളിയിൽ അശക്തനാവുന്നു. ഒരു തുരുപ്പ് ഏഴാംകൂലി, രാജാവിനേയും റാണിയേയും നിഷ്പ്രയാസം വധിച്ചുവെന്നും വരാം.

28 പാതിജയം പരാജയത്തേക്കാൾ ദോഷം.

29 സ്വന്തം വ്യക്തിത്വം സ്വയം സ്ഥാപിക്കുക.

30 മുള്ളുകൊണ്ട്മുള്ളിനെ എടുക്കണം. ചെകുത്താനെ ചെകുത്താനെക്കൊണ്ടു് നേരിടണം.

31 ശക്തിമാനേ, എതിർപ്പുകൾ നേരിടേണ്ടിവരുകയുള്ളു.

32 നമ്മുടെ തീരുമാനങ്ങൾ രചനാത്മകങ്ങളായിരിക്കണം.

33 നരൻ നാരായണനാവണം.

34 ദരിദ്രനു നീതി ലഭിക്കുക എക്കാലവും ദുഷ്ക്കരമായിരിക്കും.

35 ദുഃഖം പങ്കുവെയ്ക്കുമ്പോൾ പകുതിയാകും, സുഖം പങ്കുവെയ്ക്കുമ്പോൾ ഇരട്ടിയ്ക്കും.

36 പങ്കുചേർന്നു വളരുവാൻ ശ്രമിയ്ക്കണം.

37 വിമർശനം കേട്ട് വിളറിപ്പോകരുതു്.

38 ആളുകൾ ഉടുപ്പുകളെയാണ് ആദ്യം ബഹുമാനിക്കുന്നതു്. വ്യക്തിത്വത്തിനു് പ്രഭ കിട്ടുമാറ് വസ്ത്രം ധരിക്കുക.

39 ജ്ഞാനയോഗിയും കർമ്മയോഗിയും ആകുക.

40 ഏതു പ്രശ്നത്തേയും സമചിത്തതയോടും ഉറപ്പോടും മനക്കരുത്തോടും കൂടി അഭിമുഖീകരിക്കുക, വിജയഭാവം മുഖത്തു നിറഞ്ഞുനിൽക്കണം. ഒരിക്കലും പതറിപ്പോകരുതു്. ഭയം മനസ്സിനെ ക്ഷീണിപ്പിയ്ക്കും. മനസ്സ് ക്ഷീണിച്ചാൽ സർവ്വനാശമാണു് ഫലം.

41 യുദ്ധം എപ്പോഴും ശത്രുവിൻെറ താവളത്തിൽ വച്ചേ നടത്താവൂ.

42 നേതാവ് യുദ്ധംചെയ്യുകയല്ലാ ചെയ്യിപ്പിയ്ക്കുകയാണ് വേണ്ടതു്. എങ്കിലേ യുദ്ധത്തിനുശേഷം പ്രസ്ഥാനത്തെ നയിക്കുവാൻ കഴിയുകയുള്ളവല്ലോ. ലെനിൻെറ ടെക്നിക്ക് അതായിരുന്നു. അദ്ദേഹം ആരേയും പ്രയോജനപ്പെടുത്തി.

43 ജയത്തെ നിലനിറുത്തുക പ്രയാസമാണ്. സ്നേഹസേവനംവഴിയേ അതിനെ ദീർഘകാലം നിലനിറുത്തുവാൻ പററൂ. അസ്സീസി വിജയിച്ചതു് അങ്ങനെയാണ്. മാവോ തോററതു് ഈ പ്രതിഭാസത്തെ കൈവശമാക്കി പ്രയോഗിക്കുവാൻ കഴിയാതെ പോയതുകൊണ്ടാണ്

44 അപവാദങ്ങളെ സധൈര്യം നേരിടണം. അവ, പടക്കത്തെപ്പോലെയാണ് വലിയ ശബ്ദത്തിൽ പൊട്ടും. കുറെ പുക പൊങ്ങും. പിന്നെ ഗന്ധം പരക്കും. പിന്നീട് ക്രമേണ എല്ലാം കെട്ടടങ്ങും. സത്യം മാത്രമേ നിലനിൽക്കൂ. ക്രൂശിക്കപ്പെട്ടസത്യം നിശ്ചയമായും ഉയർത്തെഴുന്നേൽക്കും. കാത്തിരിയ്ക്കുവാൻ പഠിയ്ക്കണമെന്നുമാത്രം. സത്യം പുറത്തുകൊണ്ടുവരുവാനായി പരിശ്രമിയ്ക്കുകയും വേണം.

45 ഒരാൾക്ക് പല സിദ്ധികൾ കാണാം. എല്ലാം വികസിപ്പിക്കുവാൻ ശ്രമിയ്ക്കരുതു്. ഏതെങ്കിലും ഒരു മണ്ഡലത്തിലേ ശോഭിയ്ക്കുവാൻ കഴിയൂ. ടോൾസ്റ്റോയ് നോവലിസ്റ്റാണ്, ഷാ നാടകകൃത്താണ്, യേശുദാസ് ഗായകനാണ്, പിക്കാസോ ചിത്രകാരനാണ്, സത്യൻ നടനാണ്; അങ്ങനെ ഓരോരുത്തരും ഓരോരോ മേഖലയിൽ നക്ഷത്രത്തെപ്പോലെ ശോഭിയ്ക്കും. ഒരു മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് "എവറസ്റ്റ്" കൊടുമുടിയെപ്പോലെ നിലയുറപ്പിക്കുക.

46 സാമ്പത്തികഭദ്രത ജീവിതവിജയത്തിനത്യാവശ്യമാണ്. പണം പാതിജയം നേടിത്തരും. പണമുള്ളവൻ ദേവനായി പരിഗണിയ്ക്കപ്പെടും. ജീവിതച്ചെടിയുടെ

വേരു് സാമ്പത്തിക മണ്ഡലത്തിലാണു് കിടക്കുന്നതു്. ''പണം താൻ ഉലകത്തിൻ ജീവനാഡി'' എന്ന പഴമൊഴിയിൽ ശ്രദ്ധിക്കുക. ആരുമില്ലാത്തവനു് 'പണം' തുണയാവും. 'പണ'മുള്ളവനു് സഹായികളും ഉണ്ടാകും. സ്വർണ്ണക്കാളക്കുട്ടിയെ ആരാധിക്കുന്നവർ എവിടേയും എക്കാലവും കാണും. അത്തരക്കാരാവും ഭൂരിപക്ഷവും. രൊക്കമെടുക്കാവുന്ന പണത്തെപ്പോലെ, നമ്മേ സഹായിക്കുവാൻ കഴിയുന്ന മറെറാരു സ്നേഹിതനും ഇല്ല. 'ധനം സ്നേഹിതന്മാരെ സൃഷ്ടിക്കുന്നു' (ബൈബിൾ)

47 സമൂഹ്യ ജീവിയായ മനുഷ്യനു് സ്വന്തം സമുദായത്തിൻെറ അംഗീകാരം ഉള്ളതാണു് നന്നു്. സ്വന്തം സമുദായത്തെ തള്ളിപ്പറയുന്നവനെ, മററു ചില സമുദായക്കാർ കുറേക്കാലം എഴുന്നള്ളിച്ചുകൊണ്ടു നടക്കും. പക്ഷേ അവനു് സ്വന്തമായി വേരുകൾ ഉറപ്പിക്കുവാൻ അവസരം നൽകുകയില്ല. സ്വന്തം സമുദായത്തിൽ വേരുറപ്പിച്ചശേഷം, മററുള്ളവരിലേക്കു് പടരുക, എല്ലാവരേയും സ്നേഹിച്ചു് ആദരിക്കുക - അതാണു് ശരിയായവഴി. ഗാന്ധിജി ഒന്നാമതായി ഒരു ഹൈന്ദവനായിത്തന്നെ നിലകൊണ്ടു. രാഷ്ട്രീയ വേഷം ധരിച്ച മതപ്രവർത്തകനാണ താനെന്നു് ഗാന്ധിജി ഏററുപറഞ്ഞിരുന്നു. ഗാന്ധിജിയെ 'തൃതീയക്രിസ്തു' എന്നു് വിളിക്കുവാൻ ആധുനിക ക്രൈസ്തവചിന്തകന്മാർക്കു് ഇന്നു മടിയുമില്ല.

48 ഇതു് കൂട്ടായ്മയുടെ യുഗമാണു്. സ്നേഹവലയം, പ്രവർത്തനവലയം ബോധപൂർവ്വം സൃഷ്ടിക്കണം. പങ്കുചേരൽ വളരണം. കൂട്ടുത്തരവാദിത്തം (Collegiality എന്ന തത്വം പ്രായോഗികമാക്കണം നല്ല നേതാവു്. നേതാവു് സമന്മാരിൽ ഒന്നാമനായാൽ മതി. ക്രൈസ്തവസഭയുടെ പ്രഥമതലവൻ, സഭയെപ്പോലും ഒരു കൂട്ടായ്മ Collegium)യായിട്ടാണു് - ഭ്രാതൃസംഘമായിട്ടാണു് കണ്ടതു്. അതുകൊണ്ടാണ മത്തിയാസിനെ, സഹപ്രവർത്തകരുമായി ആലോചിച്ചു് തെരഞ്ഞെടുത്തതു് (മത്താ 20 : 26 - 28) ജെരുസലേം കൗൺസിൽ നടപടികൾ (ശ്ലീ. പ്ര. 15. 6. 29) പത്രോസും

ഇതരശ്ലീഹന്മാരും സഹോദരസമൂഹവും കൂടിയാണ് കട ഞ്ഞെടുത്തത്. നേതാവ് എല്ലാവരുടേയും ദാസനാവണം, ശുശ്രൂഷകനാവണം. ഇത്തരം നേതൃത്വമേ നീണ്ടു നിൽക്കൂ. നേതാവ് പട്ടാളത്തലവനാവരുത്, രാജാവാകരുത്. ഏകാ ധിപതിയാവരുത്. കേന്ദ്രത്തിൽ അധികാരികൾ സ്ഥാ നമുറപ്പിക്കുന്നതോടെ ദൈവാത്മാവ് പുറന്തള്ളപ്പെടും. നേ താവും നേതൃത്വനിരയിലുള്ളവരും ജനകോടികളുടെ ജീ വിതത്തിൽ പങ്കുചേരണം, ഒപ്പം അവർക്കു വഴികാണിച്ചു കൊടുക്കണം. മററുതരത്തിൽ പറഞ്ഞാൽ, നേതാക്കൾ ജ നങ്ങൾക്ക് വഴിയും വെളിച്ചവും ജീവനും ആവണം. രാജാ ക്കന്മാരും ഏകാധിപതികളും സ്വാത്മമതികളുമായ നേതാ ക്കൾ, ചുററുമുള്ളവർ ശക്തരും പ്രഗല്ഭരും പ്രശസ്തരും ആ കുവാൻ താല്പര്യം കാണിക്കുകയില്ലെന്നതോ പോകട്ടെ, അ വരുടെ ചിറകുകൾ തക്കം നോക്കി ഒടിച്ചിടുകയോ, അവ യുടെ പപ്പുകൾ ഓരോന്നായി അവരറിയാതെ പറിച്ചു കള യുകയോ ചെയ്യും.

49 നേതാക്കൾ പ്രായോഗിക വാദികളാവണം. കർമ്മം ചെയ്യണം. നിരന്തരം സദാപ്രവർത്തിക്കുക, മററുള്ളവരെ പ്രവർത്തനത്തിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുക. ഇതു ര ണ്ടും നേതാവിനാവശ്യമാണ്. പ്രവർത്തനം നിലച്ചാൽ ചലനം നിന്നുപോകും, അതോടെ മരവിപ്പാവും അനുഭവം, മരണത്തിൽചെന്ന് കലാശിക്കും. 'ഒരാൾ പ്രവർത്തിക്കു ന്നേടത്തോളമേ അറിയപ്പെടുകയുള്ളു' എന്നതാണ് മനഃ ശാസ്ത്രപണ്ഡിതന്മാരുടെ നിഗമനവും. അറിയപ്പെടുന്നവനേ ആദരിക്കപ്പെടുകയുള്ളു, അംഗീകരിക്കപ്പെടുകയുള്ളു, അവരു ടെ ചരിത്രമേ ചരിത്രകാരന്മാർ എഴുതു.

വാക്കും പ്രവൃത്തിയും തമ്മിൽ ആവുന്നത്ര പൊരുത്ത പ്പെടുത്തണം. വാക്കുകൾക്ക് പ്രേരിപ്പിക്കുവാനേ കഴിയു കയുള്ളു, പ്രവൃത്തികളാണ് അവയെ പ്രകാശിപ്പിക്കുന്നത്.

മധ്യമമാർഗ്ഗമവലംബിച്ചാലേ സിദ്ധാന്തത്തെ കർമ്മങ്ങളാ ക്കി മാററുവാൻ കഴിയൂ.

അതുകൊണ്ടു് നയശാലിയായിരിക്കേണ്ടതാവശ്യവുമാണു്. അപ്പോസ്തോലനായ വി. പൗലോസ്‌പോലും പ്രസംഗ – പ്രവൎത്തനത്തിൽ നയശാലിയായിരുന്നുവല്ലോ.

സമനിലയുള്ളവനും, സ്ഥിരതയുള്ളവനുമായിരിക്കണമവൻ.

കൎമ്മത്തിനനുസരിച്ച് പ്രതിഫലം നേതാവിനു് കൊയ്തെടുക്കുകയും ചെയ്യാം. സൽകൎമ്മങ്ങൾ ചെയ്താൽ നല്ല ഫലങ്ങൾ ലഭിക്കും. പ്രവൎത്തിക്കുന്നവനു് വിമർശിക്കപ്പെടുമെന്നകാര്യം മറക്കരുതു്. വിളക്കിനു ചുവട്ടിൽ ഇരുൾവരും. പ്രവൎത്തിക്കാത്തവനു് അല്ലൽ ഉണ്ടാവുകയുമില്ല. ശപിക്കപ്പെടേണ്ട അത്തിമരമാണവൻ എന്നു മാത്രം.

പ്രായോഗികവാദികൾക്കു് അവസരം കിട്ടാതെ വരുകയില്ല. അങ്ങനെ സംഭവിച്ചാൽ, അവസരങ്ങളെ ബോധപൂർവ്വം ഉണ്ടാക്കി നന്മചെയ്യണം. എന്തായാലും നിഷ്ക്രിയത്വം പാടില്ല. ഒരു പിടി മണ്ണു ഇളക്കിയാൽ ഒരു മലയെ മറിക്കാമെന്നു് ഓർമ്മിക്കുക. ചെറിയ കൎമ്മങ്ങൾവഴി, വലിയ പ്രവൃത്തികൾക്കു് വഴിയൊരുക്കാം. പ്രവൃത്തികൾക്കു് പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നതിനേക്കാൾ ചലനം, ഭാവിയിലുണ്ടാക്കുവാൻ കഴിഞ്ഞെന്നും വരാം. ഹെഗലില്ലാതെ മാർക്സോ, മാർക്സില്ലാതെ ലെനിനോ ഉണ്ടാകുമായിരുന്നില്ല. ഹെഗലാകട്ടെ ക്രിസ്തുവിൽ നിന്നു് ശക്തികൈവരിച്ചയാളാണു്. പ്രായോഗികവാദികൾ, തനിക്കുള്ള ഉപകരണങ്ങളെക്കുറിച്ച് കുററം പറയുകയില്ല. സാദ്ധ്യതകൾ കണക്കിലെടുത്തു് അവർ അവസരത്തിനൊത്തു് പ്രവൎത്തിക്കും. പുതിയസാദ്ധ്യതകൾ അതോടെ ഉറപൊട്ടി പുറപ്പെടും. അപ്പോൾ കൂടുതൽ കൂടുതൽ കൎമ്മങ്ങൾ ചെയ്യുവാൻ കഴിയും. അതേസമയം ഒരു കാര്യം ഓർമ്മിക്കണം: ഒരു കാര്യവും ഒട്ടും ദോഷമില്ലാതെ ചെയ്യുവാൻ കഴിഞ്ഞെന്നു വരുകയില്ല. ഏറെ നന്മയാണോ എന്നു നോക്കിയാൽ മതി. ആപേക്ഷികസിദ്ധാന്തം എങ്ങും കാണുവാൻ കഴിയും.

കർമ്മം ചെയ്താൽ പോര, മററുള്ളവക്ക് അതിൻെറ വെളിച്ചം കാണിച്ചുകൊടുക്കണം. അങ്ങനെയാണ് നേതാവ് വലിയവനാകുന്നതു്.

കർമ്മധീരനാകുക, നേതാവ്. നിഷ്ക്രിയക്ക് ഭൂമിയിൽ സ്ഥാനമില്ല. എതിരാളികൾ അകർമ്മികളാണെങ്കിൽ പേടിക്കേണ്ടതില്ലെന്നുപറയുന്നതിൽ ഏറെ വാസ്തവമുണ്ടു്. അവനവൻെറ പ്രവൃത്തികൾ അവനവനെ വേട്ടയാടിക്കൊള്ളും. മഹത്വത്തിലേയ്ക്കുള്ള യാത്ര കർമ്മങ്ങളിലൂടെയാണു്.

50 ഓരോരുത്തരുടെ ഉള്ളിലും ഓരോ ഡയനാമോ ഉണ്ടു്. ചലനതന്ത്രങ്ങൾ അറിയാവുന്ന ഒരുവനു് അതിനെ പ്രവർത്തിപ്പിച്ച് ഊർജ്ജം ഉല്പാദിപ്പിച്ച്, ചുററും ചൂടും പ്രകാശവും നൽകുവാൻ കഴിയും. ഊർജ്ജം അന്യരിലേക്ക് കടത്തിവിട്ട് മററുള്ളവരെ കർമ്മനിരതരാക്കുവാനും സാധിക്കും.

മററുചിലർ വെല്ലുവിളികൾ വരുമ്പോഴേ തന്നിലുള്ള ശക്തിയെ കണ്ടറിയൂ. കണ്ടറിഞ്ഞാൽ, പ്രയോജനപ്പെടുത്തുവാൻ കഴിയുന്നവരുണ്ട്. അത്തരക്കാരും ജീവിതത്തിൽ നേട്ടങ്ങളുണ്ടാക്കും. അല്ലാത്തവർ നിധികാക്കുന്ന ഭൂതത്തെപ്പോലെയായി നിലകൊള്ളും.

ഡൈനാമിസമുള്ള നേതാക്കൾ, പ്രതിസന്ധികളിലൂടെയും, വെല്ലുവിളികളിലൂടെയും, എതിർപ്പുകളിലൂടെയും അപവാദങ്ങളിലൂടേയും നീന്തി, വീരപുരുഷന്മാരും പുണ്യവാന്മാരും ആകും. എല്ലാററിനേയും ശാന്തമായും ധീരമായും നേരിടാനും ആവശ്യമെന്നു തോന്നുന്നസ്ഥലങ്ങളിൽ വേരുറപ്പിക്കുവാനും ഡൈനാമിസമുള്ള നേതാക്കൾക്ക് നിഷ്പ്രയാസം കഴിയും. സ്വന്തംജീവിതം കൊണ്ടു മററുള്ളവരെ സ്വാധീനിക്കുവാനും ഇത്തരക്കാർക്കു് കഴിയും. ഇവരെ ശത്രുക്കൾപോലും ആദരിയ്ക്കും. ഈ സാങ്കേതിക വ്യുൽപത്തിയുടെ യുഗത്തിൽ (Technology) പ്രവർത്തന പ്രവണത (Activism) ക്കു് സ്ഥാനം കിട്ടിയതിൽ ആരും അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. ബുദ്ധിയും ധൈര്യവും മനുഷ്യപ്രയത്നവും ഒന്നിച്ചു ചേരുമ്പോൾ,ഏതു വലിയ കാര്യ

വും നടക്കും. കൽക്കത്തയിലെ നിർഭാഗ്യരായ രോഗികളെ, അനാഥരെ, കണ്ടപ്പോൾ മദർ ത്രേസ്യാക്ക് അവരെ കണ്ടില്ലെന്നു നടിക്കാമായിരുന്നു; മഠത്തിൽ ഭക്ഷിച്ചും, പ്രാർത്ഥിച്ചും, അല്ലലും അലട്ടലും കൂടാതെ ജീവിക്കാമായിരുന്നു, എങ്കിൽ ഇന്ന് അവർ അറിയപ്പെടാത്ത രത്നമായി കുപ്പയിൽ തന്നെ കിടക്കുമായിരുന്നു. ചലനാത്മകമായ നേതൃത്വസിദ്ധിയുള്ള മദർ ത്രേസ്യാ സ്നേഹദീപമായി; സേവനത്തിന്റെ മണിവിളക്കായി നിലകൊള്ളുന്നു; ഇന്ന്, ലോകമാകെ വെളിച്ചം വീശുന്ന ആ പുണ്യവതി.

നല്ലനേതാക്കൾക്ക് സഹപ്രവർത്തകരെ ചലിപ്പിക്കുവാനും, അനുയായികളെ ജ്വലിപ്പിക്കുവാനും നിഷ്പ്രയാസം കഴിയും. പക്ഷേ ശരിയായ സ്ഥാനത്ത് ഉറച്ചു നില്ക്കണമെന്നകാര്യം മറക്കരുത്.

51. ഓരോ അടിവീതം മുന്നേറണം. അടിവെച്ചടിവെച്ച് മുന്നേറുക എന്നു പറയുന്നതതുകൊണ്ടാണ്. ഇങ്ങനെ മുന്നേറണമെങ്കിൽ എന്തിന്റെയും ചരിത്രപരമായ വശം കൂടി അറിഞ്ഞിരിക്കണം. കാണണം, അറിയണം. എന്നിട്ടു സ്വന്തം കഴിവുകളും നിപുണതകളും ഉപയോഗപ്പെടുത്തി, നയത്തോടുകൂടി മുന്നോട്ടു നീങ്ങണം. പ്രയാസങ്ങളെ തരണം ചെയ്താലേ പുരോഗതിയുണ്ടാകൂ, വളർച്ചയുണ്ടാകൂ.

മുന്നോട്ട് കുതിക്കുമ്പോഴും വിദൂരവീക്ഷണം വേണം. മുമ്പിൽ ചിലഹിമക്കട്ടകൾ കാണും. ഒററനോട്ടത്തിൽ അതിന്റെ മേലററമേ കാണൂ. തന്മൂലം അതിനെ നിസ്സാരമായി കണക്കാക്കും. ഏററുമുട്ടുമ്പോൾ തന്റെ 'വാട്ടർലൂ' ആണു അതെന്ന് അറിയും. ഇത്തരം അബദ്ധം പററാതെ നോക്കേണ്ടതുണ്ട്. അകലെക്കൂട്ടിക്കണ്ട്, പരിപാടികൾ സമർത്ഥമായി ആസൂത്രണം ചെയ്തശേഷമേ മുന്നോട്ട് കുതിക്കാവൂ. വേണ്ടിവന്നാൽ ഒരടിപുറകോട്ട് ഇറങ്ങിയിട്ട് രണ്ടടി മുന്നോട്ട് കുതിക്കാവുന്നതുമാണ്. ശക്തികൊണ്ട് കാര്യം സാധിക്കുവാൻ കഴിയാത്തിടത്ത് തന്ത്രം തന്നെ മരുന്ന്.

മുന്നോട്ട് പോകുമ്പോൾ തീർച്ചയായും എതിർപ്പുകളെ നേരിടേണ്ടിവരും. തള്ളേണ്ടവരെ തള്ളുകതന്നെ വേണം. കുത്തേണ്ടവരെ കുത്തണം. കൊള്ളേണ്ടവരെ, അവരുടെ ബലഹീനതകളോടെ മാനിയ്ക്കണം., ഉൾക്കൊള്ളണം. നേതാവ് എതിർപ്പുകൾക്ക് പലപ്പോഴും നേതൃത്വം നൽകുകയും വേണ്ടിവരും. എതിർപ്പിലൂടെയേ പൂർണ്ണജയം നേടുവാൻ കഴിയൂ. സമ്പൂർണ്ണമായ ശക്തി സമാഹരിച്ച്, ഊർജ്ജസ്വലതയോടെ ലക്ഷ്യം തിട്ടപ്പെടുത്തി, പതറാതെ നിരന്തരം അടിവെച്ചടിവെച്ച് നീങ്ങുക. സാഹചര്യം ഏറെ അനുകൂലമെന്ന് കാണുമ്പോൾ കുതിക്കുക., സാദ്ധ്യതകൾ നോക്കി പറക്കുക. അപ്പോൾ ലക്ഷ്യത്തിലെത്തും. മുന്നേററത്തിൻെറ വേഗത, സാദ്ധ്യതകളെ മണത്തറിഞ്ഞു് കുറയ്ക്കുകയും കൂട്ടുകയും ചെയ്യാമെന്നു സാരം.

വിമർശനത്തെ ഒരിക്കലും വകവെയ്ക്കരുതു്. വിമർശിക്കപ്പെടുമ്പോഴേ ശ്രദ്ധിയ്ക്കപ്പെടുകയുള്ളൂ. ധൈര്യവും ആത്മവിശ്വാസവും കൈവിടാതിരിയ്ക്കുന്നതിൽ അതീവശ്രദ്ധവേണം. സിംഹത്തിനുപോലും ഈച്ചകളുമായി മല്ലിടേണ്ടിവരുമെന്ന കാര്യം ഓർമ്മിക്കുക.

ശത്രു ഏറെ ശക്തനാണെങ്കിൽ, നമ്മേ മനഃപൂർവ്വം വന്നു് മുട്ടിയാലും മുട്ടിയതായി ഭാവിയ്ക്കരുതു്. മുട്ട് പ്രകടനസ്വഭാവമുള്ളതാണെങ്കിൽ ഒരു 'കിസ്സാ'യിക്കരുതണം. എന്നിട്ട് ദാവീദ് ഗോലിയാത്തിനെ തട്ടിയതുപോലെ, അകന്നു നിന്നു്, സൂത്രത്തിൽ ഒററത്തട്ട്. കഥ കഴിയണം.

മുന്നേററത്തിൽ, ആട്ടിൻതോലുധരിച്ച പുലികളെ അഭിമുഖീകരിയ്ക്കേണ്ടിവരാം. കൊല്ലപ്പെടുന്നതിനു മുമ്പ് കൊല്ലുക – എന്ന തന്ത്രംതന്നെ അതിന്നു് മരുന്നു്. ആക്രമിക്കപ്പെടുന്നതിന്നു് മുമ്പ് ആക്രമിയ്ക്കണമെന്നർത്ഥം. എന്നാൽ നശിപ്പിച്ചാലും നശിയ്ക്കാത്ത ശത്രുവാണെങ്കിൽ അവരിൽ നിന്നു് ബോധപൂർവ്വം ഏറെയേറെ അകന്നകന്നു് കഴിയണം. ശത്രുവിൻെറ ശക്തിയുടെ ആഴവും പരപ്പും കണ്ടുപിടിക്കുവാനായി ബുദ്ധിജീവികളുടെ സഹായം നേതാവ് നേടി

യിരിയ്ക്കണം. നേതാവ് മിക്കപ്പോഴും ശരാശരിയുടെ മുക ളിൽ നിൽക്കുന്ന ബുദ്ധിജീവിയാകുമെന്നല്ലാതെ അസാമാ ന്യ മനീഷയാവണമെന്നില്ല. ബുദ്ധിയിൽ ഗാന്ധിജിയേ ക്കാരം എത്രയോ മീതെയായിരുന്നു ടാഗോർ, നെഹ്റവി നേക്കാരം എത്രയോ അറിവുള്ളയാളായിരുന്നു ഡോ. രാ ധാകൃഷ്ണൻ, ചൗഎൻലായിയേക്കാരം എത്രയോ വലിയ വിജ്ഞാനിയായിരുന്നു മാവോ. ബുദ്ധിജീവികരം ഭരണ ത്തലവന്മാരാകുക അപൂർവ്വമാണ്. പക്ഷേ, അവർക്ക് നല്ല ഭരണ കർത്താക്കരംക്ക് രൂപം നൽകുവാൻ കഴിയും. അവർ അസാമാന്യസൂത്രധാരകരായിരിയ്ക്കുകയും ചെയ്യും. ഏതു പ്ര ക്ഷോഭണത്തിൻെറ പിറകിലും ബുദ്ധിജീവികരം ഉണ്ടാ യിരിക്കുമെന്നതു് തീർച്ചയാണ്. എതിരാളികളുടെ ദുർബ്ബ ലവശങ്ങളെ കണ്ടെത്തിത്തരുന്നതു്, പ്രതിഭാശാലികളാ ണ്; നേതാവ് കേഡറന്മാരെക്കൊണ്ട് ദുർബ്ബലഭാഗത്തു് ആഞ്ഞടിപ്പിയ്ക്കും. ചെകുത്താന്മാർ ഒററയ്ക്കാവുകയില്ല, പടയ്ക്കുവരുന്നതു്. എച്ച്. ഡി. തോറോവിൻെറ വാക്കുക ളിൽ പറഞ്ഞാൽ അവൻ ആറായിരപ്പടയാണ്. തന്മൂലം കരുതലോടെ അവനെ ആഞ്ഞടിയ്ക്കണം. എതിർപ്പുകളെ സുധീരം അഭിമുഖീകരിയ്ക്കണം. പടപൊരുതണം, മനക്ക രുത്തോടെ.

എപ്പോഴും മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുക. പടി പടിയായി മുന്നേറുക, എന്നതുതന്നെ പ്രമാണം.

52 എത്ര വിശദമായി ആസൂത്രണം ചെയ്താലും അപ്രതീ ക്ഷിതമായ സംഭവങ്ങരം ഉണ്ടാകും. അതിനെ നേരിടുവാൻ കഴിവു കാണിക്കണം. നേതാവിൻെറ സാമർത്ഥ്യം പ്രകട മാകുന്നതു് ഇത്തരം നിമിഷങ്ങളിലാണതാനം.

ദൈവത്തിനുള്ളതു് ദൈവത്തിനും, ചെകുത്താനുള്ളതു് ചെകുത്താനും കൊടുക്കുവാൻ പഠിച്ചിരിക്കണം. വലിയ മഹാന്മാരായ നേതാക്കളെല്ലാം ഏതെങ്കിലുമൊരു പരാശ ക്തിയിൽ വിശ്വസിച്ചിരുന്നവരാണ്. "എന്നെക്കൂടാതെ നിങ്ങരംക്കൊന്നും വയ്യാ" എന്ന യേശുതമ്പുരാൻെറ പ്രഖ്യാ പനം ഓർമ്മിക്കുക. "ഭഗവാൻ കൃഷ്ണൻ തേരു തെളിക്കും;

നമ്മാം അർഞ്ജുനനാവണം'' എന്ന തത്വമാണ് ഭാരതീയ വേദാന്തികാം ഉന്നയിക്കുന്നതും.

നേട്ടങ്ങളിൽ തോൽവിയുടെ ബീജങ്ങളും കണ്ടെന്നു വരാം. വിജയത്തിൻെറ ഉള്ളിൽ, തോൽവിയുടെ വിത്തുകളും കാണും. ഈ യാഥാർത്ഥ്യത്തെ മനസ്സിൽ വച്ചുകൊണ്ടു വേണം ജയവും തോൽവിയും വിലയിരുത്തുവാൻ. നമ്മുടെ മനസ്സാണ് നമ്മേ വിജയത്തിലേയ്ക്കും പരാജയത്തിലേയ്ക്കും നയിക്കുന്നതെന്ന യാഥാർത്ഥ്യം ഓർമ്മിക്കുക. പ്രവാചകനെ സ്വന്തം നാട്ടിൽ ആരും ബഹുമാനിക്കുകയില്ലെന്ന കാര്യം മറക്കാതിരിക്കുക.

നേതാവിനു് വീഴ്ച പററാം; സാരമില്ല, എണീററാൽ മതി. നേതാവിനു തെററു പററാം; സാരമില്ല, തിരുത്തിയാൽമതി. എന്തായാലും കർമ്മനിർവഹണത്തിൽനിന്നു് ഒരിക്കലും വ്യതിചലിക്കാതെ നോക്കണം. കർമ്മകൗശലമുള്ളവനു് തോൽവിയുണ്ടാവുകയില്ല. വിദ്യാഭ്യാസംവഴി ജീവിത കളരിയിൽ പയററാനുള്ള കഴിവ് നേടിയിരിക്കണം.

ഇതൊക്കെയാണെങ്കിലും പൂർണ്ണനായ നേതാവാകുവാൻ എളുപ്പമല്ല. താൻ പാതി ദൈവം പാതി എന്നതുതന്നെ പ്രമാണം.

54 ലോകത്തിൽ കാണുന്ന എല്ലാ പുരോഗതിക്കും വിത്തിടുന്നതു് ആദ്യമായി ഒരേ ഒരാളായിരിക്കും.

55 മഹത്വാകാംക്ഷ വേണം. പക്ഷേ അഹങ്കാരം പാടില്ല. അഹങ്കാരം കുതിരപ്പുറത്ത് യാത്ര ചെയ്യും; എന്നാൽ മടങ്ങിവരുന്നതു് കാൽനടയായിട്ടായിരിക്കും. അധികാരം ലഭിക്കുമ്പോാം ചിലക്ക് അഹങ്കാരം ഉണ്ടാവുക സ്വാഭാവികവുമാണ്. അധികാരം ലഭിക്കുമ്പോാം, കൂടുതൽ വിനീതനാകുവാൻ പഠിക്കണം. വിനയം അഭിനയിച്ചാൽ പോരാ; വിനയത്താൽ ശിരസ്സ് കുനിയണം. ശുദ്ധനിർമ്മലമായിരിക്കണം നേതാവിൻെറ മനസ്സാക്ഷി. മനു

ഷ്യനിലുള്ള ഈശ്വരചൈതന്യമാണ് മനസ്സാക്ഷിയെന്നോർക്കുക. പക്വതയെത്തിയ വ്യക്തിയുടെ മനഃസാക്ഷിനാദം ഈശ്വരനാദവുമാണ്.

56 നമ്മുടെ ഉന്നതിയിൽ സ്വന്തക്കാർക്കാവും ഏറെ അസൂയ. കൂടെ നിൽക്കുന്നവൻ എപ്പോഴും വേണമെങ്കിലും തിരിഞ്ഞു കുത്തിയെന്നുവരാം. 'കർത്താവേ, ശത്രുവിന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം, മിത്രങ്ങളിലെ ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് അങ്ങ് എന്നെ കാത്തുകൊള്ളേണമേ', എന്ന പ്രാർത്ഥന ശ്രദ്ധേയമാണ്. ബ്രൂട്ടസുമാരെ നോക്കിവയ്ക്കുക. യൂദാസുകളെ സൂക്ഷിക്കുക. കായേന്മാരുടെ ശത്രുതയിൽ നിന്ന് അകന്നു മാറുക, സഹോദരന്മാരായ പാണ്ഡവകൗരവന്മാരുടെ യുദ്ധക്കെടുതിയെക്കുറിച്ച് പഠിച്ചിരിയ്ക്കുക.

ഉൾപ്പോരാണ് തോൽവിയുടെ മുഖ്യനിദാനം. അപകടത്തിന്റെ വക്കിൽ നിന്ന് ഒരു കാതം അകലെ മാറി നിന്നുകൊണ്ട് കർമ്മം ചെയ്യുക. സ്വരക്ഷയുടെ കല ഓരോ നേതാവും പഠിച്ചിരിയ്ക്കേണ്ടതുണ്ട്.

57 ഉറവിടങ്ങളെ സ്വാധീനിയ്ക്കണം. കതിരിൽ വളം വെച്ചതുകൊണ്ട് പ്രയോജനമുണ്ടാവുകയില്ല. ഏതുപ്രശ്നത്തിനും താൽക്കാലികപരിഹാരം കണ്ടെത്തുവാൻ എളുപ്പമാണ്. ശാശ്വതപരിഹാരം വേണമെങ്കിൽ ആഴങ്ങളിൽ ഇറങ്ങിച്ചെല്ലണം. മൂലകാരണം കണ്ടെത്തിപരിഹരിയ്ക്കണം. അതിനായി കൂടുതൽ അദ്ധ്വാനവും കൂടുതൽ സമയവും ചിലവഴിയ്ക്കേണ്ടിവരും. അടിത്തറ നന്നാണെങ്കിലേ, സൗധം നിലനിൽക്കുകയുള്ളു. ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിയുന്നവന് ഏതുപ്രശ്നത്തിന്റെയും മേൽ ആധിപത്യം ചെലുത്തുവാൻ കഴിയും. പ്രശ്നങ്ങളെ സധൈര്യം നേരിടാനും സാധിക്കും.

പുല്ലാവുന്നതിനേക്കാൾ നന്ന്, പല്ലാവുന്നതുതന്നെ. കരുതലോടെ പൊരുതുക. എതിരാളിയുടെ ശത്രുവിനെ

പ്രയോജനപ്പെടുത്തുക. ശത്രു സ്പ്രിംഗ്പോലെയാണ്; നിവർത്തിയിടുക, അപ്പോൾ അതു് വെറും കമ്പിയായി ത്തീരും; ബലം ഇല്ലാതാകുകയും ചെയ്യും.

58 വ്യക്തിഗതമായും സംഘടനാതലത്തിലും കാര്യമായി ഒരുങ്ങിയിട്ടുവേണം രംഗത്തു് പ്രവേശിക്കുവാൻ, നേതൃത്വ നിരയിലേക്കു് കയറി നിൽക്കുവാൻ. സ്വന്തം വേരില്ലാ ത്തവനു് നിലനിൽക്കുവാൻ സാധിക്കാതെ വരും. പരി ചയമില്ലാത്തവനു് നിറപ്പകിട്ടു്കിട്ടുകയില്ല. വീട്ടുചോ റുണ്ടെങ്കിലേ വിരുന്നു ചോറുള്ളു.

കഴിവുള്ളവനേ, കാര്യശേഷി തെളിയിക്കുവാൻ കഴിയൂ, കാര്യശേഷി തെളിയിച്ചാലേ ശ്രദ്ധിക്കപ്പെടുകയുള്ളു. ശ്ര ദ്ധിക്കപ്പെട്ടാലേ അംഗീകാരം ലഭിക്കൂ. അംഗീകാരം ലഭി ച്ചാലേ പ്രശസ്തിയുണ്ടാകൂ. പ്രശസ്തിയുള്ള നേതാവിനെ ജനങ്ങൾ പൂജിക്കും. സ്വന്തമായി കരുത്തു് നേടിയെടുത്ത ശേഷമേ, മുൻനിരയിലേക്കു് നീങ്ങാവൂ.

59 സന്ദർശനം നടത്തി ആളുകളെ തന്നിലേക്കു് ആകർ ഷിക്കണം. പ്രയോജനപ്പെടുത്തേണ്ടവരുമായി ആസൂത്രി തമായ രീതിയിൽ ബന്ധം സ്ഥാപിക്കണം. ശക്തന്മാരു മായി ആഴത്തിൽ വ്യക്തിബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ട തുണ്ടു്. സന്ദർശനവും സംഭാഷണവും വഴിയാണു് സൗഹൃ ദം വളർന്നു ഫലം പുറപ്പെടുവിക്കുക.

ഭവനസന്ദർശനം വഴി ആളുകളുമായി കൂടുതൽ അടുത്തു പെരുമാറുവാൻ കഴിയും. അടുത്തറിയുവാനും സാധിക്കും. അഞ്ചുഭൂഖണ്ഡങ്ങളെ പ്രതിനിധീകരിക്കുന്ന അഞ്ചുനിറത്തി ലുള്ള അഞ്ചുവളയങ്ങൾ ചേർന്ന ഒളിമ്പിക്കു് ചിഹ്നം ലോ കപ്രസിദ്ധമാണല്ലോ. വളയങ്ങൾ പരസ്പരം ബന്ധ പ്പെട്ടു് കഴിയുന്നു.

വിജയത്തിനു്, ഒന്നിച്ചു്കൂടൽ അവശ്യം തന്നെ. കണ്ടു് സംസാരിച്ചു്, അറിയണം. ‘‘വന്നുകാണുക’യെന്ന

ബൈബിൾ വാക്യം ഇവിടെ ഓർമ്മിക്കുക' വിജ്ഞാനികളായ, മൂന്നു രാജാക്കന്മാർ ഗാസ്പ്പർ, മെൽക്കിയോർ, ബൽത്താസർ എത്രയോ പ്രയാസങ്ങൾ സഹിച്ചാണു് ഉണ്ണിയേശുവിനെ സന്ദർശിച്ചതെന്നോർക്കുക.

യേശുദേവൻ ഭവനസന്ദർശനം വഴി നിരവധിപേരെ തന്നിലേയ്ക്കു് ആകർഷിച്ചകാര്യം നിരന്തരം ഓർമ്മിക്കുക. ശ്രീശങ്കരൻ, ശ്രീനാരായണഗുരു, ശ്രീഅരവിന്ദൻ, ശ്രീവിവേകാനന്ദൻ ഇവരാരും ഏകാന്തയോഗികളായിരുന്നില്ല. മനുഷ്യബന്ധങ്ങളിൽ അവർ അതീവതാല്പര്യം കാണിച്ചിരുന്നു.

60 നേതാവ് അനിതരസാധാരണമായ ക്രിയാത്മകശക്തിയുള്ളവനായിരിയ്ക്കും. ജനതയുടെ വഴികാട്ടിയും സുഹൃത്തും ദാർശനികനും ആകും നല്ല നേതാവ്. പണ്ഡിതനായിരിയ്ക്കുമയാൾ, മനുഷ്യസ്നേഹിയായിരിയ്ക്കുമെന്നതു് തീർച്ച.

## ക്യാമ്പുകൊണ്ടുള്ള നേട്ടങ്ങൾ

1 ആത്മധൈര്യം ലഭിക്കും. ആത്മവിശ്വാസം ധീരതയുടെ കാതലായി പരിണമിക്കും.

2 അവനവനെപ്പററി നല്ല മതിപ്പു് ഉണ്ടാകും. അതോടെ തന്നിലെ 'ചലനയന്ത്ര'ത്തെ പ്രവർത്തിപ്പിക്കുവാൻ ഒരുവനു് കഴിയും. തന്റെ ഉള്ളിലെ വെളിച്ചത്തെ, ചൈതന്യത്തെ കർമ്മങ്ങളിലൂടെ പ്രകാശിപ്പിക്കുവാൻ അവനവയെപ്പററിയുള്ള മതിപ്പ് സഹായകരമാകും.

3 തന്റേതായ കഴിവുകൾ, കണ്ടെത്തുവാനും അവയെ പരിശീലിപ്പിച്ചു് പ്രകടിപ്പിക്കുവാനും ഒരുവനു് അവസരം ലഭിക്കുന്നു. അതുവഴി അംഗീകാരം കിട്ടുകയും ചെയ്യും. വീട്ടിലോ, വിദ്യാലയത്തിലോ നാട്ടിലൊവച്ചു് ലഭിക്കാതിരുന്ന അംഗീകാരം അനായാസമായി ക്യാമ്പിൽ വച്ചു് ലഭിക്കുന്നതു്, അവനു് അനുഭവവേദ്യമാകും.

4 സ്വയം അറിയുവാൻ ക്യാമ്പ് ഒരുവനെ പ്രാപ്തനാക്കും. തൻേറ പരിമിതികൾ, പ്രത്യേകതകൾ, കഴിവുകൾ മുതലായവ ഒരുവന് ശരിക്കും ക്യാമ്പ് ജീവിതം വഴി ബോധ്യമാകാം.

5 സഹകരിച്ച പ്രവർത്തിക്കേണ്ടതിൻെറ ആവശ്യകത കൂടുതലായി മനസ്സിലാക്കുവാൻ അവസരം കിട്ടും. ആരും ഒററപ്പെട്ടു നില്ക്കേണ്ടവരല്ലെന്നകാര്യം, ക്യാമ്പിൽവച്ച് കൂടുതൽ മനസ്സിലാകും. കൂട്ടായപ്രാർത്ഥന, കൂട്ടായആഹാരം, കൂട്ടായകളി, കൂട്ടായചർച്ച, കൂട്ടായകലാപരിപാടികൾ ഇവയൊക്കെ വിജയകരമായി നടക്കണമെങ്കിൽ തൻേറതായ പങ്ക് വേണമെന്നും തൻേറതായ പങ്കിന് അവിടെ സ്ഥാനമുണ്ടെന്നും ഒരുവന് മനസ്സിലാകും. സൃഷ്ടാത്മകമായ പങ്കാളിത്തത്തിൻെറ പ്രാഥമിക പാഠങ്ങൾ ക്യാമ്പ്ജീവിതത്തിൽ നിന്നു് അനായാസമായി ലഭിക്കും.

6 സ്വാശ്രയശീലം ഉണ്ടാകും. സ്വന്തം കാലിൽ നിൽക്കുവാൻ പഠിക്കും. സ്വന്തം ശക്തിയെ വളർത്തണമെന്ന കാര്യവും മനസ്സിലാക്കും.

7 കുട്ടികൾക്കു് വീട്‌വിട്ട് പുറത്തിറങ്ങുവാൻ മടികാണും; ജീവിക്കുവാൻ പ്രയാസം തോന്നും. മാതാപിതാക്കന്മാരില്ലാത്തിടത്തു് താമസിക്കുവാൻ ഭയം തോന്നും; വല്ലാതെ ഓമനിച്ചു വളർത്തപ്പെട്ട കുട്ടികളുടെ കാര്യത്തിൽ പ്രത്യേകിച്ചും. ആരോഗ്യകരമായ ഒരു ദർശനം കുട്ടികൾക്കു് ലഭിക്കും.

8 ലളിത ജീവിത രീതിയുടെ പ്രാധാന്യം മനസ്സിലാകും. തറയിലാവും ചിലപ്പോൾ കിടപ്പ്. ആഹാരം ഇഷ്ടപ്പെട്ട രീതിയിലായിരിക്കുകയില്ല, ചിലപ്പോൾ വീടുമായി തട്ടിച്ചുനോക്കുമ്പോൾ നിരവധി കുറവുകൾ തോന്നും. പക്ഷേ രണ്ടുനാലുദിനം കഴിയുമ്പോൾ ഏതു സാഹചര്യങ്ങളോടും ഇണങ്ങിച്ചേരുവാൻ പഠിക്കും.

9 വികസിതമായ ഒരു വീക്ഷണം കിട്ടും. ദൈവം എല്ലാവരുടേയും പിതാവ്, മനുഷ്യരെല്ലാം സഹോദരിസഹോദരന്മാർ. അയൽക്കാരൻെറ ക്ഷേമം അന്വേഷിക്കേണ്ടതിൻെറ പ്രാധാന്യവും ക്യാമ്പ് ജീവിതത്തിൽ വച്ചാവും വിദ്യാത്ഥികഠം പഠിക്കുക.

10 ലക്ഷ്യബോധം നേടിയെടുക്കുവാൻ ക്യാമ്പ് പലപ്പോഴും ശക്തിനൽകും. ഭാവിയിൽ ആരാവണം? ഏററവും ഇഷ്ടപ്പെട്ടജോലിയെന്തു്? അവിടെ എത്തുവാൻ എന്തു ചെയ്യണം? ലക്ഷ്യത്തിലെത്തുവാനായി തനിക്കുള്ള വിഭവങ്ങഠം ഏവ? കുറവുകഠം ഏവ? അവ നികത്തുവാനുള്ള വഴികളെന്തു്?

ഉപലക്ഷ്യങ്ങഠം ഏവ? അവ ആർജ്ജിക്കുവാനുള്ള ഉപാധികഠം ഏവ? ഇത്തരം ചോദ്യങ്ങഠംക്കുള്ള മറുപടി കണ്ടെത്തുവാൻ ക്യാമ്പ് ഒരു പരിധിവരെയും സഹായിക്കും.

11 നിർഭയത്വം നേടിയെടുക്കുവാൻ കഴിയും. എല്ലാത്തരത്തിലുള്ള ഭീതിയിൽ നിന്നുമുള്ള മോചനത്തിനുള്ള പ്രേരണ ലഭിക്കും.

12 സാമൂഹ്യാവബോധം നേടിയെടുക്കുവാൻ സാധിക്കും. അതോടെ തന്നിലുള്ള സ്വാത്ഥതയുടെ വേരുകഠം മുറിച്ചുകളയുവാൻ ക്യാമ്പ് അംഗങ്ങഠംക്ക് പ്രേരണ കിട്ടും.

13 കഴിവുകഠം ദൈവദാനമാണെങ്കിലും പരിശീലനവും പരിശ്രമവും വഴിയേ വെട്ടിത്തിളങ്ങുവാൻ സാധിക്കുകയുള്ളവെന്ന യാഥാത്ഥ്യം മനസ്സിലാക്കുവാൻ അവസരം ലഭിക്കും.

14 നിരന്തരമായ അദ്ധ്വാനത്തിൻെറ വേദാന്തം യുവാക്കഠം പഠിക്കും. നിരന്തരമായ, സ്ഥിരമായ, പ്രയത്നത്തിലൂടെ മാത്രമാണ് ആളുകഠം ഉന്നതപദവിയെ പ്രാപിക്കുകയുള്ളവെന്ന ചരിത്രം ക്യാമ്പ് അംഗങ്ങഠം മനസ്സിലാക്കും.

15 ചെറുപ്രായത്തിൽ തന്നെ, മിച്ച സമയവും, മിച്ചബുദ്ധിയും, മിച്ചം കഴിവും, മിച്ചപണവും പ്രയോജനപ്പെടുത്തി പ്രയോജകമായി ജീവിക്കുവാൻ പരിശ്രമിക്കും. കുറേക്കൂടി മെച്ചപ്പെട്ട ജീവിതം നയിക്കുവാനുള്ള ഉൾപ്രേരണ ലഭിക്കും.

16 സാമൂഹ്യമായ ഉത്തരവാദിത്വത്തിൻെറ ബാലപാഠങ്ങൾ ക്യാമ്പിൽവച്ച് ശാസ്ത്രീയമായി പഠിക്കും; കഴിവിനും വെളിച്ചത്തിനും അനുസരിച്ച് നന്മചെയ്യുവാൻ ഓരോരുത്തരും കടപ്പെട്ടവരാണെന്ന ബോധ്യം അവക്കു ഉണ്ടാകും.

17 കൂട്ടായ്മയുടെ മാധുര്യം നുകരുവാൻ അവസരം ലഭിക്കും. കൂട്ടായ്മയ്ക്ക് സാക്ഷികളാകുവാൻ കുട്ടികൾക്കും അവസരം ലഭിക്കും. സ്നേഹത്തിൻെറ കൈമാററം ഇവിടെ നടക്കും; സേവനത്തിൻെറ ശുശ്രൂഷ ക്യാമ്പംഗങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവരും. സമൂഹജീവിയാണു താനെന്ന ബോധ്യം ഓരോരുത്തക്കും ഉണ്ടാകും.

18 വായനയുടെ പ്രാധാന്യം പഠിക്കും. വായിച്ചാലേ വളരുവാൻ കഴിയൂ എന്ന യാഥാത്ഥ്യം മറ നീക്കി പുറത്തുവരും. പലകുട്ടികളും തന്നേക്കാൾ എത്രയോ അറിവുനേടിയിരിക്കുന്നുവെന്ന യാഥാത്ഥ്യം ഒരുവനെ കൂടുതൽ പരിശ്രമശാലിയാക്കും. അറിവാണ് ശക്തിയെന്ന മന്ത്രം കുട്ടികൾ ഉരുവിടും.

19 എല്ലാവരോടും സമഭാവനയോടെ പെരുമാറുവാൻ പഠിക്കും. വിട്ടുവീഴ്ചകൾ ചെയ്യു് തുടങ്ങും. അയവുള്ള നിലപാടുകൾ വഴി ശ്രവഗതയിൽ കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി ചെയ്യുവാൻ കഴിയുമെന്ന സത്യം അംഗങ്ങൾ മനസ്സിലാക്കും.

20 നേതൃത്വം സേവനം വഴിയാണ് അരക്കിട്ടുറപ്പിക്കപ്പെടുന്നതു് എന്ന കാര്യം ക്യാമ്പിൽ നിന്നു് മനസ്സിലാകും. നേതാവ് ദാസനാകണമെന്നവാക്യം ക്യാമ്പിൽ മാംസമാകുന്നതു് അംഗങ്ങൾക്കു് കാണുവാൻ കഴിയും.

21 ഒരു കാര്യം ഏറ്റെടുത്താൽ അതിൽ അതീവമായി ശ്രദ്ധയൂന്നിയാലേ വിജയപ്രദമായി അതു് പൂർത്തിയാക്കുവാൻ കഴിയുകയുള്ളുവെന്നകാര്യം മനസ്സിലാകും. അശ്രദ്ധയോടെ കേമനായ പാട്ടുകാരൻ പാടിയാൽ, തോൽവി തീർച്ചയാണു്. പിന്നാലെ നിൽക്കുന്നവൻ ശ്രദ്ധാപൂർവ്വം പാടി ഒന്നാം സമ്മാനം വാങ്ങും.

22 പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുവാൻ ക്യാമ്പ് പരിപാടികൾ സഹായിക്കും. കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വിധം അവർക്കു നേരിൽ കാണുവാൻ കഴിയും.

23 കുറിപ്പുകൾ, നോട്ടുകൾ എടുക്കേണ്ടതിന്റെ ആവശ്യകത, ക്യാമ്പ് അവസാനം നടത്തുന്ന പരീക്ഷവഴി കുട്ടികൾക്കു് അനുഭവപ്പെട്ടും. ഭാവിയിലും എല്ലാകാര്യങ്ങളും കുറിച്ചുവച്ച് പ്രയോജനപ്പെടുത്തുവാനുള്ള പ്രവണത കുട്ടികളിൽ ഉരുത്തിരിയും.

24 പണത്തിന്റെ ശക്തി കുട്ടികൾക്കു് ബോധ്യമാകും. ക്യാമ്പിനു് പണമില്ലാതെ പോയതുകൊണ്ടു് വരുവാൻ കഴിയാത്തവരുടെ കഥ അവർ ഓർക്കും. ക്യാമ്പിലെ വിനോദ യാത്രയുടെ നീളം കുറഞ്ഞതിന്റെ കാരണം പണമാണെന്നകാര്യം മനസ്സിലാക്കുമ്പോൾ, പണം സമ്പാദിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാകും പണത്തിന്റെ ബലവും അറിയുവാൻ സാധ്യത തെളിഞ്ഞുകിട്ടും.

25 ആശയപ്രകാശന സാമർത്ഥ്യം ഏറും. പ്രസംഗം വഴി നേതൃത്വരംഗത്തേക്കു് പറന്നുയരുന്ന പ്രതിഭാസം അംഗങ്ങൾ രുചിച്ചറിയും.

26 നേതൃത്വവാസനയെ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ അവസരം ലഭിക്കും. പ്രവർത്തനനിരയിൽ നിന്നു് നേതൃത്വനിരയിലേക്കു കുതിച്ചുയരുന്നവിധം നേരിൽ കണ്ടു് മനസ്സിലാക്കുവാൻ അവസരം ലഭിക്കും.

27 പല ഉന്നതന്മാരുമായി സ്നേഹബന്ധം ഊട്ടിയുറപ്പിക്കുവാൻ അവസരം ലഭിക്കും. കഴിവുള്ളവനാണെങ്കിൽ

പുതിയ സ്നേഹബന്ധത്തെ പാലമാക്കി ഉന്നതങ്ങളിലേക്കു കയറിപ്പോകാം.

28 ഭാവിയിലെ നേതാക്കന്മാരെ പരിചയപ്പെടാം.

29 മധുരതരമായി സംസാരിക്കുവാൻ, വിനയപൂർവ്വം പെരുമാറുവാൻ, ഔചിത്യത്തോടെ ധിക്കാരികളാകുവാൻ, നേതൃത്വം ഏറെറടുക്കുവാൻ --അങ്ങനെ പല ഗുണങ്ങളും സിദ്ധിക്കും.

30 അപകർഷതാബോധം മാറും. മുൻനിന്നു പ്രവത്തിക്കുവാനുള്ള വീർ ലഭിക്കും. തള്ളിക്കേറി നന്മചെയ്യുവാനുള്ള തൻേറടം ഉണ്ടാകും.

31 ഹൃദയം വിശാലമാകും.

32 സുഹൃത് വലയം വിപുലതരമാകും.

33 ജീവിതത്തിനു ഒരടുക്കും ചിട്ടയും ഉണ്ടാകും.

34 സഭാകമ്പം മാറും. നാണഭാവം പാടെ മാറിക്കിട്ടും. ഊർജ്ജസ്വലത ലഭിക്കും.

35 സമയനിഷ്ഠ പാലിക്കുവാൻ പഠിക്കും. സമയം പാഴാക്കുകയില്ല.

36 പങ്കുചേർന്നു വളരുവാനുള്ള വാസന കൈവരിക്കും. ചെറിയ ക്ലിക്കുകൾ വഴി വളരുന്ന സൂത്രം അറിയും. ഗ്രൂപ്പുകൾ രൂപീകരിച്ചു പ്രവത്തിച്ചാലുള്ള ലാഭം, നേട്ടം മനസ്സിലാകും. സംഘടിച്ചു ശക്തരാകാമെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിക്കുവാൻ അവസരം ലഭിക്കും.

37 ആരോഗ്യസംരക്ഷണത്തിൻെറ പ്രാധാന്യം അറിയും.

38 ഈശ്വരനോടു ചേർന്നു നിന്നാലെ വൻകാര്യങ്ങൾ വിജയകരമായി ചെയ്യുവാൻ കഴിയുകയുള്ളുവെന്ന കാര്യം ക്യാമ്പിലെ പ്രാത്ഥനാജീവിതം അംഗങ്ങളെ ബോധ്യപ്പെടുത്തും.

39 തെളിയിയ്ക്കപ്പെട്ട കാര്യശേഷി വിജയത്തിൻെറ അച്ചാരമായിത്തീരുന്ന പ്രതിഭാസം ക്യാമ്പ് അവസരത്തിൽ അംഗങ്ങൾക്കു കാണുവാൻ കഴിയും.

## ഉപസംഹാരം

അറിവും കഴിവും തെളിയിയ്ക്കപ്പെട്ട കാര്യശേഷിയും പ്രവർത്തനപാരമ്പര്യങ്ങളും, പ്രകാശം പരത്തുന്ന കർമ്മങ്ങളും ആഴമേറിയ വ്യക്തിബന്ധങ്ങളും, കരുതലോടെ കരുപ്പിടപ്പിച്ച സുഹൃത്‌വലയങ്ങളും, ആരുമായും വേഗതയിൽ രമ്യപ്പെടുവാനുള്ള നൈസർഗികമായ ചാതുരിയും തള്ളിക്കേറി നന്മചെയ്യുവാനുള്ള തന്റേടവും, ആചാര്യന്മാരും ആരാധകരും അനുയായികളും ഗുണകാംക്ഷികളും വേണം നല്ലനേതാവിനു്. നേതാവ് അധികാരം ബോധപൂർവ്വം പങ്കിട്ട്, പിൻഗാമികളെ വളർത്തിക്കൊണ്ടും ചേർത്തുനിറുത്തിക്കൊണ്ടുമിരിക്കണം. നിതാന്തജാഗ്രത കൂടിയേ കഴിയൂ. എപ്പോഴും വാർത്തയിലുണ്ടായിരിക്കണം. വാർത്താമൂല്യമുള്ള നേതാവിനു് അനായാസമായി പരിപാടികൾ നടപ്പാക്കിക്കൊണ്ടു് പാർട്ടിയുടെയും തന്റേയും ശോഭ വർദ്ധിപ്പിക്കുവാൻ കഴിയും.

ജനസ്വാധീനം, ജനപിന്തുണ, ജനസമ്മതി ഇവ മൂന്നും ഒരുപോലെ നിലനിർത്തിക്കൊണ്ടുവരണം. മൂന്നിനും ക്രമാനുഗതമായ വളർച്ചയുണ്ടായിരിയ്ക്കേണ്ടതുണ്ടു്.

ചർച്ചിലിന്റെ ഒരു പ്രഖ്യാപനം ശ്രദ്ധിക്കുക. “താൻ കണ്ടുമുട്ടുന്ന മനുഷ്യരിലെല്ലാം നിതാന്ത സ്വാധീനം ചെലുത്തുവാനുള്ള കഴിവാണു് ഒരു നേതാവിന്റെ മഹത്വത്തെ കുറിക്കുന്ന ഒരടയാളം. മറ്റൊന്നു് തന്റെ ജീവിതകാലത്തു് കൈകാര്യം ചെയ്യു പ്രശ്നങ്ങളും നടപടികളും വരാനിരിക്കുന്ന കാലത്തെ സംഭവങ്ങളെ നിരന്തരമായി സ്വാധീനിച്ചു കൊണ്ടിരിക്കുന്നുവെന്നതാണു്.” നേതാവ് ഈ തലമുറക്കു് കനത്ത സംഭാവന നൽകണം; ആ സംഭാവനയ്ക്കു് വരും കാലത്തെ കൂടി സ്വാധീനിക്കുവാൻ കഴിയണം. ഭാവികാലത്തും തന്റെ ആശയങ്ങൾക്കു് പ്ലാനുകൾക്കു്, പരിപാടികൾക്കു് സ്ഥാനം ഉണ്ടായിരിക്കണമെന്നർത്ഥം. യേശുവിന്റെ സ്നേഹപ്രബോധനങ്ങൾ നിത്യനൂതനമായി നിലകൊള്ളുന്നുവല്ലോ, ഷേക്സ്

പിയറുടെ നാടകങ്ങൾ ഇന്നും വായിയ്ക്കപ്പെടുന്നു, അഭിനയിയ്ക്കപ്പെടുന്നു. മൈക്കലാഞ്ചലോയുടെ കലസൃഷ്ടികളെ ഇന്നും ആളുകൾ ആസ്വദിക്കുന്നു. ഫാദർ ഡാമിയൻെറ സേവനങ്ങളെ ആളുകൾ ഇന്നും പ്രകീർത്തിക്കുന്നു. അസ്സീസി ഇന്നും മനുഷ്യർക്കു് വെളിച്ചം വീശുന്നു. മാർക്സ് ഇന്നും തൻെറ ചിന്താശകലങ്ങളിലൂടെ ജീവിക്കുന്നു. ലെനിൻ, നെഹ്റു, ലിങ്കൻ, കെന്നഡി, ചർച്ചിൽ, സോക്രട്ടീസ്, വാല്മീകി, കാളിദാസൻ, ടാഗോർ, ഷാ, ഹോമർ, ഡാൻേറ, ഫ്ളോറൻസ് നൈററിംങ്ഗയിൽ എന്നിവർ ഇന്നും സ്മരിക്കപ്പെടുന്നു. ആധുനികജീവിതത്തെ ക്രമപ്പെടുത്തുന്നതിൽ അവർ സ്വാധീനം ചെലുത്തുന്നു.

ഹെൻറിജെയിംസിൻെറ വാക്കുകൾ ശ്രദ്ധിക്കുക: ''ആശയങ്ങൾ യഥാർത്ഥത്തിൽ ശക്തികേന്ദ്രങ്ങളാണു്. വ്യക്തിത്വത്തിൻെറ ശക്തിയും അളവററതാണു്. ഇവയുടെ സംയോഗം സദാ ചരിത്രം സൃഷ്ടിക്കുന്നു''.

ആരുമായും ബന്ധപ്പെടുവാൻ നേതാവിനു് കഴിയണം. സമ്പക്കം വഴിയേ പുരോഗതിയുണ്ടാകൂ. സംഭാഷണം വഴി, കത്തുവഴി, സന്ദർശനംവഴി അങ്ങനെ വഴികൾ പലതുണ്ടു്. ആശയപ്രകാശനസാമർത്ഥ്യം അനിവാര്യമായ ഘടകവുമാണു്. ബൈബിളിൽ നിന്നു് ഇതാ ഒരു വാക്യം 'നിങ്ങളുടെ ശത്രുക്കളിൽ ആക്കും എതിർത്തുനില്ക്കുവാൻ വഹിയാത്ത വാഗ്സാമർത്ഥ്യവും ജ്ഞാനവും ഞാൻ നിങ്ങൾക്കു് തരും'' (ലൂക്കാ, 21.15).

നേതാവ് മുൻനിന്നും പിൻനിന്നും പ്രവത്ിക്കാൻ കഴിവുള്ളവനാവണം; കരിശെടുത്തു് മുന്നിൽനിന്നു് യുദ്ധം ചെയ്യുവാനും ദാസനെപ്പോലെ പിറകിൽനിന്നുകൊണ്ടു് സേവനം ചെയ്യുവാനും കഴിവുണ്ടായിരിക്കണം. ''യേശു അവക്കു വിധേയനായി ജീവിച്ചു. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻേറയും മനുഷ്യരുടേയും സംപ്രീതിയിലും വളൎന്നുവന്നു'' (ലൂക്കാ 2: 51 - 52). എന്ന ആശയത്തിൻെറ പൊരുൾ ഉൾക്കൊണ്ടു നേതാവ് വളരണം; പ്രവത്തിക്കണം.

നേതാവ്, വിദ്യകൊണ്ട് പ്രബുദ്ധനാകണം, സംഘടനകൊണ്ട ശക്തനാകണം, കർമ്മംവഴി ചരിത്രനിർമ്മാതാവാകണം. സ്ഥായിയായ സത്കർമ്മങ്ങരം ചെയ്യിരിക്കണം.

"എൻെറ വാക്കും കർമ്മവുമെല്ലാം പ്രാത്ഥനയുടെ ഭാഗമാണ്, ഞാനത് ഭഗവാന്ന് സമർപ്പിച്ചിരിക്കുന്നു" എന്ന് പ്രഖ്യാപിച്ച ഗാന്ധിജിയുടെ ദർശനവ്യാപ്തി ഉരംക്കൊള്ളുന്ന നേതാവ് മഹാത്മാവായിത്തീരും.

പാർട്ടിക്ക് പ്രത്യയശാസ്ത്രം, കർമ്മപരിപാടി, പാർട്ടിയന്ത്രം, നേതാവും നേതൃത്വസംഘവും, പ്രവത്തനനിരയും നയതന്ത്രവും സംഘാടകനും വേണം.

നിരന്തരമായ സാധനയിലൂടേയും, സിദ്ധിവികസനത്തിച്ചൂടേയും, കൊടുക്കൽവാങ്ങലിലൂടേയും, നിരവധി കർമ്മങ്ങളിലൂടേയും വിവിധമേഖലകളിലെ പ്രവത്തനപരിചയങ്ങളിലൂടേയും, നിരന്തരമായ എതിർപ്പുകളിലൂടേയും പ്രതികൂലസാഹചര്യങ്ങളിലൂടേയും സുധീരം അഭിമുഖീകരിച്ച നിരവധി മത്സരങ്ങളിലൂടേയും സഗ്ഗാത്മക ചിന്തകളിലൂടേയും വികസിപ്പിച്ചെടുക്കേണ്ട ഒന്നാണ് നേതൃത്വം. എങ്കിലും ഷേക്സ്പിയരുടെ പ്രസ്താവന കേരംക്കുക.: "ചിലർ നേതാക്കളായി ജനിക്കുന്നു. ചിലർ നേതൃത്വം പിടിച്ചു പററുന്നു. മററു ചിലരിലാകട്ടെ നേതൃത്വം അടിച്ചേല്പിക്കപ്പെടുന്നു". പക്ഷേ ഇരുപതാം നൂററാണ്ടിൽ സന്ദർഭോചിതമായി പ്രവത്തിക്കുവാൻ പ്രത്യേക സിദ്ധിയും അസാമാന്യമായ ബുദ്ധികൗശലവും നേതൃത്വത്തിൻെറ ചിന്നം വിളി മുഴക്കുവാനുള്ള ഇച്ഛാശക്തിയും, മികവേറിയ ഡൈനാമിസവും പ്രധാനപ്പെട്ട നടപടികളുടെ കേന്ദ്രബിന്ദുവായി താൻ രൂപാന്തരപ്പെടുവാൻ തക്ക നയതന്ത്രനീക്കങ്ങരം ആസൂത്രിതമായി ചെയ്യുവാൻ തക്ക ബുദ്ധിയും, ഉള്ള ഒരാരംക്കേ ഇന്നിൻെറ നേതാവായി വിജയകാഹളം മുഴക്കുവാൻ കഴിയൂ. നേതൃത്വം ഇന്ന് ഒരു ചലനാത്മകമായ പ്രക്രിയയായി മാറിയിട്ടുണ്ട്. ചലനാത്മകനേതൃത്വം

നല്കുവാൻ കഴിയാത്തവൻ, നേതൃത്വനിരയിൽനിന്നു് പോലും തള്ളപ്പെട്ടും.

മൈക്കലാഞ്ചലോയുടെ ജീവിതത്തിലെ ഒരു പ്രധാന സംഭവം ഇതാ:- "ബാലനായ ദാവീദി" ൻെറ ശില്പം നിർമ്മിച്ച കാര്യമാണതു്. ഒരിക്കൽ പ്രതിമാനിർമ്മാണത്തിനായി മൈക്കലാഞ്ചലോ റോമിലേയ്ക്കു പോയി. അവിടെയെത്തിയപ്പോഴേയ്ക്കും സമയം ഏറെ കടന്നുപോയിരുന്നു. മററു് ശില്പികരം അവിടെയെത്തി മേന്മയേറിയ മാർബിരം ശിലകരം എല്ലാം തെരഞ്ഞെടുത്തു കഴിഞ്ഞു. എല്ലാവരും തള്ളിക്കളഞ്ഞ ഒരേ ഒരു മാർബിരംശിലയേ ബാക്കിയുണ്ടായിരുന്നുള്ളു. അദ്ദേഹമതെടുത്തു. അതിൻെറ പ്രത്യേകതകരം നോക്കി പഠിച്ചു; അതിൻെറ ദോഷങ്ങളും ഗുണങ്ങളും വിലയിരുത്തി. എന്നിട്ടു് അതിനെ പ്രയോജനപ്പെടുത്തുവാനുള്ള വഴികളെക്കുറിച്ചു് മനനം ചെയ്തു. മാർബിരം കല്ലിൻെറ വളഞ്ഞിരിക്കുന്ന ഭാഗം ശില്പത്തിൻെറ കുനിഞ്ഞ ശിരസ്സായി മാററിയെടുത്തു; നീണ്ടഭാഗം ഉയർത്തിപ്പിടിച്ചിരിക്കുന്ന കൈയ്യും ആക്കി രൂപാന്തരപ്പെടുത്തി. ഏററവും നല്ല ശില്പത്തിനുള്ള സമ്മാനം "ബാലനായ ദാവീദു്" നേടി. ചരിത്രം ഉണ്ടാക്കുന്നതു് ബുദ്ധിജീവികളാണു് സർഗ്ഗധനികരാണു്.

നേതാവാകണമെങ്കിൽ നേതൃത്വഗുണങ്ങരം ജന്മനാ ഉള്ളതു് കണ്ടെത്തി വികസിപ്പിച്ചും, അല്ലാത്തതു് ആർജ്ജിച്ചു് സാധനവഴി പുഷ്ടിപ്പെടുത്തിയും പ്രയോജനപ്പെടുത്തണം.

കർത്തവ്യബോധം വേണം. തീരുമാനങ്ങരം എടുക്കുവാൻ ത്രാണികൂടിയേ കഴിയൂ. കർത്തവ്യനിർവ്വഹണശേഷി വേണ്ടതുപോലെ പ്രകടിപ്പിക്കുവാൻ സാധിച്ചിരിക്കണം.

ടീം വക്കിനുള്ള അസാമാന്യമായ ചാതുര്യം നേതാവിനു് അവശ്യംകൂടിയേ തീരൂ. അതുപോലെ സംഘാടകസാമർത്ഥ്യവും.

ആത്മബലമുള്ള പ്രത്യയശാസ്ത്രവും ക്രിയാത്മകപരിപാടികളും സർഗ്ഗാത്മകവീക്ഷണവും നേതാവിനു് ഉണ്ടായിരിക്കണം. ജ്ഞാനയോഗിയും കർമ്മാചാര്യനും ആയിരിക്കണം, നല്ല നേതാവ്. നേതൃനിരയിൽ ഉള്ളവർ തമ്മിൽ ആശയസാമ്യവും തികഞ്ഞ സൗഹാർദ്ദവും പരസ്പരവിശ്വാസവും, പരസ്പരസ്നേഹാദരവും ഉണ്ടായിരിക്കേണ്ടതു് അവശ്യാവശ്യംതന്നെ. സ്വന്തമായ ഒരു രക്ഷാനിരയും നേതാവിനു് കൂടിയേ കഴിയൂ. സമന്മാരിൽ ഒന്നാമനാണു് നേതാവ്.

മനുഷ്യക്കു് ഒരുമിച്ചു് ഒരു പൊതുലക്ഷ്യം നേടിയെടുക്കണമെങ്കിൽ അവരിൽ ആരെങ്കിലും ഒരാൾ മുൻകൈയ്യെടുക്കുകയും, നിർദ്ദേശങ്ങൾ നല്കുകയും ഉത്തരവാദിത്വം ഏറ്റെടുത്തു് വേണ്ട സംവിധാനങ്ങൾ കരുപ്പിടിപ്പിക്കുകയും ലക്ഷ്യത്തിലെത്തുവാൻ മററുള്ളവക്കു് പ്രേരണയും പ്രചോദനവും നൽകുകയുംവേണം. ഇതു് ചെയ്യുന്ന ആളാവും നേതാവ്.

നേതൃത്വവാസനകളെ പരിപോഷിപ്പിക്കുവാൻ കഴിയും; നിർമ്മിക്കുവാൻ വയ്യ, നേതാവിനെ.

വിശ്വമഹാപണ്ഡിതന്മാർ, തത്വമീമാംസകന്മാർ, സാമൂഹ്യപരിഷ്ക്കർത്താക്കൾ, ബുദ്ധിജീവികൾ, സാഹിത്യകാരന്മാർ, കലാകാരന്മാർ, ശാസ്ത്രകാരന്മാർ, ജനസേവകർ, ആത്മീയജ്യോതിസ്സുകൾ – ഇവർ മനുഷ്യമനസ്സുകളിലൂടെ ജീവിക്കുന്നവരാണു്; ആശയാദർശങ്ങളിലൂടെയോ, കണ്ടു

പിട്ടത്തങ്ങളിലൂടെയോ, കർമ്മങ്ങളിലൂടെയോ അവർ ഇന്നും പ്രകാശം തൂകുന്നു ചൂടും വെളിച്ചവും നല്കുന്നു അവർ ഇന്നും. നാളെ നല്കുകയും ചെയ്യും. അവരാണ് നേതാക്കന്മാർ.

സ്വയം പ്രഭ ചൊരിയുവാൻ തക്ക കഴിവുള്ള നേതാക്കളും അവരുടെ വൈദഗ്ദ്ധ്യമുള്ള നേതൃത്വവും ഇല്ലെങ്കിൽ ശരിയായ അർത്ഥത്തിൽ ഒരു പ്രസ്ഥാനവും ഇവിടെ ഉണ്ടാവുകയില്ല.

നേതൃത്വം – ഒരു കലയും ശാസ്ത്രവുമാണ്. അതിൻെറ വഴികളും വേരുകളും കണ്ടുപിടിക്കുക: പ്രയോജനപ്പെടുത്തുക.

പുരോഗതിയുടേയും വികസനത്തിൻേറയും വിമോചനത്തിൻേറയും പ്രത്യാശയുടേയും രക്ഷയുടേയും പ്രതീകമാണ് നേതാവ്.

ഏതു നേതാവിനും ദൗത്യബോധം വേണം. പരിപാടി, ദർശനം, പദ്ധതി, സമീപനം, നയം, തന്ത്രം, പ്രചരണയന്ത്രം, കേഡറന്മാർ, സുഹൃത്തുക്കൾ, ആചാര്യന്മാർ എന്നീ ഘടകങ്ങളുടെ ശക്തിയാൽ ദൗത്യം നിറവേററണം. പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ കർമ്മപാടികൾ സ്വീകരിച്ച്, സാഹസിക മനോഭാവത്തോടെ പടപൊരുതുന്നവനേ, വിജയപതാക പാറിക്കുകയുള്ളൂ.

എല്ലാവിജയവും, അന്തിമവിശകലനത്തിൽ, സിദ്ധാന്തങ്ങളെ എങ്ങിനെ പ്രാവർത്തികമാക്കുവാൻ കഴിഞ്ഞുവെന്നതിനെയാശ്രയിച്ചാണിരിക്കുന്നതു്. ഊർജ്ജസ്വലമായ കർമ്മോത്സാഹത്തിൻെറ കഥകളേ ചരിത്രത്തിൻെറ താളു

കളിൽ കാണുകയുള്ള രാഷ്ട്രീയനേതാക്കളുടെ, മതാധികാരികളുടെ, സൈനികമേധാവികളുടെ, സാമൂഹ്യ സാരഥികളുടെ, വിത്ത പ്രമാണിമാരുടെ, ശാസ്ത്രഗവേഷണ പടുക്കളുടെ, ധാർമ്മിക നേതാക്കളുടെ, കലാതത്വവേദികളുടെ, സാഹിത്യനായകന്മാരുടെ, ബൗദ്ധികാചാര്യന്മാരുടെ എന്നുവേണ്ട ഏതൊരു നേതാവിന്റേയും കഥ, ചരിത്രത്തിൽ രേഖപ്പെടുത്തുന്നതു് അവരുടെ കർമ്മകാണ്ഡത്തിന്റെ ആഴവും പരപ്പും നോക്കിയാണു്; ആ കർമ്മോപാസനയിലൂടെ അവർ നൽകിയ വെളിച്ചത്തിന്റേയും സ്നേഹത്തിന്റേയും വ്യാപ്തിയും ആഴവും തിട്ടപ്പെടുത്തിയിട്ടാണു്. കർമ്മധീരന്റെ ശിരസ്സിനു ചുററും ഒരു പ്രഭാവലയം കാണും. അത്തരം നേതാക്കളെ അടിച്ചു വീഴ്ത്തിയാലും അവരുടെ വെളിച്ചം മങ്ങുകയില്ല.

പ്രവർത്തനോത്സുകനായ നേതാവ് എപ്പോഴം എപ്പോഴെല്ലാം മുന്നോട്ട് കുതിക്കുന്നുവോ, അപ്പോഴെല്ലാം ദൈവം അവനോടുകൂടി പ്രവർത്തിക്കും.

വഴിയറിയാവുന്നവൻ, വഴിയിലൂടെ നടക്കുന്നവൻ, മററുള്ളവരെ വഴിയിലൂടെ നടത്തുന്നവൻ– അവൻ ആരാണോ? അവനാണു് നേതാവ്.

CT Library
*00079608*
P93 AN41

# നേതൃത്വം: വഴിയും വേരുകളും

ടോം ജോസ് അങ്കമാലി



സാഹിത്യകാരൻ, വാഗ്ഭടൻ, അദ്ധ്യാപകൻ, കിങ്ങ്മേക്കർ, പ്രത്യയശാസ്ത്ര പ്രബോധകൻ — എന്നീ നിലകളിൽ അതതു മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലിയാണ് ശ്രീ ടോം ജോസ് അങ്കമാലി. ടോം ജോസിന്റെ പുതിയ ഗ്രന്ഥമാണ് "നേതൃത്വം — വഴിയും വേരുകളും" എന്നതു്. നേതൃത്വ സിദ്ധിയുടെ വികസനത്തിന്റെ വിവിധ വശങ്ങളെ ഇതിൽ പ്രതിപാദിക്കുന്നു. നേതൃത്വ പരിശീലന രംഗത്തുള്ള അദ്ദേഹത്തിന്റെ ദീർഘകാല പരിജ്ഞാനം ഈ കൃതിക്കു കരുത്തു നൽകുന്നു.

*വില 10.00*

പ്രകാശം ബുക്ക് ഹൗസ്
അങ്കമാലി പി. ഒ.
683572

# നേതൃത്വം വഴിയും വേതകളും

ടോ. ജോസ്